UNIVERSITY LIBRARY
-4. AUG 1934
MADRAS

കൈരളി

പുസ്തകം ൧൯	൧൧൦൯ ഇടവം	ലക്കം ൨

ചോദ്യം.

[വെണ്ണിക്കുളം ഗോപാലക്കുറുപ്പ്.]

ഭാനുമദുദയത്തിൽ, സംഹാരസ്വരൂപനായ്
വാനിലക്കൊടുങ്കാറുകൾ വല്ലാതെ വട്ടംചുറ്റി;
അംബരപ്പച്ചക്കാട്ടിൽ നിന്നൊരാനകളെക്ക-
ണ്ടമ്മദാക്രാന്തൻ, ഭ്രാന്തനലറിപ്പായിപ്പിച്ചു;
അഗ്നിതൻ മാറത്ത,തിൻ സർവ്വാംഗം നടുങ്ങുമാ-
റത്യുച്ചംമുകളിൽനിന്നാഞ്ഞൊരു ചാട്ടംചാടി,
കണ്ടകനുരുണ്ടേറെ പിന്നെയും കരയ്ക്കേറി-
ക്കണ്ടമാമരമെല്ലാം താഴത്തു തട്ടിത്തള്ളി;
പായുന്നമദ്ധ്യേ, ചാമ്പൽക്കുമ്പാരമൊന്നിൽപാവം
തീയൂതിജ്ജ്വലിപ്പിച്ചു പട്ടണം വെണ്ണീറാക്കി
ക്ഷീണനായ്പ്പിന്നെപ്പിന്നെപ്പോകവേ, മൈതാനത്തിൻ
കോണിൽനിന്നൊരുകൊച്ചു പുൽക്കൊടി ചോദ്യംചെയ്തു:
“നീജയിച്ചെന്നോർത്താണോ പോവതെൻ ജഗൽപ്രാണ-
നുണ്ടിതാനിൽക്കുന്നുഞാ;-നൊക്കെയും തീർന്നോ ഗർവ്വം?”

സാഹിത്യത്തിലെ പ്രചാരവേല.

[കെ. സി.]

ഇംഗ്ലീഷിൽ 'പ്രോപ്പഗാൻഡ' (Propaganda) എന്ന വാക്കിനുള്ള അൎത്ഥത്തെയാണു് ഇവിടെ പ്രചാരവേല എന്ന പദംകൊണ്ടു വിവക്ഷിച്ചിരിക്കുന്നതു്. പ്രചാരവേല എന്ന വാക്കിന്നു് ആ അൎത്ഥം കിട്ടുകയില്ലെന്നു വല്ല പണ്ഡിതന്മാൎക്കും അഭിപ്രായമുണ്ടെങ്കിൽ ഞാൻ അവരോടു മാപ്പു ചോദിച്ചുകൊള്ളുന്നു. ലോകാരംഭംമുതൽ ഇന്നേവരെ സാഹിത്യത്തിൽകൂടി ശക്തിയായ പ്രചാരവേലകൾ നടന്നിട്ടുണ്ടെന്നു നമ്മൾ വളരെപേരും അധികം ആലോചിക്കുക പതിവില്ല. കലയിൽ ധൎമ്മാധൎമ്മവിവേചനവും കാൎയ്യാലോചനയുമൊന്നും പാടില്ല; കല കലയ്ക്കുവേണ്ടി എന്നെല്ലാമുള്ള അഭിപ്രായങ്ങൾ പ്രബലമാകയും ആ അഭിപ്രായങ്ങൾ ഏതാണ്ടു് നാം അറിഞ്ഞോ അറിയാതെയോ അംഗീകരിക്കുകയും ചെയ്യുതോടുകൂടി സാഹിത്യത്തിലെ ഗൂഢമായ പ്രചാരവേലയിലേയ്ക്കു ചുഴിഞ്ഞുനോക്കുവാൻ നമ്മുടെ കണ്ണുകൾ കൂട്ടാക്കാറുമില്ല.

കേവലം നിരുപദ്രവങ്ങളായ സ്വല്പം ചില സാഹിത്യഗ്രന്ഥങ്ങളല്ലാതെ ശേഷമുള്ളവയെല്ലാംതന്നെ ഒരാശയത്തെയോ ഒരു കാൎയ്യത്തെയോ മുൻനിൎത്തി പ്രചാരവേല ചെയ്യുന്നവയായിരിക്കും. നിരുപദ്രവങ്ങളെന്നു മുൻപറഞ്ഞു് ഒഴിവാക്കിയ ഗ്രന്ഥങ്ങളോ കൃതികളോ പോലും നിഷ്കൎഷിച്ചു പരിക്ഷിക്കുന്നപക്ഷം, പ്രചാരവേലയുടെ നേരിയ ചില അംശങ്ങൾ അടങ്ങിയവയായിക്കാണും. എന്നാൽ സാഹിത്യത്തിന്നു് ജനങ്ങളുടെ കണ്ണുപൊത്തി അവരുടെ തലയ്ക്കു കൊട്ടുവാൻ നല്ല സാമൎത്ഥ്യമുണ്ടു്. ഇതിനാണു് ഒരുവിധത്തിൽ വ്യാഖ്യാനിക്കുന്നപക്ഷം പരോക്ഷമായ കല—കലയില്ലാത്ത കല (Art without Art) എന്നു പറയാവുന്നതു്. പ്രത്യക്ഷത്തിൽ വല്ല കാൎയ്യങ്ങളെക്കുറിച്ചു പ്രചാരവേല ചെയ്യുകയാണു് ആവക ഗ്രന്ഥങ്ങളുടെ ഉദ്ദേശമെന്നു തോന്നുകയില്ലെങ്കിലും വാസ്തവത്തിൽ അവ അങ്ങനെ ചെയ്യും. ഏറാവും നിഗൂഢമായ ഒരു സാഹിത്യരഹസ്യമാണതു്.

കവിതയും സാഹിത്യവും സാൎവ്വജനീനമായിരിക്കണം, എന്നാലേ അവ ശാശ്വതസാഹിത്യങ്ങളായി ജീവിക്കുകയുള്ളു എന്നെല്ലാം ചിലർ പറയാറുണ്ടു്. ഇതു തികച്ചും വാസ്തവമല്ല; സാൎവ്വജനീനം എന്നു പറയുന്നതു് യാതൊരുതരം പ്രചാരവേലയും സ്വീകരിക്കാതെ സൎവ്വസാധാരണമായ സംഗതികളെമാത്രം പ്രതിപാദിക്കുന്നതു് എന്ന അൎത്ഥത്തിലാണു്. അങ്ങനെയുള്ള അല്പംചില കവിതകളോ സാഹിത്യഗ്രന്ഥങ്ങളോ ഉണ്ടായിരിക്കാം; അവ ശാശ്വതസാഹിത്യത്തിൽ പെട്ടുമിരിക്കാം. ഇത്രയും ഞാൻ ഊഹത്തിൽ സമ്മതിക്കുന്നതു് എൻെറ അറിവും പരിചയവും

പരിമിതമാകയാലാണ്. ഏതായാലും ഞാൻ അത്തരം കൃതികളൊന്നും കണ്ടിട്ടില്ല.

നേരെമറിച്ചു വിശ്വസാഹിത്യഗ്രന്ഥങ്ങളിൽ പലതും ഒരു തരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ പ്രചാരവേലയിൽ ആകണ്ഠം ആമഗ്നങ്ങളാകുന്നു. അവയുടെ പ്രചാരപ്രവൃത്തി, സാധാരണപത്രങ്ങളിൽ കാണാറുള്ള പരസ്യങ്ങളുടെ മാതിരി അത്ര പ്രത്യക്ഷമല്ലെന്നേയുള്ളു. അടുത്തകാലത്തായി ഈ മാതിരി പരസ്യങ്ങൾപോലും സാഹിത്യത്തോടും കലകളോടും സമീപിച്ചുവന്നുതുടങ്ങിയിരിക്കുന്നുവെന്നതിൽനിന്നുതന്നെ കാര്യത്തിൻെറ കണ്ണുകണ്ടവരായ കച്ചവടക്കാർ സാഹിത്യത്തിലെ പ്രചാരവേലകൊണ്ടുള്ള ഫലം നല്ലവണ്ണം മനസ്സിലാക്കിയിരിക്കുന്നുവെന്നുവേണം വിചാരിക്കുവാൻ.

ഈയിടെയായി ഇടയ്ക്കെല്ലാം "മദ്രാസ്‌മെയിൽ" പത്രത്തിൽ "എനോസ്‌സാൾട്' (Eno's Salt) നെക്കുറിച്ചു് ഒരു പരസ്യം കാണാറുണ്ട്. കപ്പൽപട്ടാളക്കാർ സൈനികരീതിയിൽ അണിനിരന്നു നിൽക്കുന്നു. എല്ലാവരും പട്ടാളമര്യാദ ദീക്ഷിക്കുന്നതിൽ ബദ്ധശ്രദ്ധരാണ്. കൂട്ടത്തിൽ, ഓജസ്സും ശക്തിയും പ്രസന്നതയും വിളിച്ചുപറയുന്ന മുഖഭാവത്തോടും ശരീരഘടനയോടും കൂടിയ ഒരാൾമാത്രം അല്പമൊരു പുഞ്ചിരിയോടുകൂടി ഏറുകണ്ണിട്ടു്, ദൂരെനിൽക്കുന്ന ക്യാപ്റ്റൻെറ നേരെ നോക്കുന്നു. ക്യാപ്റ്റനാകട്ടെ, "ആരാണെൻെറ 'എനോ' എടുത്തതു്?" എന്നു ചോദിക്കുകയാണ്. ഏതാണ്ടു് ഈ രീതിയിലാണു സാഹിത്യത്തിലെ പ്രചാരവേല നടക്കുന്നതു്. എന്നുവെച്ചാൽ, തുടങ്ങുമ്പോൾതന്നെ "എനോസ്" നല്ലതാണെന്നു വിളിച്ചുപറയാതെ സൂചനകൊണ്ടു കാര്യം സാധിക്കുന്നു. ഞാനൊരു വൈയാകരണനോ ആലങ്കാരികനോ മറേറാ ആയിരുന്നുവെങ്കിൽ, "മദ്രാസ്‌മെയിലി"ൽ കാണുന്ന ആ പരസ്യം ഒന്നാന്തരം കവിതയാണ്, ചിത്രകലയാണ്, അതിൽ വ്യംഗ്യമുണ്ടു്, ധ്വനിയുണ്ടു്, അപ്രസ്തുതപ്രശംസയുമുണ്ടു് എന്നും മററും സാധിക്കുമായിരുന്നു.

നമ്മുടെ എല്ലാ വാക്കുകളെയും, പ്രവൃത്തികളെയും മൂന്നു തരത്തിലായി തിരിക്കാമെന്നു തോന്നുന്നു. ഒന്നു്—ദീർഘമായ ചിന്തയുടെയും ഹൃദയവ്യാപാരങ്ങളുടെയും ഫലമായി ചെയ്യുന്ന പ്രവൃത്തി; രണ്ടു്—ജനനംമുതൽ നമുക്കുണ്ടായിട്ടുള്ള അനുഭവങ്ങളുടെയും നമ്മുടെ പരിസരങ്ങളുടെയും അപ്രത്യക്ഷമെങ്കിലും അതിപ്രബലമായ ശക്തിവിശേഷത്താൽ നാം അറിയാതെതന്നെ നമ്മുടെ മനസ്സിലും, ബുദ്ധിയിലും, ഹൃദയത്തിലും എന്തിനു്, ഓരോ സിരാതന്തുവിലും, രക്തകണത്തിലും ചേർന്നു ലയിച്ചുപോയ അഭിപ്രായങ്ങളുടെയും വിശ്വാസങ്ങളുടെയും പ്രതിഫലനരൂപമായ പ്രവൃത്തി; മൂന്നു്—മനുഷ്യവർഗ്ഗത്തിൻെറ വളർച്ചയോടൊപ്പം ഓരോ മനുഷ്യനിലും

ഉണ്ടായി വളൎന്നും തളൎന്നും വരുന്ന വാസനകൾ പ്രേരിപ്പിക്കുകയാൽ ചെയ്യുന്ന പ്രവൃത്തി. ഇതിൽ രണ്ടും മൂന്നും തരത്തിൽ പെടുന്ന പ്രവൃത്തികൾ നമ്മുടെ ചിന്താശീലത്തിൻെറ സന്താനങ്ങളല്ല. മൂന്നാമത്തെ ഇനത്തിൽ പെടുന്നവയെ ചിന്താശക്തികൊണ്ടും ജയിക്കുവാൻ വളരെ പ്രയാസമുണ്ടു്. രണ്ടാമത്തെ ഇനത്തിൽ പെടുന്ന പ്രവൃത്തികളെ നിയന്ത്രിക്കുവാനും ബുദ്ധിശക്തിക്കു വിധേയമാക്കുവാനും വിചാരശീലന്മാരും കൎമ്മനിഷ്ഠന്മാരുമായവൎക്കു് അല്പം പ്രയത്നിപ്പാൻ സാധിക്കും. എന്നാൽ ഒരു കാൎയ്യം ഇവിടെ പ്രത്യേകം ഓൎക്കേണ്ടതുണ്ടു്. മേൽപറഞ്ഞ വിഭജനം സൌകൎയ്യത്തിനുവേണ്ടി ചെയ്യുതു മാത്രമാകുന്നു. വാസ്തവത്തിൽ നമ്മുടെ പ്രവൃത്തികളെ നാം വിശകലനംചെയ്യുനോക്കുന്നതായാൽ അവ ഏതാണ്ടു്, മൂന്നുതരം പ്രവൃത്തികളുടെയും ഒരു സങ്കലനമാണെന്നു കാണാം. ഓരോ അംശത്തിനും ഏറാക്കുറച്ചിൽ ഉണ്ടാകുമെന്നു മാത്രമേ ഭേദമുള്ളു.

പ്രേമമെന്നോ പ്രണയമെന്നോ നാം വ്യവഹരിക്കുന്ന, സ്ത്രീപുരുഷന്മാർ തമ്മിലുള്ള ബന്ധം കേവലം പ്രാകൃതികമായ ഒരു വാസനയാണു്. ആദികാലങ്ങളിൽ ഒരു കവിയോ സാഹിത്യകാരനോ സ്ത്രീയും പുരുഷനും തമ്മിലുള്ള യോജിപ്പിനെ പുരസ്കരിച്ചുമാത്രം എഴുതിയിരിക്കണം. കേവലം ശൃംഗാരമായിരുന്നിരിക്കാം അദ്ദേഹത്തിൻെറ കവിതയിലെ രസം. അദ്ദേഹത്തിനു്, സമുദായസ്ഥിതിയനുസരിച്ചു ബഹുഭാൎയ്യാത്വത്തിലും വിരോധമുണ്ടായിരുന്നിരിക്കയില്ല. അതു പരിസരങ്ങളുടെ പ്രവൎത്തനഫലമാണു്.

ഏകഭാൎയ്യാവ്രതം പരിപാലിച്ചുപോരുന്ന സമുദായത്തിൽ ജീവിച്ചുപോരുന്ന ഒരു കവി ഏകപത്നീവ്രതക്കാരനായ ഒരാളുടെ പ്രണയത്തെ വൎണ്ണിക്കുന്നു. എന്നാൽ സ്ത്രീപുരുഷബന്ധത്തെയും അതിന്നു സമുദായമദ്ധ്യത്തിൽ കണ്ടുവരുന്ന ദാൎഢ്യശൈഥില്യങ്ങളെയുംകുറിച്ചു ചിന്തിച്ചു ചില അഭിപ്രായങ്ങളെല്ലാം സ്വന്തമായി രൂപീകരിച്ചിട്ടുള്ള മറെറാരാൾ പ്രണയത്തിൻെറ അസ്ഥിരതയേയും അതിന്നു് ഒരാളിൽനിന്നു തെറിച്ചു് മറെറാരാളിൽ പാറിക്കൂടുന്നതിന്നുള്ള സൌകൎയ്യങ്ങളെയും കുറിച്ചു പ്രതിപാദിക്കുന്നു. ഈ എല്ലാ സ്ഥിതികളെയും കാലങ്ങളെയും കടന്നിട്ടുള്ള ഒരു കവി മൂന്നവസ്ഥകളെയും കൂട്ടിയിണക്കുന്നു. വള്ളത്തോളിൻെറ 'രാധയുടെ കൃതാൎത്ഥത' നോക്കുക. അതിൽ കേവലം വാസനാസന്താനമായ പ്രേമം അങ്കുരിച്ചു വളൎന്നിരിക്കുന്നു. "സാന്ധ്യസൂൎയ്യനു നിറംകൂട്ടിയ കവിൾത്തട്ടിൻ സാന്ദ്രകാന്തി" കണ്ടു രാധ ആ ചെറുപ്പക്കാരനിൽ അനുരക്തയാവുന്നു. എന്നാൽ അവനോ അവളെ വെടിയുന്നു. ഇതൊരു ലോകസാധാരണമായ അനുഭവമാണു്. പ്രണയം ശാശ്വതമാണെന്ന സമുദായത്തിൻെറ ബോധം, യാഥാൎത്ഥ്യത്തെ കവിയുടെ കണ്ണുകളിൽനിന്നു മാച്ചുവാൻ ശക്തമാകുന്നില്ല. പക്ഷെ കാമുകനെസ്സംബന്ധിച്ചല്ലെങ്കിലും, രാധയെസ്സംബന്ധിച്ചു പ്രണയം ശാശ്വതംതന്നെ.

രാഷ്ട്രീയവും, സാമുദായികവും, ആത്മീയവുമായ കാര്യങ്ങളെ പ്രതിപാദിക്കുന്ന സാഹിത്യഗ്രന്ഥങ്ങളുടെ സ്ഥിതിയും മേൽപറഞ്ഞതിൽനിന്നു ഭിന്നമല്ല. നിലവിലുള്ളതൊക്കെ നല്ലതായിരുന്ന ഒരു കാലം നമുക്കുണ്ടായിരുന്നുവല്ലോ. അന്നു്, ശക്തന്മാരെയും രാജാക്കന്മാരെയും പുരോഹിതന്മാരെയും പുകഴ്ത്തിയും, അവൎക്കു വഴങ്ങിയും അവരെ വണങ്ങിയും ജീവിക്കേണ്ടുന്നതിന്റെ ആവശ്യകതയെ പ്രതിപാദിക്കുന്നതായും എത്ര കവിതകൾ, എത്ര സാഹിത്യഗ്രന്ഥങ്ങൾ പുറത്തായി? എന്നാൽ ക്രമേണ നില മാറി. പൌരോഹിത്യത്തേയും രാജശക്തിയേയും ജനങ്ങൾ ചോദ്യംചെയ്യുവാൻ തുടങ്ങി. അക്കാലത്താണു പ്രജായത്തഭരണവാദത്തെ അനുകൂലിക്കുന്ന സാഹിത്യഗ്രന്ഥങ്ങൾ ധാരാളം പ്രചരിച്ചുപോന്നതു്. ആംഗ്ലേയസാഹിത്യത്തെക്കുറിച്ചറിയുന്നവൎക്കെല്ലാം ഇത്തരം ഗ്രന്ഥങ്ങൾ പരിചിതങ്ങളായിരിക്കണം. എന്നാൽ അന്നത്തെ സമുദായം, സ്വകാൎയ്യസ്വത്തിനെ വലിയ കാൎയ്യമായി പിടിച്ചിരുന്നു. വ്യക്തികൾക്കു സ്വത്തു് കൈവശംവെക്കുവാനുള്ള അവകാശം അവർ സമുദായനന്മയ്ക്കുവേണ്ടി, വിട്ടുകൊടുക്കുവാൻ ഒരുക്കമായിരുന്നില്ല. ഈ പരിതഃസ്ഥിതികളിൽ വളൎന്നുവന്നു്, അവയുടെ കെട്ടുപാടിൽനിന്നു വിട്ടുപോരുവാൻ നിവൃത്തിയില്ലാതെ ജീവിച്ച സാഹിത്യകാരന്മാരാണു സ്വകാൎയ്യസ്വത്തിനെ വളരെക്കാലം നിൎത്തിക്കൊണ്ടുപോന്നതു്. ഇന്നു് എച്ച്. ജി. വെൽസ് മുതലായവർ സ്വകാൎയ്യസ്വത്തിൽ വിശ്വസിക്കുന്നവരല്ല. വെൽസിന്റെയും, അപ്റ്റൺ സിൻക്ലേറിന്റെയും മാക്സിം ഗോൎക്കിയുടെയും മററും സാഹിത്യഗ്രന്ഥങ്ങൾ കൂട്ടുസ്വത്തിനുവേണ്ടി പ്രചാരവേല നടത്തുന്നവയാണു്. സമുദായത്തിന്റെ ബോധത്തെ അതിക്രമിച്ചു ജയിക്കുന്ന ചിന്താശക്തിയാണു് അവരെ ഈ നൂതനസാഹിത്യസൃഷ്ടിക്കു പ്രേരിപ്പിക്കുന്നതു്.

എല്ലാ ഭാഷകളിലുമുള്ള സാഹിത്യഗ്രന്ഥങ്ങളിലും പ്രചാരവേലകളിഞ്ഞോ തെളിഞ്ഞോ കിടക്കുന്നതായി കാണാമെന്നാണു് ഇതെഴുതുന്ന ആളുടെ വിശ്വാസം. അല്പമാത്രമായിട്ടെങ്കിലും, ഇംഗ്ലീഷുസാഹിത്യവും മലയാളസാഹിത്യവുമായിട്ടേ ഞാൻ പരിചയിച്ചിട്ടുള്ളു. അതുകൊണ്ടു് അവയിൽനിന്നു ചില ഉദാഹരണങ്ങൾ എടുത്തുകാണിച്ചു് എന്റെ അഭിപ്രായം സ്ഥാപിക്കാമെന്നു വിശ്വസിക്കുന്നു. പ്രചാരവേല എന്തിനെക്കുറിച്ചെങ്കിലുമാകാം. സത്യം, ധൎമ്മം, ദയ, പ്രേമം മുതലായവയെക്കുറിച്ചു് അതാതു കാലങ്ങളിൽ നിലവിലുണ്ടായിരുന്ന ബോധമായിരിക്കും ചിലപ്പോൾ പ്രചാരവേലയുടെ വിഷയം. വേറെ ചിലപ്പോൾ മതകാൎയ്യങ്ങളും രാജ്യകാൎയ്യങ്ങളുമായിരിക്കും.

ഷേക്സ്പിയർ മഹാകവിയെക്കുറിച്ചു് അധികമൊന്നും പറയുവാനില്ല. അദ്ദേഹം ഒരു ലോകത്തെത്തന്നെയാണു തന്റെ കൃതികളിൽ പ്രതി

ഫലിപ്പിച്ചിട്ടുള്ളതു്. ഷേക്സ്പിയരുടെ നാടകങ്ങളിൽ ഷേക്സ്പിയരെ കാണുവാനേയില്ല; അദ്ദേഹത്തിൻെറ ഓരോ സൃഷ്ടിയും അതാതു് അവസ്ഥകളുടെ തന്മയീഭാവമാണ്. എങ്കിലും നാടകങ്ങളുടെ രചനയും സമ്പ്രദായവും നോക്കിയാൽ, ഒരു ധൎമ്മബോധം, സത്യത്തിലൊരു വിശ്വാസം പ്രചരിപ്പിക്കുകയാണ് അവ ചെയ്യുന്നതു് എന്നു പറയാവുന്നതാണ്. അവിടെനിന്നിങ്ങോട്ടു കടന്നാൽ സകല സാഹിത്യകാരന്മാരും ഉറച്ച പ്രചാരവേലയിലേയ്ക്കു കാൽവെയ്ക്കുന്നതു കാണാം. മിൽടൻെറ "പ്യൂറിട്ടൻ" (Puritan) സിദ്ധാന്തങ്ങൾ ഏതു കൃതിയിലും അദ്ദേഹം പൊന്തിച്ചുകാണിക്കുന്നു. അലക്സാൻഡർ പോപ്പ് അക്കാലത്തുണ്ടായിരുന്ന പരക്കെ സമ്മതങ്ങളായിരുന്ന അഭിപ്രായങ്ങൾ പ്രചരിപ്പിക്കുക മാത്രമാണു ചെയ്തതു്. "എല്ലാവരും വിചാരിച്ചുകൊണ്ടിരിക്കുന്നതും പക്ഷെ ആക്കും ഇത്ര ഭംഗിയായി പറയുവാൻ കഴിഞ്ഞിട്ടില്ലാത്തതും" ആണു കവിതയെന്നുകൂടി അദ്ദേഹം പറഞ്ഞിട്ടുണ്ട്. ജോൺസൻ ഒരു സാഹിത്യകാരനെന്നതിനേക്കാൾ ഒരു ധൎമ്മതത്വപ്രചാരകൻ എന്ന പേരാണ് അൎഹിക്കുന്നതു്. പത്തൊമ്പതാം ശതാബ്ദമാകുമ്പോഴെക്കും സാഹിത്യത്തിൻെറ പ്രചാരസ്വരൂപം അധികമധികം വ്യക്തമാകുവാൻ തുടങ്ങി. "ഒലിവർ ട്വിസ്റ്റ്", "നിക്കളസ് നിക്ക്ൾബി" തുടങ്ങിയഡിക്കൻസിൻെറ നോവലുകൾ അക്കാലത്തെ വിദ്യാൎത്ഥികളുടെ സങ്കടങ്ങൾ എത്ര ഹൃദയസ്പൃക്കാംവിധം വിവരിക്കുന്നു; അവയുടെ പരിഹാരത്തിന്നായി എത്ര ശക്തിയോടെ ആവശ്യപ്പെടുന്നു! മോറിസ് ഒരു പുതിയ ലോകത്തെ സ്വപ്നം കണ്ടു. വെൽസും ബെർണാഡ്ഷായും പുതിയ ലോകത്തിൻെറ ആവിർഭാവത്തിന്നായി തങ്ങളുടെ സാഹിത്യഗ്രന്ഥങ്ങളിലൂടെ പ്രചാരവേല നിൎവ്വഹിച്ചുപോരുന്നു. വിശ്വസാഹിത്യത്തിലെ അക്ഷയനിധികൾ എന്നു മലയാളികൾക്കുകൂടി ഇപ്പോൾ പറയുമാറായിട്ടുള്ള വിക്ടർ യൂഗോവിൻെറ കൃതികൾ പ്രചാരവേലചെയ്യുവാൻതന്നെയാണ് അദ്ദേഹം ഉദ്ദേശിച്ചിട്ടുള്ളതു്. തൻെറ ഒരു കൃതിയുടെ മുഖവുരയിൽ അദ്ദേഹം ആ സംഗതി രേഖപ്പെടുത്തിട്ടുണ്ട്. മനുഷ്യനു മൂന്നുവിധം എതിർശക്തികളോടാണു നേരിടേണ്ടിവരുന്നതു്. ഒന്നു പ്രകൃതി, ഒന്നു മതം, ഒന്നു സമുദായം. ഈ മൂന്നു എതിർശക്തികളുടെയും പ്രവൎത്തനങ്ങളെയത്രേ താൻ, "ടോയിലേഴ്സ് ഓഫ് ദി സീ" (Toilers of the sea) "ഹഞ്ച് ബേക് ഓഫ് നോത്തർ ദാം" (Hunch-back of Notre-Dame) "ലെ മിസറബ്ൾ" (Les Miserables) എന്നീ ഗ്രന്ഥങ്ങളിൽ വിവരിച്ചിരിക്കുന്നതു് എന്നു വിക്ടർ യൂഗോ പറയുന്നു. റഷ്യൻ സാഹിത്യകാരനായ മാക്സിം ഗോൎക്കിയും, അമേരിക്കൻ സാഹിത്യകാരനായ അപ്ററൺ സിൻക്ലേയും ശ്രമിക്കുന്നതു്, സ്ഥിതിസമത്വവാദം ലോകത്തിൽ ദൃഢപ്രതിഷ്ഠമാക്കുവാനാണ്. അതി

ന്നാവശ്യമായ വിപ്ലവങ്ങളെയും പണിമുടക്കങ്ങളെയും സഹായിക്കുമാറ് എഴുതീട്ടുള്ളവയാണ് അവരുടെ സാഹിത്യഗ്രന്ഥങ്ങൾ. ഈ ഗ്രന്ഥങ്ങളെല്ലാംതന്നെ, അവയിൽ പ്രചാരവേലയുണ്ടെന്ന കാരണംകൊണ്ട്, ഉത്തമസാഹിത്യഗ്രന്ഥങ്ങളല്ലാതെ പോകുന്നില്ല. അടുത്തകാലത്തു ലക്ഷക്കണെക്കിൽ ചിലവായിട്ടുള്ള ഒരു പുസ്തകമാണ്, റെമാക്ക് (Maria Remerque) "ആറം കചയററ് ഓൺ ദി വെസ്റ്റേൺ ഫ്രണ്ട്." (All quite on the western Front) മഹായുദ്ധത്തിന്റെ ഭയങ്കരതയെ നഗ്നമായ നിലയിൽ പ്രത്യക്ഷപ്പെടുത്തിത്തരുന്ന ഈ പുസ്തകത്തിൽ, നിരായുധീകരണത്തെയോ ലോകസമാധാനത്തെയോ കുറിച്ചുള്ള പ്രസംഗങ്ങൾ ഇല്ലെങ്കിലും, ലോകസമാധാനത്തിന്ന്, ജനീവയിൽക്കൂടിവരുന്ന നിരായുധീകരണസമ്മേളനത്തേക്കാൾ അത് എത്രയോ അധികം പ്രയോജകീഭവിക്കുമെന്നതിന്നു സംശയമില്ല. അത്രക്കു ശക്തിയുള്ളതാണ് അപ്രത്യക്ഷമായ പ്രചാരവേല.

ബ്രാഹ്മണഭക്തിയും ഈശ്വരഭക്തിയും ജനങ്ങളിൽ വളൎത്തുവാൻ ശക്തിയേറിയ പ്രചാരവേല ചെയ്യുന്ന ഗ്രന്ഥങ്ങളിൽ തുഞ്ചത്തു രാമാനുജാചാൎയ്യന്റെ ഗ്രന്ഥത്തെ കവച്ചുവെയ്ക്കുവാൻ കെല്പുള്ള വല്ലതുമുണ്ടോ എന്നു സംശയമാണ്. പാരമ്പൎയ്യത്തിന്റെയും പരിസരങ്ങളുടെയും ഫലമായി നാം ആലോചിക്കാതെ അബദ്ധത്തിൽ ചാടുന്നതിന്നുള്ള ഉത്തമോദാഹരണമാണ് എഴുത്തച്ഛന്റെ കൃതികൾ. ബ്രാഹ്മണരുടെ കയ്യാൽ അനല്പമായ ബുദ്ധിമുട്ടുകളും സങ്കടങ്ങളും അനുഭവിക്കേണ്ടിവന്ന ഒരാളാണ് എഴുത്തച്ഛനെന്നത്രെ ഐതിഹ്യം. അടുത്തകാലത്തുകൂടി ബ്രാഹ്മണേതരർ ബ്രാഹ്മണരിൽനിന്ന് അനുഭവിക്കേണ്ടിവന്ന സങ്കടങ്ങളെയോൎത്താൽ ആ ഐതിഹ്യം ശരിയാണെന്നുതന്നെ വിചാരിക്കണം. എന്നിട്ടും ഉപദ്രവത്തിന്നുപകരം ഉപകാരം ചെയ്യുകയെന്ന കൃത്യം ഇത്ര മുഴുക്കെ നിൎവ്വഹിച്ച എഴുത്തച്ഛനോടു നമ്മുടെ നാട്ടിലെ ബ്രാഹ്മണർ എത്രമേൽ കൃതജ്ഞരായിരിക്കണം? രാമായണത്തിലും, ഭാരതത്തിലും, ബ്രാഹ്മണൎക്കും ദൈവത്തിന്നും വേണ്ടിയുള്ള പ്രചാരവേലകൂടി അടങ്ങിയിരിക്കുന്നുവെന്നതിന്ന് ഉദാഹരണങ്ങൾ ആവശ്യമാണെന്നു തോന്നുന്നില്ല. എഴുത്തച്ഛന്റെ ഏതാനും വരികൾമാത്രം ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ.

ബ്രാഹ്മണൻ തന്നംഘ്രി ജാതനായതു ശൂദ്രനല്ലൊ
കൎമ്മങ്ങളവനേതുമില്ലല്ലൊ നിരൂപിച്ചാൽ
ദാസനായ് ദ്വിജകുല പാദസേവയും ചെയ്തു
വാസനയിലെ ശേഷാംവൃത്തിയും കഴിക്കേണം
ബ്രാഹ്മണാജ്ഞയായജ്ഞ പശുഹിംസയും ചെയ്താൽ
കാമ്യമായുള്ളതൊക്കെ സാധിക്കുമനുഗ്രഹാൽ

രാജാവിനോടുവൃത്തികൂത്ഥവുംവാങ്ങി പുന
രാജിയിൽ മരിക്കയും കൊൽകയും ചെയ്യാമല്ലൊ

* * *

ആരണൎക്കൊരുദുഃഖം കാണുമ്പോളതുതീൎപ്പാൻ
പ്രാണത്യാഗത്തെച്ചെയ്തു സൽഗതി ലഭിക്കേണം.

* * *

കുഞ്ചൻനമ്പ്യാരുടെ തുള്ളലുകൾ, അവയുടെ വൈവിധ്യത്താലും, അവ ലോകത്തിൻെറ ചെറിയൊരു പതിപ്പാവുകയാലും, ഷെക്സ്പിയരുടെ നാടകങ്ങളെയാണനുസ്മരിപ്പിക്കുന്നതു്. എങ്കിലും അവയിലും പ്രചാര വേല ഇല്ലാതെയല്ല. അദ്ദേഹത്തിൻെറ ശ്രീകൃഷ്ണചരിതം മണിപ്രവാള ത്തിൽ ബ്രാഹ്മണസ്തുതി എത്രയോ സുലഭമാണുതാനും. ഉദാഹരണങ്ങൾ ഉദ്ധരിക്കേണ്ടതുണ്ടെന്നു തോന്നുന്നില്ല.

അടുത്തകാലത്തായി മലയാളഭാഷയിൽ പ്രചാരണസാഹിത്യം വളരെ വൎദ്ധിച്ചിട്ടുണ്ടു്. ഉദാഹരണങ്ങൾ എടുത്തു കാണിക്കുന്നതിൽ ഒരു വലിയ വൈഷമ്യം ലേഖകനെ എതിരിടുന്നു. ഉത്തമസാഹിത്യഗ്ര ന്ഥങ്ങളിലെ പ്രചാരവേല അപ്രത്യക്ഷമാണെന്നു പറഞ്ഞുവല്ലൊ. പ്രത്യ ക്ഷമായ പ്രചാരവേല താരതമ്യേന നിസ്സാരമായിട്ടേ ഗണിക്കാനുള്ളു. അപ്രത്യക്ഷമായ പ്രചാരവേലയ്ക്കാണു ശക്തി അധികമുള്ളതു്. പക്ഷേ അതു് ഓരോ കൃതിയേയും ആദ്യന്തം ആവരണം ചെയ്യുന്ന 'അന്തരീക്ഷ' (atmosphere) ത്തിലാണു കിടക്കുന്നതു്. അല്ലാതെ അതു വേറിട്ടെടുത്തുകാ ണിക്കുവാൻ നിൎവ്വാഹമില്ല. മുമ്പു് പറഞ്ഞ റിമാൎക്കിൻെറ പുസ്തകത്തിൽ നിന്നു യുദ്ധത്തെ എതിൎക്കുന്ന ഭാഗങ്ങൾ എടുത്തുകാണിക്കുവാൻ പ്രയാ സപ്പെട്ടം— എങ്കിലും നിരായുധീകരണസമ്മേളനത്തിൽ നടന്ന സകല പ്രസംഗങ്ങളും വായിച്ചാൽപോലും, റീമാൎക്കിൻെറ പുസ്തകം വായിച്ചാലു ണ്ടാകുന്ന സമാധാനതൃഷ്ണയുടെ ശതാംശമെങ്കിലും ഒരു സാധാരണക്കാര നുണ്ടാവുന്നതല്ല. അതുകൊണ്ടു്, ഇവിടെ ഉദ്ധരിക്കപ്പെടാത്തവയെങ്കി ലും ഉൽകൃഷ്ടമായ പ്രചാരവേല അടങ്ങിയ കൃതികൾ, ഈ ലേഖകന്നു് അറിവുള്ളവതന്നെ, വേറെയും ധാരാളമുണ്ടെന്നുകൂടി, പ്രസംഗവശാൽ ഇ വിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

ശ്രീമാൻ ജി. ശങ്കരക്കുറപ്പു്, നിലമ്പൂർ സാഹിത്യപരിഷത്തു സ മ്മേളനത്തിൽവെച്ചുചെയ്ത പ്രസംഗത്തിൽ പറഞ്ഞതുപോലെ 'പുല ക്കളി' സാഹിത്യത്തിൽ കടന്നതു് സാഹിത്യനടപ്പിൽ ഈയിടെ ഉണ്ടായ നവോദയത്തിൻെറ ഫലമായിട്ടാകുന്നു. ആ ഉദയം ഒരു പ്രചാരവേല യാണു്; ഒരു പ്രചാരവേലയുടെ ഫലവുമാണു്. അധഃസ്ഥിതരെന്നു

പറഞ്ഞുകൂററിയിരുന്ന ഒരു വലിയ ജനവിഭാഗത്തിന്റെ ഉദ്ധാരണത്തിന്നായി ഇന്നൊരു വലിയ പരിശ്രമം നടന്നു വരുന്നുണ്ടെങ്കിൽ, അതിന് സാഹിത്യം വാഗ്ഗമ്യമായ സാഹായ്യം നൽകിട്ടുണ്ടെന്ന പരമാത്ഥം ആരെങ്കിലും നിഷേധിക്കുമോ?

ബ്രഹ്മഷിമാർ മുഖ്യനെ മുക്കുവത്തി
പെറേറാരു പുണ്യക്ഷിതിമണ്ഡലത്തിൽ
അഹോ മനുഷ്യന്നു മനുഷ്യനോട്ട
സാമീപ്യസമ്പക്ക മധമ്മമായി!

(വള്ളത്തോൾ)

നരനു നരനശുദ്ധവസ്തുപോലും
ധരയിൽ നടപ്പതു തീണ്ടലാണുപോലും!

(ആശാൻ)

കണ്ണിന്നു തീണ്ടോതിടുവാൻ മറന്ന
കാലേയകാലം കനിവററതല്ല!

(ഉള്ളൂർ)

എന്നിങ്ങിനെ അക്ഷരമറിയാവുന്നവരും അല്ലാത്തവരുമായ കേരളീയർ വളരെപ്പേർ ഉച്ചരിക്കുന്ന പദ്യഖണ്ഡങ്ങൾ, കേരളത്തിലെ അയിത്തോച്ചാടനപരിശ്രമത്തിൽ എത്രമാത്രം സഹായിച്ചിട്ടില്ല! "ഒരു കാശൊരുകാശു്", "രണ്ടു ചെറുമക്കുട്ടികൾ", "മഴയത്തൊരു നടത്തം", "മാറ്", "താരകോപദേശം" മുതലായി അനേകം മററു കൃതികളെയും ഞാൻ സ്മരിക്കുന്നു. സാമുദായികൈക്യത്തെയും, സങ്കലനവിവാഹത്തെയും മുൻനിത്തിക്കൊണ്ടുള്ള ചെറുകഥകളും നോവലുകളും ചെയ്ത സാഹായ്യവും വിസ്മരിക്കാവതല്ല.

രാഷ്ട്രീയമായി നോക്കുന്നപക്ഷം, ഭാരതസ്വാതന്ത്ര്യത്തിനുവേണ്ടി നടക്കുന്ന സമരത്തിൽ, കേരളം വഹിച്ച അഭിമാനകരമായ പങ്കിൽ ഒരു വലിയ കൂറിന്നും ഉത്തരവാദി മഹാകവി വള്ളത്തോളാണെന്നതു നിസ്തക്കമായ ഒരു വാസ്തവമാണ്. മഹാകവി എഴുതിയ രാഷ്ട്രീയകവിതകൾ പോകട്ടെ; "കിളിക്കൊഞ്ചലി"ലെ

ബന്ധുരകാഞ്ചനക്കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെപാരിൽ

എന്ന വരികൾ എത്ര ഹൃദയത്തെ ഭാരതസ്വാതന്ത്ര്യത്തിനു പ്രയത്നിക്കുന്നവരാക്കീട്ടുണ്ട്? രാഷ്ട്രീയകാര്യങ്ങളെ മുൻനിത്തി എഴുതിട്ടുള്ള കവിതകൾക്ക് ചിരസ്ഥായിത്വമില്ലെന്നു ചിലരെല്ലാം പറയുന്നതു കേട്ടിട്ടുണ്ട്. എന്നാൽ ആ അഭിപ്രായം ക്ഷണികങ്ങളും ആസന്നഭാവിയിൽ വിസ്മ

തങ്ങളാവുന്നവയും ആയ രാഷ്ട്രീയസംഭവങ്ങളെ പ്രതിപാദിക്കുന്ന കൃതികൾക്കുമാത്രമേ ബാധകമാവുകയുള്ളൂ. രാഷ്ട്രീയകാൎയ്യങ്ങൾക്കും സാൎവ്വലൌകികവും സാൎവ്വകാലികവുമായ ഒരു വശം കണ്ടെത്തുവാൻ ഉത്തമസാഹിത്യത്തിന്നു സാധിക്കുമെന്നും നാം ഓൎക്കേണ്ടിയിരിക്കുന്നു.

ഈ നിലയിൽ തുടൎന്നെഴുതുന്നപക്ഷം ഇന്നത്തെ സാഹിത്യം ചെയ്യുന്ന ശക്തിമത്തായ പ്രചാരവേലയെക്കുറിച്ചു വളരെയധികം പറയുവാനുണ്ട്. മതം, സ്ത്രീപുരുഷബന്ധം, ദൈവവിശ്വാസം, സമുദായനീതി മുതലായവയെല്ലാം മെല്ലെയെങ്കിലും തീൎച്ചയായും മാററിമറിച്ചുകൊണ്ടിരിക്കുന്നുണ്ടെന്നുമാത്രം തൽക്കാലം പറഞ്ഞു സമാപിപ്പിച്ചു കൊള്ളട്ടെ.

സാഹിത്യവും സമുദായവും

[പള്ളത്ത് രാമൻ.]

മനുഷ്യചിന്തകളുടെ സമാഹാരസ്വരൂപമാണ് സാഹിത്യം. കാലം കടഞ്ഞെടുക്കുന്ന അമൃതമാണ് സാഹിത്യം. മഹനീയങ്ങളായ ആദർശങ്ങളെ സൃഷ്ടിച്ച്, അവയുടെ സന്നിധാനത്തിലേയ്ക്ക് നമ്മെ ആനയിക്കുന്ന ആ കാഹളവിളിയ്ക്ക് മനുഷ്യസിരകളെ ഇളക്കിത്തിക്കുന്നതിനുള്ള കരുത്തുണ്ട്. സാഹിത്യമഹാവൃക്ഷത്തിൽ പല ചിന്തകന്മാരുടെയും ഭാവനകളാകുന്ന വിവിധപുഷ്പങ്ങൾ വിവധവർണ്ണങ്ങളിൽ വിരിഞ്ഞു നില്ക്കുന്നു.

സാഹിത്യത്തിനും സമുദായത്തിനും തമ്മിൽ അഭേദ്യമായ ബന്ധം ഉണ്ട്. ഒരു രാജ്യത്തിലെ സാഹിത്യം പരിശോധിച്ചാൽ അതിലെ നിവാസികളുടെ മാനസികമായ ഔന്നത്യം അളക്കാം. (Age of Chivalry) എന്നു പറയാവുന്ന കേരളത്തിലെ വീരയോദ്ധാക്കളുടെ കാലത്തെ അനുസ്മരിപ്പിക്കുന്ന തച്ചോള്ളിപ്പാട്ടുകൾ പരിശോധിക്കുക. Amazons എന്ന യവനവിരാംഗനമാരുടെ പകർപ്പുകളായ ഉണ്ണിയാർച്ച, മാതുക്കുട്ടി തുടങ്ങിയ മലനാട്ടുമങ്കമാരെയും, തച്ചോള്ളി ഒതേനൻ, ആരോമലുണ്ണി തുടങ്ങിയ വീരകേസരികളെയും (?) നാം അഭിമാനപൂർവ്വം സ്മരിക്കുവാനിടവരുത്തുന്ന ആ വീരഗാനങ്ങളുടെ പ്രചോദനശക്തി നോക്കുക. ഉത്തേജകങ്ങളായ കവനങ്ങൾ ദേശാഭിമാനത്തെ ഉജ്ജ്വലിപ്പിച്ച്, എത്രയോ വീരഭടന്മാരെ പടക്കളത്തിലേയ്ക്ക് പായിച്ചിട്ടുണ്ട്.

ചില വീരകവനങ്ങളുടെ മാന്ത്രികശക്തിയാൽ അങ്കക്കലി കൊണ്ട്, കൈവാളിളക്കി പ്രാണനെ തൃണപ്രായമാക്കിയിട്ടിട്ടുള്ള വീരാപദാനങ്ങൾ നമുക്കു പുത്തരിയല്ല.

അധർമ്മത്തിൽനിന്നു മനുഷ്യഹസ്തങ്ങളെപ്പിടിച്ചു മാററുന്നതിനും, ദുഷ്പ്രഭുത്വത്തിന്റെ കൂമ്പ് നുള്ളിക്കളയുന്നതിനും സാഹിത്യത്തിനുള്ള ശക്തി കുറച്ചൊന്നുമല്ല. ഇങ്ങനെ മനുഷ്യജീവിതത്തിന്റെ ഓരോ കവാടത്തെയും തട്ടിത്തുറന്ന് പ്രാപ്യസ്ഥാനത്തേയ്ക്ക് എത്തിച്ചേരുന്ന സാഹിത്യം സമാരാധ്യംതന്നെ.

ജനസമുദായത്തിന്റെമേൽ സാഹിത്യത്തിനുള്ള ശക്തി കണ്ടറിഞ്ഞ ബുദ്ധിശാലികൾ സാഹിത്യത്തെ സ്വാത്മത്തിന്റെ പിടിയിൽ പെടുത്തി പ്രചരണവേലയ്ക്കു വിട്ടതിന്റെ ഫലമാണ് ഇന്നു ഭാരതം കൈയ്യോടെ അനുഭവിക്കുന്നതു്. അനാചാരങ്ങളുടെ ആജ്ഞാശക്തിയ്ക്ക് അടിമപ്പെട്ട്, കേവലം കീടങ്ങളെപ്പോലെ നിലത്തടിഞ്ഞിരുന്ന മനുഷ്യസമുദായത്തെ കൈകൊടുത്ത് കരകയററുവാൻ ഗൗതമബുദ്ധൻ—“ചൊരു ചെ

കോൽ ധരിക്കേണ്ട തൃക്കൈയിൽ ചട്ടിയേന്തിയ ദേവ നമസ്കാരം!"—അവതരിച്ചു. കർമ്മകാണ്ഡമാകുന്ന വങ്കാട്ടിൽ പുളച്ച കടുവയെ നായാടുകയായിരുന്നു ഈ നവീനധർമ്മം ചെയ്തിരുന്നതു്. പൌരോഹിത്യത്തിൻെറ നട്ടെല്ലു പൊട്ടിത്തെറിച്ചു; ആചാരം വെറും ചാരമായി!

"ജാതിമേധാവിത്വത്തെജ്ജയിപ്പാനനാചാര-
പ്പാതിരാവിരുളിനെ മിന്നൽപോൽ പിളരുവാൻ,"

അഹിംസാധർമ്മായുധം ധരിച്ചു് സ്നേഹസാമ്രാജ്യത്തെ അവിടുന്നു വെട്ടിപ്പിടിച്ചു. സന്മാർഗ്ഗബോധത്തെ നട്ടുവളർത്തുന്നതും, സമഭാവനയെ പോഷിപ്പിക്കുന്നതുമായ സാഹിത്യപ്രവാഹമാണു് അന്നു് ആസേതുഹിമാചലം അലച്ചു തള്ളിയതു്. ആ ബൌദ്ധസാഹിത്യം പൊതുജനസിരകളിൽ ചൈതന്യം വാരിവർഷിക്കത്തക്കവിധം 'നാടോടി'ഭാഷയിൽ നിർമ്മിതമായിരുന്നു. ധർമ്മപദം തുടങ്ങിയ ഉൽകൃഷ്ടസാഹിത്യങ്ങൾ അന്നു വിളഞ്ഞു. ദിവ്യാപദാനകഥകളുടെ പരിമളം പാലിഭാഷയിൽക്കൂടി സഹ്യപർവ്വതപാർശ്വത്തിൽപോലും പരന്നു. ഇന്നത്തെ പരശുരാമക്ഷേത്രത്തിൽ ധർമ്മശംഖൊലിയാണു് മുഴങ്ങിക്കേട്ടിരുന്നതു്. കടിച്ചാൽ പൊട്ടാത്ത സംസ്കൃതപദങ്ങളുടെ കർമ്മട്ടമായ വേദശാസ്ത്രാദികളുടെ സഹായംകൂടാതെതന്നെ സന്മാർഗ്ഗബോധവും കൃത്യാകൃത്യവിവേകവും ജനതതിയ്ക്കു് ഉളവാകുവാൻ ആ ഉൽകൃഷ്ടസാഹിത്യം സഹായിച്ചു. പാവനിയായ ആ പാലിഭാഷ—ഭാരതീയജിഹ്വകളിൽ ഒരു കാലം കളിയാടിയിരുന്ന ആ ലളിതകോമളവാണി—ഇന്നും സജീവയായിരുന്നെങ്കിൽ—ഹിന്ദിയുടെ സ്ഥാനം കൈയ്ക്കലാക്കിയിരുന്നെങ്കിൽ, ഹാ—ആ സാഹിത്യഭണ്ഡാഗാരം-പറയനും മറയോനും ഭേദംകൂടാതെ കടന്നുവാരിയെടുക്കാവുന്ന ആ ബൌദ്ധസാഹിത്യനിധി—ഇന്നു് എത്ര ആദരണീയമാകുമായിരുന്നു!

ഇതാ പൂർവ്വദിക്ചക്രവാളത്തിൽ, കാറപിടിച്ച ആ വിണ്ടലം ഇതാ വീണ്ടും പൌരസ്ത്യപ്രഭാപടലം പാളിനോക്കുന്നു. കവികോകിലമായ ആശാൻെറ തേനൊലിപ്പാട്ടുകളിൽക്കൂടി നാം ബൌദ്ധസാഹിത്യത്തിൻെറ സ്വാദറിയുന്നു. ചണ്ഡാലഭിക്ഷുകി തുടങ്ങിയ ബൌദ്ധസാഹിത്യമഞ്ജരിയിലെ മധു നാം ആസ്വദിച്ചുതുടങ്ങി. പൌരാണികങ്ങളായ വൈഷ്ണവകഥകളെ തിരിച്ചും മറിച്ചും ഉപയോഗിക്കുന്ന മയക്കുപണിക്കു പൂർണ്ണവിരാമം ഇടാറായി. മനുഷ്യനും മനുഷ്യനും തമ്മിൽ അകൽച്ചയെ അടിയുറപ്പിക്കുന്നകൃത്രിമസാഹിത്യത്തിൻെറ ഊർദ്ധ്വശ്വാസം നാം കേട്ടുതുടങ്ങി. ബൌദ്ധസാഹിത്യം അതിൻെറ നീണ്ടനിദ്രയിൽനിന്നു്, നിവന്നു കൺമിഴിച്ചു ജനതതിയെത്തട്ടിയുണർത്തുകയായി! കർമ്മാനുഷ്ഠാനത്തിലോ മന്ത്രോച്ചാരണത്തിലോ അല്ല ആത്മശുദ്ധിയെന്നു വിളിച്ചുപറയുന്ന ആ

ശാശ്വതസന്ദേശം സാഹിത്യമാരുതനിൽക്കൂടി നാം വീണ്ടും വീണ്ടും ശ്രവിക്കുമാറാകട്ടെ!

ബുദ്ധമതം ക്ഷയിക്കുകയും, ബ്രാഹ്മണ്യം തട്ടിത്താഴ്ത്തിയ അതിന്റെ തല വീണ്ടും ഉയത്തുകയും ചെയ്തപ്പോൾ, വൈഷ്ണവമതത്തെ പ്രചാരണം ചെയ്യുന്നതിനു്, പാതിരിമാരെപ്പോലെ, പുറപ്പെട്ട ചില നയശാലികളുടെ സൃഷ്ടിയാണു് പുരാണങ്ങൾ. വാസനാനുഗൃഹീതരായ കവികളെ രാജശക്തികൊണ്ടു് അധീനതയിലാക്കി വിഷ്ണുശക്തിയെ വാഴ്ത്തുന്നതും രത്നസിദ്ധാന്തത്തെപ്പുലത്തുന്നതുമായ സാഹിത്യപരമ്പരകളെ വഴിക്കുവഴി വിതരണംചെയ്തു. ഒരു വെറും പ്രചാരണവേലയാണു് പുരാണങ്ങൾ. * രാമായണം, ഭാരതം, ഭാഗവതം തുടങ്ങിയ ഗ്രന്ഥങ്ങളുടെ ആവിർഭാവംനിമിത്തം ഭക്തിയോഗത്തിനു പ്രാധാന്യം കല്പിക്കുകയും ജാതിമതാചാരക്കോട്ടയെ കെട്ടതീത്തു് കെട്ടിയുറപ്പിക്കുകയും ചെയ്തു. ഭാരതത്തിൽ നെടുനീളെ അവതാരകഥകൾ നാനാരൂപത്തിൽ പ്രചരിച്ചുതുടങ്ങി. പാത്ഥസാരഥിയുടെ മുഖത്തുനിന്നു പുറപ്പെട്ട അമൃതവാഹിനിയായ ഗീതപോലും ജാതിയുടെ—ചാതുവ്വണ്യത്തിന്റെ—മഹിമയെ കെട്ടിയുറപ്പിക്കുകയാണു് ചെയ്തതു്.

അങ്ങനെ അവതാരപുരുഷന്മാരുടേയും അനേകശതം ദേവന്മാരുടേയും നേരെ ഒരന്ധഭക്തി വിഷൂചികാണുക്കൾപോലെ എങ്ങും സംക്രമിച്ചു മനുഷ്യന്റെ മനോദൌർബല്യത്തിനു കാരണമാക്കിത്തീത്തു. എന്തിനേറെ? ഒരു വ്യാഴവട്ടക്കാലം മുമ്പുവരെ, കീത്തനശ്ലോകങ്ങൾ കേരളഭാഷയിൽ കിടന്നു പുളയ്ക്കുകയല്ലേ ചെയ്തിരുന്നതു്? നമ്മുടെ അദ്ധ്യാത്മചിന്തകനായ ആശാൻ പോലും ഒരു കാലത്തു കീത്തനശ്ലോകങ്ങൾ മൂളിക്കൊണ്ടിരുന്നില്ലേ? ഒരഷ്ടകമോ ശതകമോ എഴുതാതെ കവിയാകാൻ സാധിക്കുമായിരുന്നുവോ? 'അംബോപദേശം' എഴുതിയാലേ കവിയാവൂ, എന്നുണ്ടായിരുന്നതുപോലെയോ മറ്റൊ ഈ 'ഭഗവൽഭ്രാന്തു്' സാഹിത്യത്തിൽ വല്ലാതെ ബാധിച്ചിരുന്നു. ദേവിയെ നഗ്നമായി ആപാദചൂഡം വണ്ണിച്ചുവിടുന്ന വിടസ്വഭാവംപോലും വരകവികളുടെ ഭക്തിപ്രദശനമായിരുന്നു. ശിവൻ പാവ്വതിയെപ്പുണരുന്നതും, വിഷ്ണു മലർമങ്കയെ മാറിലണച്ചു തലോടുന്നതും മററും മാററും വണ്ണിച്ചേ നമ്മുടെ കവികൾക്കു മതിയാകയുള്ളു. ഇന്നു് ഒരു വള്ളത്തോളോ ഉള്ളൂരോ അത്തരം സ്തോത്രങ്ങൾ വരച്ചുവിടുവാൻ മഷി ചെലവാക്കുമെന്നു തോന്നുന്നില്ല! കാലം മാറിയ മാററം! ഇംഗ്ലീഷുഭാഷയുടെ പടച്ചയും, ബൌദ്ധസാഹിത്യത്തിന്റ

* ബുദ്ധമതാവതാരത്തിനു ശേഷമാണു രാമായണഭാരതാദികൾ ഉണ്ടായതെന്ന വാദം പ്രാമാദികമാണെന്നു തോന്നുന്നു. —കെ. പ.

തിരനോട്ടവും, ടാഗോർസാഹിത്യത്തിൻെറ കാററവീശലും എല്ലാംകൂടി യായിരിക്കാം ഇന്നത്തെ സാഹിത്യത്തിൻെറ സൃഷ്ടിക്കുള്ള ചടങ്ങുകൾ തയ്യാറാക്കിവരുന്നതു്.

ഈ സ്തോത്രസാഹിത്യംകൊണ്ടു്, പൊതുജനങ്ങൾ വെറും അന്ധ ഭക്തിയിൽ കിടന്നു ക്ലേശം വലിക്കുകയായിരുന്നു. നവീനാശയങ്ങളുടെ നിഴലാട്ടംപോലും ഉണ്ടായിരുന്നില്ല. ഇന്നു്, പുതുചിന്തകൾ, പുതുചൈതന്യം, പുതുസാഹിത്യം ഇങ്ങനെ എല്ലാം പുതുതായി പുലർന്നിരിക്കുന്നു.

നമ്മുടെ മഹാകവികളുടെ കാവ്യമഞ്ജുഷയിൽ ഒന്നു കൈയിടുക! അതിൽ ആമ്പലും തണ്ടാരുമല്ല, പനിനീർപൂവു്, പോരെങ്കിൽ "ലില്ലി" ഇവയൊക്കെയാണു നാം കാണുന്നതു്. പഴയതിനോടു് ഒരു വിരക്തിയും പുതിയതിനോടു് ഒരു പ്രതിപത്തിയും നാം കാണുന്നതു് നിശ്ചയമായും ഒരുൽകൃഷ്ടസാഹിത്യത്തിൻെറ അരുണോദയത്തെയാണു് സൂചിപ്പിക്കുന്നതു്. ഉള്ളുരുകി അക്ഷരരൂപത്തിൽ പുറപ്പെട്ടതാണു് ആശാൻെറ ചില സാമുദായികകവനങ്ങൾ! ജാതിക്കവിതകളെന്നു ജാതിക്കോരമങ്ങൾ ആക്ഷേപിക്കുന്നതിനെ ആരു വിലവയ്ക്കുന്നു. ഓട്ടക്കണ്ണിട്ടുനോക്കി രത്നത്തിൻെറ വിലകാണാതെ കാലം കഴിഞ്ഞു. സമുദായത്തിൻെറ അഥവാ കാലത്തിൻെറ പ്രതിനിധിയാണു കവിയെങ്കിൽ, കവിയുടെ ചുററുപാടും കിടന്നു പിശാചുക്കൾ ആർപ്പും വിളിയും കൂട്ടുമ്പോൾ, അതിൻെറ ബീഭത്സതയെ അവർ വരച്ചുകാട്ടാതിരിക്കുമോ? ഉള്ളൂരും, വള്ളത്തോളും സ്വാനുഭവത്തിൻെറ കയ്പ്പറിഞ്ഞിട്ടല്ലെങ്കിലും, അസമത്വത്തെ തള്ളിക്കളവാൻ നിശിതതൂലികയെ പലപ്പോഴും പ്രേരിപ്പിക്കുന്നുണ്ടു്! ഇങ്ങനെ നവീനാദർശപരമായ സാഹിത്യം പൊതുജനങ്ങളുടെ ഇടയിൽ ആശയവിശാലതയേയും സമഭാവനയേയും സൃഷ്ടിക്കുവാൻ സഹായിയാവാതിരിക്കുന്നില്ല. 'അബലമാരത്ര ചപലമാർ' എന്നും മററും ദുഷ്പ്രേരിതത്വമത്തരായ സ്വാത്മകവികൾ അപലപിച്ചുവന്ന കാലം പമ്പകടന്നു. "അടുക്കളയെപ്പോലെ അടക്കളത്തിലും" മുമ്പിട്ടുനിൽക്കാവുന്നവരാണു നമ്മുടെ നാരിമാരെന്ന ബോധം അങ്കുരിച്ചുതുടങ്ങി. സരോജിനിതുടങ്ങിയ മഹതികളുടെ കാലടിപ്പാടുകളെ അവർ പിന്തുടർന്നുതുടങ്ങി. ഓലക്കുടയും ഓട്ടവളയും ഓട്ടക്കണ്ണും വിട്ടു്, പ്രസംഗവേദിയിൽ പ്രശോഭിക്കുന്ന 'നെമ്മിനിമംഗല'ത്തെപോലെയുള്ള മാന്യമഹിളമാരുടെ പുറപ്പാടു കാണുമ്പോൾ, കേരളത്തിൻെറ പുരോഗതിയിൽ സംശയത്തിനു് അവകാശമില്ല.

എല്ലാം വിദ്യുച്ഛക്തി തന്നെ.

[ജോസഫ് മുണ്ടശ്ശേരി എം. എ.]

പദാർത്ഥവിശകലനത്തിന്റെ 'അവസാനക്കയ്യ്'യിരുന്നു പരമാണു പരിച്ഛേദനം. പരമാണുവിൽ കുറഞ്ഞ നാണയം പദാർത്ഥവിനിമയത്തിലില്ലെന്നു പണ്ഡിതന്മാർ തീർച്ചയാക്കി. ഉപരിവിശകലനക്ഷമമല്ലാത്ത ധാത്വംശത്തിന് അവർ പരമാണു (Atom) വെന്നു പേർ നല്കി.

ജാലാന്തരസ്ഥസൂര്യാംശൌ
യൽ സൂക്ഷ്മം ദൃശ്യതേ രജഃ
ഭാഗസ്തസ്യ ച ഷഷ്ഠോഽയഃ
പരമാണുഃ സ ഉച്യതേ.

എന്നുള്ള താർക്കികമതത്തിലെ പരമാണുവെക്കാൾ എത്രയോ ലഘീയസ്സാണ് ഇദാനീന്തനന്മാരുടെ പരമാണു. ക്വഥനപാകമായ(Evaporation) വെള്ളം ഒരു പാത്രത്തിൽ പകർന്നു നല്ലൊരു സ്പ്രിംഗ് ത്രാസിന്മീതെ വെയ്ക്കുക. വെള്ളം ഓരോ അണുവായി ബാഷ്പീഭവിച്ചു പൊയ്ക്കൊണ്ടിരിക്കയും അതനുസരിച്ചു വെള്ളത്തിന്റെ ഭാരം ഓരോതവണയും കുറഞ്ഞുവരികയും ചെയ്യും. ബാഷ്പരൂപത്തിൽ ഒരിക്കൽ ബഹിർഗ്ഗമിക്കുന്ന ജലാംശത്തെ അണുപരിമാണമായെണ്ണാം. (A molicule of water) അതിൽ വെള്ളത്തിന്റെ ഘടകങ്ങളായ അബ്ജനകവും ജീവകവും (Hydrogen and Oxygen) ഉണ്ടായിരിക്കും. അവ തമ്മിൽ വേർതിരിക്കുവാൻ ഒരു വിദ്യയുണ്ട്. ഒരു പാത്രം വെള്ളത്തിൽ ഋണധനാഗ്രങ്ങൾ (Positive and Negative Electrodes) ഘടിപ്പിച്ച് അവയിലൂടെ വിദ്യുച്ഛക്തി വ്യാപിപ്പിക്കുക. ഉടനെ ഓരോ ജലാണുവും രണ്ടു വ്യത്യസ്തവാതകങ്ങളായി—അബ്ജനകവും ജീവകവുമായി—വേർപെട്ടു കാണാം. അവയിൽ അബ്ജനകം പരമാണുപ്രായമായിരിക്കും. പരമാണുവെന്നു പറഞ്ഞാൽ ഉപരിവിഭജനത്തിനു വഴിപ്പെടാത്തതും മറെറാരു നവീന ധാതു അടങ്ങിയിട്ടില്ലാത്തതുമായ അംശമെന്നവധാര്യം. എല്ലാ ധാതുക്കളും ഈ ലക്ഷണത്തോടുകൂടിയ പരമാണുക്കളായി അപഗ്രഥിക്കാവുന്നതാണ്.

സകല പരമാണുക്കളും ഏകരൂപങ്ങളോ ഏകഭാവങ്ങളോ അല്ല. സ്വരൂപത്തിലും സ്വഭാവത്തിലും ഉള്ള അന്തരം അനുസരിച്ച് അവ 92 വകുപ്പുകളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ആ വകുപ്പുകളാണ് ഇന്നത്തെ 92 ധാതുക്കൾ. ഒരേവകുപ്പിൽ അഥവാ ധാതുവിലുള്ള പരമാ

ണുക്കൾക്കും സവ്വഥാ സാമ്യം ഉണ്ടായിരിക്കും. നാം കാണുകയും കേൾക്കുകയും ചെയ്യുന്ന സകല പദാത്ഥങ്ങളും നാംകൂടിയും മേല്പറഞ്ഞ 92 ധാതുക്കളുടെ—പരമാണു സഞ്ചയങ്ങളുടെ—പണിത്തരങ്ങളാണ്. എന്നാൽ പദാത്ഥനിമ്മാണത്തിൽ അധികം ഭാഗഭാക്കുകളാകുന്ന ധാതുക്കൾ 14 മാത്രമേ ഉള്ളൂ.

പരമാണുക്കളാണ് (Atoms) ബ്രഹ്മാണ്ഡനിമ്മിതിയിൽ ലഘിഷ്ഠോപകരണങ്ങൾ എന്നുള്ള സങ്കല്പം വളരെക്കാലത്തേയ്ക്കു നിരാക്ഷേപം നിലനിന്നുപോന്നു. 20-ാം ശതാബ്ദത്തിൽ രാഷ്ട്രീയവും സാമുദായികവുമായ സംക്ഷോഭങ്ങളിലൂടെ ആ അഭ്യൂഹത്തിനും വന്നിട്ടുണ്ട് വലിയൊരിളക്കം. രസാവഹമായ ആ സങ്കല്പശിഥിലീകരണമാണ് ഇവിടെ പ്രതിപാദ്യം.

19-ാം ശതകത്തിൻെറ അവസാനത്തിൽ പല വിദ്വാന്മാരും പരമാണുക്കൾ ഉപരിവിശ്ലേഷണക്ഷമമോ എന്നു പരിശോധിപ്പാനിറങ്ങി. സർ ജേ-ജേ-തോംസണായിരുന്നു അവരിൽ അഗ്രഗണ്യൻ. 1895-ൽ അദ്ദേഹം എല്ലാത്തരം പരമാണുക്കളും വിശകലനവിധേയങ്ങളാണെന്നും വിശകലിതാംശങ്ങൾ രൂപഭാവങ്ങളിൽ സമാനങ്ങളാണെന്നും പ്രഖ്യാപനം ചെയ്തു. അനന്തരസംശോധനത്താൽ പരമാണുശകലങ്ങൾ, അവ നാനാധാതുക്കളിൽപെട്ടവയായാലും വേണ്ടതില്ല, ഒരേഭാരത്തോടും (weight) ഒരേതോതിൽ അലക്തകശക്തിയോടും (Elctricity) കൂടിയവയാണെന്നു സമത്ഥിതമായി. ഉടനെ പരമാണുക്ഷോദങ്ങൾക്കു അലക്തകാണുക്കൾ (Electrons) എന്നായി പേർ. അങ്ങനെ എല്ലാധാതുക്കളുടേയും പരമാംശങ്ങൾ സ്വരൂപത്തിലും സ്വഭാവത്തിലും ഐക്യമുള്ള അലക്തകാണുക്കളായി മാറിവശായി. ഇപ്പോൾ ഞാനും നിങ്ങളും ഇക്കാണുന്ന ലോകവുമെല്ലാം വിദ്യുച്ഛക്തിമയമാണെന്നു വിശ്വസിക്കേണ്ട ദിക്കായിരിക്കുന്നു. ഈ സ്ഥിതിക്കു പൊന്നും വെള്ളിയും ചെമ്പും ഇരുമ്പും എല്ലാം ഒന്നുതന്നെയായിരിക്കണമെന്നു സിദ്ധാന്തിച്ച 'പഴഞ്ചൻ' രസതന്ത്രവും ഇന്നത്തെ പരിഷ്കൃതമായ പദാത്ഥവിജ്ഞാനവും തമ്മിൽ എന്താണു വ്യത്യാസം?

തോംസൻെറ കണ്ടുപിടുത്തത്തെ അവലംബിച്ചു പിന്നീടു പലരും പരമാണുവിനുള്ളിൽ കടന്ന് അവിടത്തെ സ്ഥിതിഗതികൾ തിട്ടപ്പെടുത്താനുത്സാഹിക്കയുണ്ടായി. അവർ അനാച്ഛാദനം ചെയ്തിട്ടുള്ള പരമാണുഹൃദയം ഒന്നു കാണേണ്ടതാണ്.

അലക്തകശക്തി ഋണാഢ്യമെന്നും ധനാഢ്യമെന്നും രണ്ടു പ്രകാരത്തിലുണ്ട്. അവ തമ്മിൽ കണ്ടുമുട്ടിയാൽ ഉടനെ മത്സരമാരംഭിക്കുകയായി. എന്നാൽ ഒരേപ്രകാരത്തിലുള്ള രണ്ടു അലക്തകശക്തികൾ

ളാണു സമ്മുഖീഭവിക്കുന്നതെങ്കിൽ അവ പരസ്പരം ഒഴിഞ്ഞുപോകുകയേ ഉള്ളു. മാലോകരിൽതന്നെ വിരുദ്ധമതികൾ തമ്മിലാണല്ലോ പിടിയും വലിയും അധികം. സമബുദ്ധികൾ വഴക്കിനൊരുങ്ങാതെ ഒഴിഞ്ഞിരിക്കുകയാണ് എങ്ങും പതിവ്. അലക്തകശക്തികളുടെ പെരുമാററവും ഇത്തരത്തിൽതന്നെ. പരമാണുവിൻെറ അന്തരാളത്തിൽ ഉള്ളതായി തോംസൺ കണ്ടുപിടിച്ച അലക്തകപരമാണുക്കൾ ഋണാഢ്യമായ അലക്തകശക്തി വഹിക്കുന്നവയാണ്. എന്നാൽ ആഭ്യന്തരമായ ആ ശക്തിയുടെ യാതൊരു വ്യാപാരവും അവിശ്ലിഷ്ടമായ പരമാണു പരിശോധിക്കുമ്പോൾ കാണുന്നില്ല. അതുകൊണ്ട് ഋണാഢ്യശക്തിയോടു മല്ലിട്ടുനിന്നു സമീഭാവം പാലിക്കുവാൻ പര്യാപ്തമായൊരു ധനാഢ്യശക്തി പരമാണുജഠരത്തിൽതന്നെ ഉണ്ടെന്നു് അനുമിക്കേണ്ടയോ? സർ എണ്ണസ്റ്റ് റൂത്തർഫോർഡ് (Rutherford) എന്ന വിദ്വാൻ ആ അനുമാനം ശരിയാണെന്നു തെളിയിച്ചിരിക്കുന്നു. അദ്ദേഹം ധനാഢ്യമായ അലക്തകശക്തിയുടെ ഏതാനും കണികകൾ, പരമാണുകന്ദരത്തിലേയ്ക്കു ശക്തിപൂർവ്വം വിക്ഷേപണം ചെയ്തുനോക്കിയപ്പോൾ അവയിൽ അധികം ഭാഗവും ആ പരമാണുവാൽ അനാക്ഷിപ്തമായി ഉദ്ഗമിക്കയേ ഉണ്ടായുള്ളു. എന്നാൽ ഉണ്ടകളിൽ അത്യല്പമായൊരംശം —10000-ൽ ഒരു ഭാഗം മാത്രം—പരമാണുകന്ദരത്തിൽ തട്ടിത്തെറിച്ചതായി അദ്ദേഹം മനസ്സിലാക്കി. പരമാണുവിൻെറ അന്തരാളത്തിൽ ഒളിഞ്ഞുകിടക്കുന്ന ധനാഢ്യശക്തിയോടു—സജാതീയമായ ശക്തിയോട്—ഇടപെട്ടല്ലാതെ, താൻ അടിച്ചുകയററിയ ധനാഢ്യശക്തി കണിക തെറിക്കാൻ വയ്യെന്നായിരുന്നു റതർഫോർഡിൻെറ ഊഹം. ഈ ഊഹം അദ്ദേഹം അനന്തരപ്രേക്ഷണങ്ങളാൽ സിദ്ധാന്തവൽകരിച്ചിട്ടുണ്ട്.

എതു പരമാണുവിൻേറയും ഉള്ളിൽ ധനാഢ്യാലക്തകശക്തിയുടെ കേന്ദ്രമായൊരു മൂലകന്ദം ഉണ്ടായിരിക്കും. അതിന് കരിഞ്ചിൻെറ 100,000,000-ൽ ഒരംശമേ വലുപ്പം ഉള്ളു. അതിൻെറ നാലുപുറവും ഋണാഢ്യാലക്തകശക്തി വഹിക്കുന്ന പരമാണുക്ഷോദങ്ങൾ അഥവാ അലക്തകാണുക്കൾ പരിഭ്രമണം ചെയ്തുകൊണ്ടിരിക്കയാണ്. സ്വയംഭ്രമണം ചെയ്യുകയാൽ അവ എതിർശക്തിയായ മൂലകന്ദത്തിൽ വീണ് അന്തർദ്ധാനം ചെയ്യുന്നില്ല. സൂര്യൻെറ സമാകർഷണത്തിനു വിധേയമെങ്കിലും, ഭൂമി, സ്വയംഭ്രമണം ചെയ്യുകയാൽ സൂര്യനിൽ നിപതിക്കാതെ സ്വപഥത്തിൽതന്നെ നിലകൊള്ളുന്നുണ്ടല്ലോ. അപ്രകാരമാണു പരമാണുകന്ദരത്തിലെ അവസ്ഥയും—മൂലകന്ദം സമീപവർത്തികളായ അലക്തകാണുക്കളെ പിടിച്ചുവലിക്കുന്നുണ്ട്. പക്ഷേ അവ സ്വയമേവ തിരിഞ്ഞുകൊ

ണ്ടിരിക്കയാൽ ആ 'പിടിവലി'ക്കു അടിമപ്പെടുന്നില്ല. യഥാൎത്ഥത്തിൽ ഓരോ പരമാണുവും സൌരയൂഥത്തിന്റെ ഓരോ പ്രതിബിംബമായി കണക്കാക്കാം. മൂലകന്ദം സൂൎയ്യന്റേയും അലക്തകാണുക്കൾ ഭൂമ്യാദി ഗ്രഹങ്ങളുടേയും സ്ഥാനങ്ങൾ വഹിക്കുന്നു. റതർഫോർഡ് പ്രഭൃതികളുടെ കണ്ടുപിടുത്തത്തിന്റെ സംക്ഷേപം ഇതാണ്.

എല്ലാ പരമാണുക്കളുടേയും ഘടകങ്ങൾ ഒരേ സ്വരൂപത്തോടും സംഭവത്തോടുംകൂടിയവയാണെന്നു വന്നാൽ പിന്നെ പരമാണുക്കളെ 92 വകുപ്പുകളായി പരിഗണിക്കുന്നതെങ്ങനെ? വിഭജനത്തിന് എന്താണാധാരം? ഈ ചോദ്യങ്ങൾക്ക് ഏറെക്കുറെ സമീചീനമായ ഉത്തരമായി നിരീക്ഷണകുശലന്മാർ പറയുന്നിതിപ്രകാരമാണ്:— മൂലകന്ദത്തെ കേന്ദ്രമാക്കി പരിവൎത്തനംചെയ്യുന്ന അലക്തകക്ഷോദങ്ങളുടെ എണ്ണം ഒരോതരം പരമാണുവിലും ഓരോന്നായിരിക്കും. 92 ധാതുക്കളിൽ ഒന്നാമത്തേതായ അബ്ജനകത്തിന്റെ പരമാണുവിൽ അലക്തകാണു ഒന്നേ ഉള്ളു. 92-ാമത്തേതായ ഉറേനിയത്തിലാകട്ടേ ഓരോ പരമാണുവിൽ 92 വീതം അലക്തകാണുക്കൾ ഉണ്ടായിരിക്കും. അലക്തകാണുക്കളുടെ എണ്ണമാണ് വിഭജനത്തിന്റെ ആധാരം. അതു വ്യത്യാസപ്പെടുന്നതോടേ ധാതുപരമാണുവിന്റെ സ്വഭാവവും വ്യത്യാസപ്പെടുന്നതാണ്. ഏററവും അധികം അലക്തകകണികകളുള്ള ഉറേനിയത്തിന്റെ തൂക്കം ഏററവും വലുതാണെങ്കിൽ ഒരേ ഒരു അലക്തകക്ഷോദം മാത്രം ഉള്ള അബ്ജനകത്തിന്റെ ഭാരം ഏററവും ലഘുവായിരിക്കും. ഈ വാദം അനുഭവത്തിനു ഒട്ടും പ്രതികൂലമല്ല.

1896-ൽ ബക്യൂറൽ ആദിയായവർ കണ്ടുപിടിച്ച റേഡിയ ലോഹത്തിന്റെ സ്വയംവിശ്ലേഷണവും അതുവഴിക്ക് ഏറക്കുറെ സാധിതപ്രായമായ ധാതുവിപരിണമനവും (Transmutation of Elements) മേല്പറഞ്ഞ അഭിപ്രായത്തിനു ഉപസ്കാരകമായിരിക്കുന്നുണ്ട്. ഉറേനിയം, തോറിയം, റേഡിയം, ഇത്യാദി ലോഹങ്ങൾ ഏററവും ഭാരവത്തുക്കളാണ്. 92 ധാതുക്കളുടെ പട്ടികയിൽ ഒടുവിലാണ് അവയുടെ സ്ഥാനം. അവയുടെ പരമാണുക്കളിൽ 80-തോ, 90-റോ മറേറാ വീതം അലക്തകക്ഷോദങ്ങളുണ്ടായിരിക്കും. ബക്യൂറൽപ്രഭൃതികൾ പ്രസ്തുതലോഹങ്ങൾ യാദൃച്ഛികമായി സ്വയം വിശകലനംചെയ്യുന്നുണ്ടെന്നും ഹീലിയം (Helivm) എന്നൊരു വാതകവും ഏകദേശം ഈയത്തിനു സദൃശമായൊരു ലോഹവുമാണ് വിശ്ലേഷഫലങ്ങളെന്നും അവ വേർതിരിയുന്നതോടേ വമ്പിച്ചൊരു വിസൎജ്ജനം (Evolution of Energy) ഭവിക്കുന്നുണ്ടെന്നും കണ്ടുപിടിക്കുകയുണ്ടായി. ആ കണ്ടുപിടുത്തത്തിന്റെ വ്യാഖ്യാനം താഴെ പറയുംപ്ര

കാരമായിരിക്കാനേ തരമുള്ളു. അലക്തകക്ഷോദങ്ങളടങ്ങിയിരിക്കുന്ന റേഡിയാദി ലോഹങ്ങൾ സ്വഭാവേന ശിഥിലബന്ധങ്ങളാണ്. തന്നിമിത്തം അവ സ്വയം അപഗ്രഥനംചെയ്യുന്നു. അപ്പോൾ ഉത്ഗമിക്കുന്ന അലക്തകകണികകൾ ഹീലിയമെന്ന വാതകമായി പരിണമിക്കയും ശിഷ്ടം അശിഥിലബന്ധമായ മറെറാരു ലോഹമായി നിലകൊള്ളുകയും ചെയ്യുന്നു. ഹീലിയത്തിൻെറ ഓരേ പരമാണുവിലും രണ്ടു അലക്തകകണികകൾ ഉണ്ടു്. ആകെ ഉണ്ടായിരുന്ന അലക്തകകണികകളിൽനിന്നു രണ്ടു കുറച്ചാൽ ബാക്കി എണ്ണം അവശിഷ്ടലോഹത്തിൻെറ ഓരോ പരമാണുവിലും ഉണ്ടായിരിക്കും.

ചുരുക്കത്തിൽ, ഏതൽപര്യന്തം നടന്നിട്ടുള്ള പരമാണുഗവേഷണത്തിൽനിന്നു എല്ലാത്തിൻേറയും അടിസ്ഥാനം വിദ്യുത്സ്ഫുലിംഗമാണെന്നും ആ മഹാശക്തിയിൽനിന്നു സർവ്വ പദാർത്ഥപ്രതിഭാസങ്ങളും വ്യുത്പാതിപ്പിക്കാമെന്നും തെളിഞ്ഞിട്ടുള്ളതായി കരുതാം. ശാസ്ത്രജ്ഞന്മാർ കണ്ടെത്തിയ ഈ മൌലികശക്തി, ലോകാരംഭംതൊട്ടിന്നേവരെ മനുഷ്യർ സുദൃഢം വിശ്വസിച്ചാരാധിക്കുന്ന ചിച്ഛക്തിതന്നെയായിരിക്കുമോ? അവർ ഈ പ്രശ്നത്തിനു ശരിയായ ഉത്തരം പറയുന്നില്ല.

'ഛായ'

[കെ. രാമകൃഷ്ണപിള്ള ബി. എ.]

രംഗം ൧.

{സമയം: സായം സന്ധ്യ.}

രംഗം: ഒരു കുന്നിന്റെ ചെരിവ്. വൃക്ഷച്ഛായ. മെഡിക്കൽ വിദ്യാൎത്ഥിയായ ''രമണ''ൻ. 25 വയസ്സ് പ്രായം. ഒരു കറുത്ത കരയൻ നേരിയതു് ബനിയനുമീതെ. സുകുമാരപ്രകൃതി. കുളികഴിഞ്ഞ തലമുടി ഒരു കയ്യുകൊണ്ടു് കോതിക്കൊണ്ടു്, രമണീയയായ 'ഛായ' അരികെ നില്ക്കുന്നു. 19 വയസ്സു പ്രായം. നനഞ്ഞ തോൎത്തു് മാറിടം മറയ്ക്കുന്നു.

ഛായ:—(രമണന്റെ മുഖത്തു സാകൂതം നോക്കി) ആ നിഴൽ അകന്നു് അകന്നു പോകുന്നതു നോക്കി രസിക്കുകയാണു്; അല്ലേ?

രമ:—(തിരിഞ്ഞു്) ആ ഛായ അകന്നുപോകുന്നുവെങ്കിൽ പൊയ്ക്കൊള്ളട്ടെ. എന്റെ ഛായ, (പുഞ്ചിരിയോടെ) എന്റെ അടുത്തല്ലേ നില്ക്കുന്നതു്. പക്ഷേ ഈ മനോഹരസന്ധ്യ ഇത്ര പെട്ടെന്നു മറഞ്ഞുപോകുന്നുവല്ലോ.

ഛായ:—വേഗം മറയണം എന്നാണു എന്റെ പ്രാൎത്ഥന. ഞാൻ പതിവിൽ നേരത്തേ കുളികഴിച്ചു ഇന്നു്.

രമ:—നീ; അപവാദത്തെ ഭയപ്പെടുന്നു. നാം ഇങ്ങനെ നിന്നു് സംസാരിക്കുന്നതു് മററുള്ളവർ കണ്ടാലോ?

ഛായ:—ഞാൻ ലോകാപവാദത്തെ ഭയപ്പെടുന്നുണ്ടു്. അവിടന്നു് പുരുഷൻ; ഭയം കുറയും. ഞാൻ അബല! (ദീൎഘമായി നിശ്വസിക്കുന്നു.)

രമ:—(കുറെക്കൂടി അടുത്തു്) ഇങ്ങോട്ടു് അടുത്തുനിന്നുകൊള്ളു! അബല! തനിയേ വീട്ടിലേയ്ക്കു് പോകാമോ? അതോ ഞാൻ കൂടി വരണോ?

ഛായ:—(ഒരു കരംഗ്രഹിച്ചു് എങ്കിലും പരിഭവം നടിച്ചു്) വേണ്ട! എന്നെ പരിഹസിക്കണ്ട. ഞാൻ തനിയേ പൊയ്ക്കൊള്ളാം. എനിക്കു നല്ല ധൈര്യമുണ്ടു്.

രമ:—(ചിരിച്ചു് തോളിൽ തട്ടി) ഛായേ! ചാപല്യം ആരുടെ പൎയ്യായമാണു്?

ഛായ:—(തട്ടിയകയ്യു് നിഗ്രഹിച്ചു) ഈ കരത്തിന്റെ (രമണൻകരം പിന്നോട്ടു വലിച്ചു കളയുന്നു) അതെ, ആ കരത്തിന്റെ പൎയ്യായം തലോടി

യകൾക്കു തള്ളിമാററി. അതു ചാപല്യത്തിൻെറ ശരിയായ പൎയ്യായം തന്നെ.

രമ:—(ഛരായയുടെ രണ്ടുകരവും പിടിച്ചു ചുംബിച്ചു) ഇപ്പോഠ ഈ കരത്തിൻെറ കഴിവുകഠ മനസ്സിലായോ?

ഛരായ,—(രമണൻെറ രണ്ടു കരവും പിടിച്ചു ചുംബിച്ചു) ഇതു രണ്ടും എൻെറയാണു്.

രമ:—(ആഹ്ലാദസമന്വിതം) ഇന്നു മുതൽ, ഛരായ എന്ന പേരു ഞാൻ വിളിക്കുകയില്ല. ചതുർഭുജ! സാസ്വതി! വേണ്ടാ! പ്രയാസം, സരസു. അതുകേഠപ്പാൻ സുഖമില്ല. സരസ പിടിച്ചോ?

ഛരായ:—സരസനും, സരസയും. മതി. മതി! എല്ലാം സ്വപ്നത്തിൽ. ഞങ്ങഠ തമ്മിലുള്ള ബന്ധം; എങ്ങിനെ വേർപെടുത്തും? ആവൃദ്ധനംപൂരി, ഒരു ഒഴിയാബ്ബാധ ഇനിയും ബാന്ധവം കൊതിച്ചു വന്നേക്കും. അഭിമാനമുള്ളവനാണെങ്കിൽ എൻെറ മുഖത്തു് നോക്കുകയില്ല അയാഠ;

രമ:—ഛരായ, നമ്മുടെ മാമൂലിഃനയും, പഴഞ്ചൻ മനഃസ്ഥിതിയേയും നമുക്കു നിശ്ശേഷം നശിപ്പിക്കണം. നിങ്ങഠ തമ്മിൽ വെറും നിയമപരമായ ഒരു ബന്ധംമാത്രം. അങ്ങോട്ടു സ്നേഹിപ്പാൻ കഴിയാത്തിടത്തോളംകാലം, ഭാൎയ്യാപദമേ ഛരായക്കില്ല. തീൎച്ചയായും നമ്മുടെ വിവാഹം, ഒരു വലിയ പരിവൎത്തനം ഈ നാട്ടിൽ ഉണ്ടാക്കും. നമ്മുടെ രണ്ടുകുഡുംബങ്ങഠ തമ്മിൽ ഇതേവരെ ഇങ്ങിനെ ഒരു ബന്ധം ഉണ്ടായിട്ടില്ല. നിങ്ങഠ കരപ്രമാണികഠ, യജമാനന്മാർ; പുരാതനകുഡുംബക്കാർ: നംപൂരികൾമാത്രം അവിടെ പ്രവേശനം. ആ നശിച്ച സംപ്രദായം അവൎക്കു് എത്ര ആദായകരം! ആണ്ടിൽ നാലഞ്ചുമാസം സ്ഥിരതാമസം അവിടെ സകല ചിലവും കുഡുംബത്തിൽ നിന്നു്. ഭാൎയ്യമാർ സൂക്ഷിച്ചുവെക്കുന്ന പണവും അവരുടെ വിത്തത്തിനു ഭൎത്താക്കന്മാരെ ഏല്പിക്കും. വഴിച്ചിലവിനുകൂടി കൊടുത്തു് അവരെ അവരവരുടെ മനഃത്തിഃലേക്കു് അയക്കും. എന്താണു്, കുഴപ്പം! അവരെ സംബന്ധിച്ചിടത്തോളം നായർഗൃഹങ്ങളിലേ വിവാഹം, നല്ല ആദായമുള്ള ഒരു വ്യവസായം? അല്ലേ ഛരായേ!

ഛരായ:—ഇത്രമാത്രമോ! കുട്ടികളുണ്ടായാലോ? കാൽക്കാശിനു ചിലവുണ്ടോ? അവരുടെ സമ്പാദ്യത്തിൻനിന്നും യാതൊന്നും ഞങ്ങളുടെ കുഡുംബത്തിലേക്കു വാങ്ങാറില്ല. വാങ്ങാൻ പാടുമില്ല. ബ്രഹ്മസ്വമല്ലേ! കുഡുംബസ്വത്തുണ്ടെങ്കിൽ അതെല്ലാം അവരുടെ സജാതീയ ഭാൎയ്യമാൎക്കും കുട്ടികഠക്കും! അതെല്ലാം സഹിക്കാം! പക്ഷെ.

രമ:—ഛരായയുടെ അച്ഛനും യാതൊന്നും തന്നിട്ടില്ലല്ലോ?

ഛരായ.—അതിൽ എനിക്കു് അശേഷം ആഗ്രഹമില്ല. സ്വത്തു്, പോരെ

ങ്കിൽ ബ്രഹ്മസ്വം: 'സ്നേഹ'ത്തിനും 'വാത്സല്യ'ത്തിനും ഇത്തരത്തിൽ വകഭേദമുണ്ടോ? ആ അനഘസമ്പത്തിന്റെ ഒരംശം തന്നിരുന്നെങ്കിൽ, എത്രസമാധാനമുണ്ടായിരുന്നു. അച്ഛൻ മരിച്ചുപോയെങ്കിലും, ഞാനോൎക്കുന്നു ഒരവസരം. അച്ഛൻ മഠത്തിലിരുന്ന് ഒരുദിവസം ഉച്ചയ്ക്കു ഭക്ഷണം കഴിക്കുന്നു. ഞാൻ കുട്ടി, വെറും കുട്ടി, അച്ഛൻ എന്റെതാണെന്നും വിചാരിച്ച്, ഞാൻ അടുത്തുചെന്ന് ഇലയുടെ അരികിൽ ഇരുന്നു. അച്ഛൻ അടുത്ത ക്ഷണത്തിൽ പെട്ടെന്നു ചാടി എഴുന്നേററു. അമ്മ എന്നെ രണ്ടുമൂന്നടി അടിച്ചു. "അച്ഛൻ നിന്നെ തൊട്ടുണ്ണുമോ" എന്നു അമ്മ ചോദിച്ച ചോദ്യം, ഇന്നും എന്റെ ഹൃദയത്തെ വേദനിപ്പിക്കുന്നു. ഇത്തരം 'അച്ഛൻമാരെ'ന്തിനാണ്? എന്റെ കുട്ടികൾക്കെങ്കിലും ഇതുപോലെ അസഹനീയമായ അനുഭവം ഉണ്ടാകരുത്. പക്ഷെ, എന്നെ ബലമായി അമ്മാവൻ ആ വൃദ്ധനു പിടിച്ചുകൊടുത്തു; എന്നാലും, എന്നെ സംബന്ധിച്ചുള്ള അധികാരവും സ്വാതന്ത്ര്യവും എനിക്കാണല്ലോ. ആ വൃദ്ധൻ മൂന്നുപ്രാവശ്യം വേളിയും കഴിച്ചിട്ടുണ്ട്. ഇതുപോലെയുള്ള അനാചാരം മറേറതെങ്കിലും സമുദായത്തിൽ ഉണ്ടോ?

രമ:—ബ്രാഹ്മണരുടെ ഇടയിൽ ഇതിലും നീചമായ ഏൎപ്പാട് നടപ്പിലിരുപ്പുണ്ട്. ഏഴും എട്ടും വയസ്സായകുട്ടികളേ അൻപതും ആറുപതും വയസ്സായ ബ്രാഹ്മണൎക്കാണ് വടക്കേ ഇൻഡ്യയിൽ പിടിച്ചു കൊടുക്കുന്നത്. വൃദ്ധന്റെ മരണാനന്തരം, ആജീവനാന്തം വിധവകളായി ആ ബാലികമാർ കഴിച്ചുകൂട്ടണം. പക്ഷെ, ശാരദാനിയമം കൊണ്ട്, ആ നശിച്ച സമ്പ്രദായം തടയപ്പെട്ടിരിക്കുന്നു. കൂട്ടിലടച്ച പക്ഷിയേപ്പോലെ വളൎന്നാൽ ലോകകാൎയ്യമൊന്നും അറിയാൻ സാദ്ധ്യമല്ല, ഛായേ!

ഛായ:—കൂടൊന്നു തുറന്നു വിടണം. ഹാ അപ്പോൾ കാണാം, അവ അതിവിസ്തൃതമായ ആകാശത്തിൽകൂടി, സ്വൈരമായി സഞ്ചരിക്കുന്നത്.

രമ:—ഞാൻ കൂടുതുറക്കാൻ നിശ്ചയിച്ചു. പക്ഷെ ആകാശത്തിൽ അത്രദൂരം പറക്കാൻ അനുവദിക്കുകയില്ല.

ഛായ:—വേണ്ടാ. എനിക്കു ആനന്ദമധുരമായ സ്വാതന്ത്ര്യവായു ശ്വസിക്കാമല്ലോ. അതുമതി. ആകട്ടെ ശാരദാനിയമം, ബാല്യവിവാഹം തടഞ്ഞു പെൺകുട്ടികളെ രക്ഷിച്ചു. നമ്മുടെ നായർ ബില്ലോ.

രമ:—അതു വലിയ രക്ഷയായി നടപ്പിൽ വന്നതു്. അമ്മാവനേയും കൂടാ ഭരിക്കുന്ന അമ്മായിയെ ഭയപ്പെടാതെ ജീവിക്കാമല്ലോ?

ഛായ:—പക്ഷെ, ആ ബിൽ പുനൎവ്വിവാഹം അത്ര എളുപ്പം സമ്മതിക്കുന്നില്ലല്ലോ. എന്നെപ്പോലെ ദുരന്തദുഃഖമനുഭവിക്കുന്നവർ മാറാരുമില്ലായിരിക്കും.

രമ: അല്ല! ബില്ലിന്റെ വകുപ്പുകൾകൂടി നോക്കി വച്ചിരിക്കുന്നോ? പുനൎവ്വിവാഹത്തിന്ന് വേണ്ടി ഭഗീരഥപ്രയത്നം കഴിക്കേണ്ടിവരും. വിവാഹമോചനത്തിനു കേസ്. അതൊന്നും ഛായയുടെ അമ്മാവൻ സമ്മതിക്കുകയില്ല. കട്ടത്ത യാഥാസ്ഥിതികനല്ലേ അദ്ദേഹം? കുഡുംബത്തിലെ മററു സ്ത്രീകൾ അറിഞ്ഞാൽ നിന്റെ കഥ അന്നേ കഴിയും. ഒരേ ഒരു പായമേഉള്ളു. എന്റെ പരിക്ഷാഫലം അറിയട്ടെ. ഞാൻ കൽക്കട്ടയിൽതന്നെ ഹൌസ് സർജനായിരിപ്പാനല്ലേ തീൎച്ചപ്പെടുത്തിയിരിക്കുന്നതു്. ഈ പ്രാവശ്യം പോകുമ്പോൾ കൂടെ കൊണ്ടു പോകാനാണ് നിശ്ചയിച്ചിരിക്കുന്നതു്. വരുന്നതു വരട്ടെ!

ഛായ:—ഇവിടെ വലിയ ബഹളമുണ്ടാകുയില്ലേ. അമ്മാവൻ അന്വേഷിച്ചിറങ്ങുകയോ, ആത്മഹത്യചെയ്യുകയോ, മററോ ചെയ്യുലോ? വലിയ ദുഷ്പേരുമാകും.

രമ:—ദുഷ്പേരു്! ആലോചനയില്ലാത്ത കുറെ ആളുകൾക്കുണ്ടാകുന്ന അഭിപ്രായം: അതു് ഒന്നാമതു് ക്ഷണികം: അസ്ഥാനത്തിൽനിന്നു ഉത്ഭവിക്കുന്നതു്. രണ്ടാമതു്, അവരുടെ അഭിപ്രായത്തിന്റെ അസ്ഥിരതയുടെ മുമ്പിൽ നമ്മുടെ പ്രേമം ബലികഴിപ്പാനുള്ളതോ.

ഛായ:—പ്രേമംതന്നെ സത്യം. അതത്രേ ശാശ്വതമായുള്ളതും.

രമ:—നിന്നെസംബന്ധിച്ചവരാരുമില്ലല്ലോ. അതുകൊണ്ടു ഒട്ടും ഭയപ്പെടാനില്ല. എങ്കിലും തടസ്സമുണ്ടാകരുതല്ലോ. നമ്മുടെ ആലോചനകൾ തല്ക്കാലം രഹസ്യമായിത്തന്നെ ഇരിക്കണം.

ഛായ:—(ചിരിച്ചു്) ഇല്ല, ഞാൻ ഇതെല്ലാം കൊട്ടിപ്പാടുവാൻ പോകുകയാണ്. ആരുടെകയ്യിൽനിന്നാണ പുറത്തുവരുന്നതെന്നറിയണേ! ആകട്ടെ! എന്നത്തേക്കു പോവാൻ കഴിയും?

രമ:—നാലാഴ്ച.

ഛായ:—അല്ല നാലു യുഗം!

രമ:—നേരം വൈകുന്നു. (കയ്യ് ചുംബിക്കുന്നു) നാളെ

ഛായ:—ഈ സമയത്തു് (തലകുനിക്കുന്നു).

രമ:—സൂൎയ്യനുണ്ടെങ്കിൽ ഈ സമയത്തുതന്നെ എന്റെ ഛായയേ ഞാൻ കണ്ടുകൊള്ളാം. (നോക്കുന്നു.)

(കർട്ടൻ)

രംഗം 2.

[സമയം:—അന്നത്തേരാത്രി 7മണി.

രംഗം:—രമണന്റെ ഗൃഹം. മുൻതളം. ചിത്രാലംകൃതമായ ഭിത്തി. മരിച്ചുപോയ മാതാപിതാക്കന്മാരുടെ വലിയ ഫോട്ടോകൾ മദ്ധ്യഭാഗത്തു്. താഴെ ഒരു സോഫാ. കസേരകൾ.

വൃദ്ധയായ വലിയമ്മ സോഫയ്ക്കരികെ നില്ക്കുന്നു. തേജോമയമായ മുഖം. കഴുത്തിൽ പൊന്മണിമാല. രമണൻ ബനിയൻ ഊരി സോഫയിൽ ഇട്ടു് നേരിയതുകൊണ്ടു വീശി വിയപ്പടക്കുന്നു.]

വലിയമ്മ:—(വാത്സല്യസമേതം തലോടിക്കൊണ്ടു്) എന്റെ മക്കളിതേവരെ എവിടെയായിരുന്നു? ചായ ഇരുന്നു് തണുത്തുപോയല്ലോ. ഇപ്പോഴെന്തെങ്കിലും വേണ്ടയോ?

രമ:—ഒന്നു നടക്കാൻ പോയി. ചാ— (അദ്ധോക്തിയിൽ നിർത്തി) ചായകുടിച്ചു. ഇപ്പോളിനി ഒന്നും വേണ്ടാ.

വ- അ:—ഒരിത്തിരിചായ വേഗം ഉണ്ടാക്കിക്കാം. സന്ധ്യകഴിഞ്ഞിട്ടു ഉണ്ണാം

രമ:—സന്ധ്യകഴിഞ്ഞല്ലോ കുറെക്കൂടികഴിഞ്ഞു കൊള്ളട്ടെ. വലിയമ്മേ! വളരെ സുഖമാണിപ്രദേശം, എന്നു് ഇപ്പോഴേ എനിക്കു അനുഭവപ്പെട്ടുള്ളു. കൽക്കട്ടയിലെ മൂട്ട അതി ദുസ്സഹം. ഇവിടത്തെ തണുത്തകാററും എല്ലാം എത്ര സന്തോഷകരമായിരിക്കുന്നു. നടന്നു നടന്നു—

വ- അ:—എന്റെ കുഞ്ഞു് വളരെ ദൂരംപോയി. അതല്ലേ കുറച്ചു് ചായ കുടിച്ചോളാൻ ഞാൻ പറഞ്ഞതു്. ആ കുന്നിൻ ചരിവിലുള്ള വൃക്ഷച്ഛായയിൽ പോയി ഇരുന്നു് കാററു കൊണ്ടാൽ; സ്വർഗ്ഗമല്ലേ മക്കളേ.

രമ:—അവിടം തന്നെയാണു് സ്വർഗ്ഗം. ഞാൻ പറഞ്ഞിട്ടില്ലേ? സ്വർഗ്ഗം ഈ ഭൂമിയിൽ തന്നെയാണെന്നു. വലിയമ്മ വെറുതെയാണു് നാമം ചൊല്ലിച്ചൊല്ലി നല്ല സമയം മുഴുവൻ കളയുന്നതു്. സന്ധ്യയ്ക്കിറങ്ങി പുറത്തൊക്കെ നടന്നാൽ—

വ- അ:—ഇനി വേണമെങ്കിൽ നടക്കാമെന്നുണ്ടു്. എന്റെ കുഞ്ഞേ ദൈവത്തിന്റെ കൃപകൊണ്ടു്, എന്റെ മക്കള്, പരീക്ഷകഴിഞ്ഞു സുഖമായിവന്നു. പരീക്ഷയിൽ, എന്റെ മക്കളു ജയിക്കുമെന്നു തന്നെയാണു്. എന്റെ മനസ്സു പറയുന്നതു്. ഈശ്വരൻ നമ്മളേ സഹായിക്കും നീ ഇല്ലാതിരുന്നപ്പോൾ, ഇവിടെ ഒരു ജീവനുണ്ടോ? മാനുമില്ലാ മനോമില്ല. ചത്തവീടുപോലെ അല്ലേ ഇവിടം.

രമ:—ദൈവം സഹായിച്ചാലും മററും ജയിക്കുകയില്ലെന്റെ വലിയമ്മേ ഞാൻ നന്നായി പഠിച്ചെഴുതി. അതുകൊണ്ടു് ജയിക്കുമെന്നെനിക്കു്!

ഉത്തമവിശ്വാസമുണ്ട്. ഇവിടെ വന്നതിനു ശേഷമാണ്, നാലാഴ്ചകഴിഞ്ഞ് ഇവിടെനിന്ന് പോകേണ്ടിവരുമല്ലോ, എന്നൊരു സങ്കടം. ഈ നാട്ടിൽ ഉദ്യോഗത്തിനു പ്രയാസം. കൈക്കൂലികൊടുത്ത് ശുപാർശി ചെയ്ത് എനിക്ക് ഉദ്യോഗം വേണ്ടാ. ഗുണം മറുനാടാണ്. നമുക്ക് കൽക്കട്ടയിൽത്തന്നെ പോയിത്താമസിക്കാം.

വ-അ:—എന്റെ മക്കടെ കൂടെ എവിടെ വേണെങ്കിലും വരാം. പക്ഷെ ഈ നാട്ടുവിട്ട് എങ്ങിനെ പോകും. പോയാലുണ്ടോ, എളുപ്പം വരാൻ സാധിക്കുന്നു?

രമ:—ആഹാ! കാശിയിൽ പോകണമെന്ന് വലിയമ്മയ്ക്ക് എന്ത് ആഗ്രഹമായിരുന്നു. സൗകര്യമില്ലാതിരുന്നപ്പോൾ വലിയ നിർബന്ധം! ഇന്നു സൗകര്യമുള്ളപ്പോൾ മനസ്സുമില്ല.

വ-അ.—എന്റെ കുഞ്ഞേ! വരാൻ എനിക്കു ഇഷ്ടമില്ലെന്ന് ആരുപറഞ്ഞു? ഇനി നീയ്, ഒരു സംബന്ധം ചെയ്ത് ഒന്നു കാണണം; ഒരു നല്ല ഉദ്യോഗവും എന്റെ മക്കൾക്കു കിട്ടണം. ഗംഗാതീർത്ഥത്തിൽ ഒന്നു മുങ്ങണം; കാശിവിശ്വനാഥ സ്വാമിയെ തൊഴണം. പിന്നെ മരിച്ചാലും തരക്കേടില്ല.

രമ:—(ചിരിച്ചു) ഹാ! ഇത്രേയുള്ളോ? ഒടുവിലത്തേ ഒഴിച്ചു മറ്റെല്ലാത്തിനും കൽക്കട്ടായിൽ താമസമാക്കിയാൽ സാധിക്കാം.

വ-അ:—(ആവേശത്തോടെ) വേണ്ടാ! വേണ്ടാ! അവിടന്നു വല്ലടത്തും കല്യാണം കഴിപ്പാനാണോ ഭാവം. എന്റെ പൊന്നുമക്കളെ അതുമാത്രം വേണ്ടാ!

രമ:—എന്നാൽ നമ്മുടെ നാട്ടിലെ വലിയ ഉദ്യോഗസ്ഥന്മാരുടെ മക്കളെ ആരെയെങ്കിലും കല്യാണം കഴിച്ചു കളയാം. നല്ല ഉദ്യോഗവും ഇവിടെ കിട്ടും! എന്താ!

വ-അ:—അങ്ങിനെ ഉള്ള ഉദ്യോഗം നമുക്കു വേണ്ടാ! വല്യടത്ത് ഒക്കെ ച്ചെന്നു കേറി 'ഊരും മൂലാം' കെട്ട്, വേണ്ട; എന്റെ മക്കള് അങ്ങനെ ഒന്നും ചെന്നുചാടല്ലേ.

രമ:—ഇവിടെനിന്നു വിവാഹം കഴിച്ചു പിന്നെങ്ങനെ പോകും?

വ-അ:—അതു നമുക്കു തെരഞ്ഞു പിടിക്കാം. എന്റെ മക്കൾക്കു നല്ല കിളിപോലിരിക്കുന്ന പെണ്ണായിരിക്കണം. സ്വത്തൊന്നും വേണ്ട: നമ്മുടെ മനസ്സിൽ സ്വത്രപത്തിലെ ഛായയുണ്ടല്ലോ.

രമ:—(സസന്തോഷം) ആ ഛായയേ ഞാൻ വിവാഹം കഴിക്കട്ടെ?

വ-അമ്മ:—അയ്യോ! അങ്ങനെ മനസ്സിൽ വിചാരിക്കല്ലേ! സംബന്ധം ചെയ്യു കുട്ടി അല്ലേ അത്! എന്റെ മക്കളെ!........അതുപോലെ ഒരു ഓമനക്കുട്ടി. അവരൊക്കെ ആഢ്യന്മാര്: നമുക്കു വേറെ. നമ്പൂരിമാക്കു മാത്രമേ അവിടെ സംബന്ധമുള്ളൂ.

രമ:—നായക്ക് അവിടെ വിവാഹം കഴിപ്പാനെ പാടില്ലേ!

വ-അ:—അതൊന്നും പാടില്ല: നീ എന്തിനാ അതൊക്കെ വിചാരിക്കുന്നത്.

രമ:—എനിക്കു നിർബന്ധമാണ്;.....എന്നു വിചാരിക്കണ്ടാ. കേട്ടോ. ഇപ്പൊഴാ വിചാരമേ ഇല്ല. ഈ ദേശം വിട്ട് ഇത്രവേഗം പോണമല്ലോ എന്നു വ്യസനമേ ഉള്ളു.

വ-അ:—രണ്ടുമാസം കഴിഞ്ഞു പോയാമതി എന്നു തീർച്ചപ്പെടുത്തു്. വസ്തുക്കൾ പാട്ടത്തിനേല്പിക്കണ്ടേ. പാട്ടത്തുക കുറച്ചു കഴിഞ്ഞ കൊല്ലത്തെ വക കിട്ടാനുമുണ്ട്. പുതിയ ആരെ എങ്കിലും കണ്ടുപിടിക്കണം. പിന്നെ, മറേറക്കാര്യം!

രമ:—എന്നാൽ അതു മതി. പലതും ചെയ്യാനുണ്ട് അതിന്നിടയിൽ; വാസ്തവം തന്നെ.

വ-അ:—ദേഹത്തെ വിയപ്പടങ്ങിയോ; എൻറ കുഞ്ഞു വേണെങ്കിൽ ഒന്നു കുളിച്ചുകളയു; വെള്ളം കോരിവയ്പിച്ചിട്ടുണ്ട്. വലിയ ചൂടല്ലേ രാത്രിയിൽ.

രമ:—വലിയ ചൂട്. ഇന്നലെ രാത്രിയിൽ ഉറങ്ങിയതേ ഇല്ല. അല്പം എണ്ണകൂടി എടുത്തേക്കു: കുളിച്ചേക്കാമെളുപ്പം!

വ-അ:—അങ്ങനെയാകട്ടെ (പോകുന്നു) രമണൻ ചിന്തയിലാണ്ടു നില്ക്കുന്നു.

[കർട്ടൻ.]

രംഗം 3.

[സമയം: അടുത്തദിവസം രാവിലെ പത്തുമണി.

രംഗം:—മനക്കൽ സ്വച്ഛപത്തിലെ ഒരു മുറി. മെത്ത വിരിച്ചിരിക്കുന്ന കട്ടിലിൽ,'ഛായ'ഒരു പുസ്തകം വായിച്ചുകൊണ്ടിരിക്കുന്നു: മുഖം മ്ലാനമായിരിക്കുന്നു. താഴെ, ഒരു പുല്പ്പായയിൽ മുറുക്കുന്നതിനു പാക്കുവെട്ടിക്കൊണ്ട് വൃദ്ധനായ നമ്പൂരി ഇരിക്കുന്നു. ദേഹത്തു ഭസ്മചന്ദനം, ചന്ദനപ്പൊട്ടിനു മദ്ധ്യേ സിന്ദൂരം, ചെവിക്കിടയിൽ പൂക്കൾ: തോളിൽ കച്ചത്തോർത്തു മടക്കിയിട്ടിരിക്കുന്നു. വെളുത്തുചുവന്ന ശരീരം. അൻപതുവസ്സു പ്രായം.]

നമ്പൂതിരി:—(സാഹ്ളാദം ആടിക്കൊണ്ടു്, ഛായയുടെ മുഖത്തേക്കു നോക്കി) കേട്ടോ! അസല് പാക്കാണ് ഗോന്ദൻ കൊണ്ടന്നതു്. നല്ല തളിരുവെററില: പൊകയിലയും നല്ല വിശ്ശം: അസലാകും മുറുക്ക്: എന്നാ! (ചിരിച്ച്) ഒന്നു മുറുക്കല്ലോ.

ഛായ പുസ്തകത്തിൽ നോക്കി ചിന്താഗ്രസ്തയായിരിക്കുന്നു.)

നം:—(സാഹ്ളാദം ആടുന്നു) എന്താ? വായനയ്ക്കു തടസ്സമാണോ! ഇല്ല, ഉപദ്രവിക്കുന്നില്ല; വായിച്ചോളൂ! കുഞ്ഞമ്മ വായിച്ചോളൂ. ഒരു ചെവി മാത്രമിങ്ങു തന്നാൽ മതി. കേട്ടോ! തൃശ്ശൂപ്പൂരം ഉണ്ടല്ലോ ബഹുവിശേഷമാണ് ആനയ്ക്കു ലോഭമില്ല. നാഗസ്വരം ബഹുകേമം. എന്താ, കുഞ്ഞമ്മക്ക ഒരു ശ്രദ്ധയൊന്നുമില്ല, എന്നു നോക്ക് ഒരിശ്ശി ശങ്ക.

ഛായ:—(സഗൗരവം) ഇല്ല.

നംപൂ:—കഴിഞ്ഞതല്ലോ, ഏററമാന്തരാററ്റിനുമൊന്നു പോയിരുന്നു. ഇല്ല, ഗുണമില്ല. സദ്യ ഒക്കെ മോശം: ബഹുമോശം. ഈ ഗാന്ധിയാണിതിനൊക്കെ കാരണം; കുഞ്ഞമ്മ എന്തു പറയുന്നു?

ഛായ:—ഉത്സവസ്ഥലമിനി ബാക്കിയില്ലേ. പോകരുതോ അവിടെ.

നം:—(ചിരിച്ച്) എന്താ! ഒന്നും പിടിക്കുന്നില്ലേ കുഞ്ഞമ്മയ്ക്ക്. നമുക്കത്ര വലിയ പ്രായമൊന്നുമില്ല. അൻപതുവയസ്സു വലിയ കാര്യം! ഇനി പോണം; ഉത്സവത്തിനൊക്കെപ്പോണം. എത്ര നാളകൂടിയാണി, നോം ഇങ്ങടു വന്നതു്. കുഞ്ഞമ്മയ്ക്കു വലിയ ഉത്സാഹമൊന്നുമില്ല. കുട്ടിപ്രായമല്ലേ; നല്ല ഉത്സാഹം വേണ്ടേ. കേട്ടോ! വായിച്ചോളൂ! (ആട്ടം കൂട്ടുന്നു) നൊമ്മെ താസിൽദാരൊന്നു കണക്കിനു പററിച്ചുട്ടു. മാസ്പടി രണ്ടു മാസായെന്നെ കിട്ടിയിട്ട്. വലിയ ഒരു ചണ്ഡാലനാണയാൾ. ബ്രാഹ്മണരെ ബഹു നിസ്സാരം! നോമൊന്നു കണ്ടുകാര്യം പറയാൻ പോയെന്നേ! അയാളുടെ വാല്യക്കാരനൊണ്ടേല്ലാ! ഒരു കറുത്ത കുറിയാൻ! കരിംപായൻ! നൊമ്മെ ഒന്നു കടത്തിവിട്ടില്ലെന്നേ. പരിഷകൾ, കേട്ടോ! കുഞ്ഞമ്മാ! പോവാണ്; (ഛായ നംപൂരിയെ നോക്കുന്നു) നോം നേരിട്ടുപോവാണ്! തിരുവനന്തപുരത്തിനു പോവാണ്; തമ്പുരാനെ ഒന്നു കണ്ടിട്ടേ ഒള്ളു കാര്യം! ബ്രാഹ്മണതാപം വലിച്ചുവച്ചാൽ ....ഇംഗ്ലീഷിത്തന്നെ ഹരിജി ഒന്നു കൊടുക്കുന്നുണ്ട്. സേവൻ ശങ്കുണ്ണിനായരുണ്ടേല്ലാ. നൊമ്മുടെ ദിക്കുകാരനാണ്; ഒരിക്കലേ കണ്ടിട്ടൊള്ളു; ബഹു പരിചയാണ്. കുഞ്ഞമ്മേ! ഹർജിതയാറാക്കാനാരുണ്ടിവിടെ. ആ അപ്പാത്തിക്കരിക്കു പഠിച്ച കൊച്ചനൊണ്ടോ ഇവിടെ. ഒരാളയച്ചാലോ? (ഛായ ആശ്ചര്യത്തോടെ നോക്കുന്നു) ഗോണ്ടനെത്തന്നെ അയച്ചുകളയാം. എന്താ കുഞ്ഞമ്മേ! ഇവിടന്നു പറഞ്ഞു എന്നു പറഞ്ഞാൽ വരുല്ലേ: നല്ല ഹൃദയമുള്ള ഒരാളാണ് അയാള്.

ഛായ:—ആ മഠത്തിലെങ്ങാനും പോയിരിക്കരുതേ?

നം:—കുഞ്ഞമ്മയ്ക്ക്, അയാളെ പിടിച്ചില്ലേ പിന്നെ ആരെയാണു പിടിക്കുക? ഒററപ്രാവശ്യമേ നോമയാളെക്കണ്ടിട്ടുള്ളു. ബഹു ഭംഗിയായി സംസാരിക്കും. ബ്രാഹ്മണരെ ഒക്കെ ബഹുഭക്തി.

ഛരാ:—ആ ആട്ടക്കഥകൂടി എടുത്തുകൊള്ളണം. കഷ്ടം!

നം:—രസിക്കുന്നില്ലേ വായിച്ചോളൂ! കുഞ്ഞമ്മ വായിച്ചോളൂ. വാര്യരുടെ കഥകളെല്ലാം എനിക്കു തോന്നും. ബഹുകേമമാണ്. രസികൻ മണിപ്രവാളമല്ലേ ഭാഷ. ബഹുസംഗിതജ്ഞനായിരുന്നു വാര്യരു. കുഞ്ഞമ്മയ്ക്കു തോന്നുമോ ആ പദം! "പ്രിയമാനസാ! നീ പോയ് വരേണം, പ്രിയയോ—" ഒന്നാംതരം പദമാണത്. വാര്യരു ബഹു പണ്ഡിതനാണ് ആള്. അന്നൊരിക്കൽ, "കാമിനിരൂപിണി", എന്ന ഭാഗം, നമ്മുടെ ആ കൊച്ചുപ്പാത്തിക്കിരിയേ ഒന്നു ചെല്ലിക്കേൾപ്പിച്ചു. ബഹുരസികനാണയാൾ. ഭംഗിയായി നോമെന്നു ചൊല്ലി ആ പദം. രസിച്ചു. അങ്ങിനെ കണ്ണുമടച്ചുകൊണ്ടിരുന്നങ്ങോട്ടു രസിച്ചു. ഒററ പ്രാവശ്യമെ കണ്ടിട്ടൊള്ളു ഞങ്ങൾ തമ്മിൽ. ചേന്നയാളാണ് അയാൾ; എന്തു കുഞ്ഞമ്മയ്ക്കു പടിച്ചില്ലെ.

ഛരായ:—ഒന്നു എഴുന്നേററു പോകുമോ? ഞാൻ പോകുന്നു. ആ വെററിലത്തട്ടത്തോടിരുന്നു വത്തമാനം പറയണം; പാടിരസിക്കണം! (എഴുന്നേററു) എന്റെ ഭഗവാനെ! (കണ്ണിൽ ജലം നിറയുന്നു.)

നം:—വേണ്ടാ! വേണ്ടാ അയാളുടെ കാര്യം പറഞ്ഞപ്പോഴാണോ വല്ലാസ്സു പറയുന്നില്ല, വായിച്ചോളൂ. ബഹുരസികനാണയാൾ, അതുകൊണ്ടു പറഞ്ഞതാണ്.

ഛരായ:—എന്റെ ഭഗവാനെ! ഈ നാശം! (ഗദ്ഗദം പറഞ്ഞു, പുസ്തകം വലിച്ചു് എറിഞ്ഞു്, പുറത്തേക്കു പോകുന്നു.

(നം പൂറി ഇരിക്കുന്നു.)

[കർട്ടൻ]

രംഗം. 4.

[സമയം:—അന്നത്തെ മദ്ധ്യാഹ്നം.

രംഗം:—രമണന്റെ ഗൃഹം. മുൻതളം. രമണൻ മുററത്തേക്കു നോക്കിക്കൊണ്ടിരിക്കുന്നു. ഒരു ലൂസ്സ്ഷർട്ടു് ഇട്ടിരിക്കുന്നു. കയ്യിൽ ഒരു പത്രം.]

രമ:—എന്റെ ഹൃദയസ്ഥിതി ഈ പ്രകൃതി എങ്ങിനെ പകത്തി? കാമനയെപ്പററിയുള്ള വിചാരം ഉച്ചത്തിലെത്തിയിരിക്കുന്ന ഈ സമയം ഹൃദയം, ഇതാ ഈ മദ്ധ്യാഹ്നകാലത്തേക്കാൾ തപ്തമായിരിക്കുന്നു. (എഴുന്നേററു) ഛരായയുടെ മോഹനരൂപം എന്റെ ഹൃദയത്തിൽ. ഛരായയേ പ്രകൃതിയും ഹൃദയത്തിലൊതുക്കി ഇരിക്കുന്നോ? പ്രകൃതിതന്നെ അനുകരിക്കുന്നോ? അതോ പ്രകൃതിയേ ഞാൻ അനുകരിക്കുന്നോ? ഹാ! ഛരായേ! നീ എവിടെ!......സങ്കല്പം; സുന്ദര സങ്കല്പം,.....ഹാ......

[വൃദ്ധനമ്പൂരി, മുൻരംഗത്തിൽ കണ്ട വേഷത്തിൽ, കയ്യിൽ ചുരുട്ടിപ്പിടിച്ച ഒരു കടലാസുമായി പ്രവേശിക്കുന്നു.]

നം:—(അമിതാഹ്ലാദത്തോടെ) നോം ഇന്നു വന്നതേയുള്ളു. ഇവിടെ നിങ്ങളുമുണ്ടെന്നറിഞ്ഞു. ഒരു കൊല്ലായില്ലേ കണ്ടിട്ട്. (നോക്കി പുഞ്ചിരിതൂകി) "കാമിനിരൂപിണീ......" ഓക്കുന്നില്ലേ? അല്ലെങ്കിൽ എങ്ങനെ മറക്കും. അത്ര ബഹുരസികനല്ലേ ആള്. കണ്ടപ്പോഴോക്കും; നോക്കറിയാം. നമ്മുടെ കുഞ്ഞമ്മ ഉണ്ടല്ലോ. അങ്ങനെ വായിച്ചു രസിക്കുന്നു. ഉപദ്രവിക്കണ്ടാ എന്നു കരുതി. ഇങ്ങട്ടുവന്നിട്ടുമുണ്ടായിരുന്നു ഒരത്യാവശ്യം.

രമ:—ഇരിക്കണം.

നം:—(കൃതാർത്ഥനായി) ഇരിക്കാലോ. പരീക്ഷ ഒക്കെ ഭംഗിയായിക്കഴിഞ്ഞില്ലേ. ജയിക്കും, ജയിക്കും. എന്നാണ് ഇനി പോകുക. ഒരു ഉപകാരംകൂടി നോക്ക് ചെയ്യണം. ഇരിക്കൂ; നിങ്ങളുമിരിക്കൂ. (ഇരിക്കുന്നു) കണ്ടപ്പോഴാണ് ഒരു വലിയ ആശ; അതു സാധാരണയല്ലേ! ഇപ്പോഴും ഓർമ്മവന്നു. നമ്മടെ കുഞ്ഞമ്മ ഉണ്ടല്ലോ! ഛായ! ഛായ! വല്യ കാര്യാണ് നോക്ക്. ഇത്ര കാര്യായി ആരെം നോം സ്നേഹിച്ചിട്ടില്ല. നോം സ്നേഹിച്ചവരൊക്കെ നമ്മെ വെടിഞ്ഞു. എല്ലാം മരിച്ചു. ഛായ ഉണ്ടല്ലോ! അതുംകൊണ്ടൊരു പേടി ഇല്ലാതില്ല. നോമിന്റെ ജീവനാണു കുഞ്ഞമ്മ. ഒരു കാര്യം നിങ്ങള് ചെയ്യണം! ഓർമ്മണ്ടല്ലോ, ഛായയുടെ ഒരു പടം എടുത്ത് കൽക്കട്ടാവിന്നു കൊടുത്തയക്കണം. എത്ര ഉറുപ്പിക വേണ്ടിവരും അതിന്; ഇതേവരെ ആരും പടം എടുത്തിട്ടില്ല. അതാണു കൽക്കട്ടാവിന്നുതന്നെ വരുത്തണമെന്നു നോക്ക് ഒരാശ. പോകാറാകുമ്പോ ഉറുപ്പിക തരാം. നിങ്ങൾക്കതിന്നു പ്രയാസമില്ലല്ലോ......... ജയിക്കുമപ്പോ അല്ലേ? കട്ടകട്ടയാണിസായിപ്പ്മ്മാരൊക്കെ അല്ലേ; നാട്ടുകാരെ കണ്ടുകൂടാ അവക്ക്. പാവം, ആ ഗാന്ധിയെ എത്രപ്രാവശ്യമാ അവര് ജയിലിലിട്ടത്; മ്ലേച്ഛന്മാരാണ്. നാട്ടുകാരെ ബഹുപുച്ഛം. ആ ചണ്ഡാലപ്പരിഷയേ ഓടിച്ചെങ്കിലേ ഉള്ളു നമ്മുടെ നാട്ടിനു ഗുണം. ഒന്നു മുറുക്കിയിട്ടു കുറേ നേരമായി. ഹേയ് ഇരിക്കുന്നേ. (മുറുക്കാനെടുക്കുന്നു.)

രമ:—(തുണ്ടുമടിയിൽനിന്നെടുക്കുന്നു) പാക്കുണ്ടോ അതിൽ.

നം:—ഉണ്ട്. ബഹുരസികനാടകയൊണിനാട്ടിലേ! അപ്പോ വന്ന കാര്യം പറഞ്ഞില്ലല്ലോ. പറയാം, പറയാം. താസിൽദാരുണ്ടല്ലോ; വല്യ അഹംകാരി. രണ്ടുമാസായി നമ്മുടെ മാസപ്പടി കിട്ടിയിട്ട്. ബ്രാഹ്മണരെ ഒക്കെ വലിയ നിസ്സാരം. അവക്കു ബഹുനിസ്സാരം. അതിനു ഒരു ഹർജി തയ്യാറാക്കണം. അതിന്നാണിങ്ങോട്ട് വന്നത്. എന്താ ഇപ്പോ തന്നെ

ന്ന എഴുതുകയല്ലേ? അയക്കണം. ഇതാ കടലാസ്; (മുതളുനിവർത്തു കടലാസ് കൊടുക്കുന്നു) നോക്കു് നേരിട്ടയക്കണം. ആ ഉറപ്പിക കിട്ടീട്ടുവേണം, ചില കാര്യമൊക്കെ നടന്നാൽ ഛായയുടെ പടം എടുക്കണേ! അതിനും കൃപാ വേണമല്ലോ.

രമ:—എന്നയക്കണം.

നം:—ഇപ്പത്തന്നെ അയച്ചുകളയാം. എഴുതിയാലപ്പോരെ!

രമ:—വച്ചിട്ടു് അങ്ങോട്ടു കൊടുത്തയക്കാം. ടൈപ്പ് ചെയ്യാൻ എന്റെ കൈവശം യന്ത്രമുണ്ടു്. നാലുമണിക്കു കൊടുത്തയക്കാം. സ്വത്രപത്തിൽ കാണുമല്ലോ? ദേവസ്വം കമ്മീഷണർക്കല്ലേ അയക്കേണ്ടതു്.

നം:—ആർക്കായാലും വേണ്ടില്ല. നോക്കു കാര്യം കാണണം. അപ്പോ വൈകിട്ടു കൊടുത്തയക്കണം. പടത്തിന്റെ കാര്യമെന്തു പറയുന്നു. ഇവിടത്തെ മേൽവിലാസത്തിൽ അയച്ചാൽമതി. ഛായയേ നല്ല ഓർമ്മയില്ലേ? പിന്നെന്താണ് പ്രയാസം! മറന്നെങ്കിൽ അതിനുമില്ല വിഷമം. അങ്ങോട്ടു് ഒന്നു വരികതന്നെ. കാണാമല്ലോ. അടുത്തു വരണ്ടാ. കുഞ്ഞമ്മമാരല്ലേ. അവർക്കൊന്നും പിടിക്കില്ല. നോക്കു് അപ്രിയമൊന്നുമില്ല. നിങ്ങൾ നല്ല ആളുകൾ. നോമിന്റെ ജീവനാണു് ഛായ! കേട്ടോ? എത്ര ഉറപ്പികവേണം; നോമിങ്ങനെ രാജ്യംചുറ്റുകല്ലേ? ഛായയുടെ ഒരു ഛായ വേണം നമുക്കും.

രമ:—പറയാം. പോകാൻ കാലമാവട്ടെ.

നം:—(ചിരിച്ചു് ആനന്ദചിത്തനായി) മതി മതി. കുഞ്ഞമ്മടെ ഛായേംകൊണ്ടുതന്നെ പൊയ്ക്കോളു. പടം ഇങ്ങുവരണം, നോക്കു്, അത്രേ വേണ്ടു. ഹരജി അപ്പൊ നാലുമണിക്കു്. നോം സ്വത്രപത്തേക്കണ്ടു് വരികയില്ല. വാസുഏട്ടന്റെ ഇല്ലത്തു് ഒരടിയന്തരമാണു നാളേ! നാം ആണു ദേഹണ്ഡം. നേരത്തേ നോം പോകും. വാസു ഏട്ടൻ ബഹുരസികനാണു് ആൾ. ആരുടെ കയ്യിൽക്കൊടുത്തയയ്ക്കും.

രമ:—വാലിയക്കാരൻ വശം.

നം—പോരാസ്സയില്ല. കുഞ്ഞമ്മയുണ്ടല്ലോ, ഛായ അവരുടെ അടുക്കൽ കൊടുത്താൽമതിയെന്നു പറയണം. നോം പോകട്ടെ. ഛായേടെപടം മറക്കരുത. (പോകുന്നു.)

രമ:—(ദീർഘശ്വാസത്തോടുകൂടി) എന്റെ സർവ്വശക്താ! സാധുബ്രാഹ്മണൻ, കളങ്കമെന്തെന്നു കണ്ടിട്ടില്ലാത്ത പാവം; പഞ്ചപാവം; സങ്കല്പലോകത്തിൽനിന്നു യാഥാർത്ഥ്യത്തിലേയ്ക്കു് ആ സാധു എനിക്കു വഴികാണിച്ചു. ഹാ! എന്റെ സങ്കല്പസാധനം തകന്നു് ഇതാ താഴെ! അല്ലെങ്കിൽ എന്തിനു് എന്റെ ആശ ആ ഛായയിൽ പതിച്ചു? ഛായകണ്ടു്, വസ്തുവെന്നു തെററിദ്ധരിച്ചു സ്വന്തമാണെന്നു വ്യാഖ്യാനിച്ചു ഞാൻ

അവിവേകി. ആ വൃദ്ധന്റെ ആരാധനാവിഗ്രഹത്തെ അപഹരി ക്കാമെന്നുറച്ച ഞാൻ എത്ര വഞ്ചകൻ. സ്വാത്മസംപൂർത്തിക്കു സമു ദായോദ്ധാരണം ചെയ്യാൻ, മാമൂൽധ്വംസനം ചെയ്യാൻ വിചാരിച്ച ഞാൻ ആര്? സ്വാതന്ത്ര്യം! ശരീരംപൂണ്ട സ്വാതന്ത്ര്യം! സ്വജനദ്രോഹി! ഛായ എന്റേതല്ല; എനിക്കുള്ളതല്ല. ഛേ! എന്തൊരു മഹാദ്രോഹ മാണു ചെയ്യാൻ ഞാൻ മുതിർന്നതു്. വൃദ്ധവൃക്ഷത്തെ വെട്ടിവീഴ്ത്താമെന്ന്, കഷ്ടം! (ചിന്താവിവശനായിനിന്ന്) ഹാ! ഛായേ! നിന്നെ ഞാനെങ്ങി നെ ഉപേക്ഷിക്കും. നീ ആ നിമിഷം മരിക്കും. അസ്ഥാനത്തിൽനിന്ന് ആലോചനകൂടാതെ ഞാൻ നിനക്കു വാഗ്ദാനം ചെയ്തു. വേണ്ടാ! നിന്നെ ഞാൻ മറക്കാം!--ഹാ! (വൈരാഗ്യപൂർവ്വകം) നീ എങ്ങിനെ എങ്കിലും ജീവിക്ക്! നിന്റെ കുടുംബത്തിനു തീരാക്കളങ്കമുണ്ടാക്കാൻ! ഹാ! സ്വജനദ്രോഹം? സമുദായദ്രോഹം. നീ എന്റേതല്ല. പാകം ചെയ്യാൻ നിന്നെ പങ്കാളിയാക്കാൻ......അപരന്റെ ഭാര്യയെ, അഗ്നിസാക്ഷിണിയായി അന്യനു ഭാര്യയായിത്തീർന്ന സ്ത്രീയെ! ഛേ! വേണ്ടാ. പൊയ്ക്കളയാം. ഇനി ഒരു നിമിഷം ഈനാട്ടിൽ താമസിക്കേണ്ട! (വിഷണ്ണനായി നിന്ന് അല്പം കഴിഞ്ഞു നിലത്തു ഉറക്കെ ചവിട്ടി) ഹാ! വേണ്ടാ! വിഷം സർവ്വാംഗം വ്യാപിക്കുന്നതിനുമുമ്പ് ആ അംഗം ഛേ ദിച്ചുകളയാം. ദുസ്സഹവേദന സഹിക്കാം......(ഉച്ചത്തിൽ) വലി യമ്മേ!

(വലിയമ്മ പ്രവേശിക്കുന്നു.)

രമ:—(സഗദ്ഗദം, എന്നാൽ നിശ്ചിതസ്വരത്തിൽ) വലിയമ്മേ! ഇന്നുതന്നെ കല്ക്കട്ടായ്ക്കു പോകേണ്ടിയിരിക്കുന്നു. എനിക്ക് ഇവിടെ ഒരു സുഖവുമില്ല.

വ-അ:—(അത്ഭുതത്തോടെ) എല്ലാം മാറുന്നോ? ഛായയും, വൃക്ഷവും, എല്ലാം ഇത്രവേഗം മാറുന്നോ? നിനക്കു പിച്ചുപിടിച്ചോ മകളേ! ഇവിടം സ്വർഗ്ഗമാണെന്നു പറഞ്ഞിട്ട് അരപത്തുനാഴിക തികഞ്ഞോ? എന്താ ണിത്ര തിടുക്കം. ഈ ചൂടൊക്കെ അവിടെച്ചെല്ലുമ്പോൾ വർദ്ധിക്കും. ആ ഛായയിൽ പോയിരുന്നാൽ സുഖമാണെന്ന് ഇന്നലെ നീതന്നെ യല്ലേ പറഞ്ഞതു്.

രമ:—ഇന്നു യഥാർത്ഥത്തിൽ ഞാൻ തന്നെയാണ് പറയുന്നതു്. പോ കാതെ നിവൃത്തിയില്ല. ഇന്ന് ആറുമണിക്ക് എറണാകുളത്തിനു തിരിക്കണം.

വ-അ:—ഇങ്ങനെ ധിറുതി കൂട്ടിയാലോ? എന്തെല്ലാം കാര്യം ഇവിടെ ശരിയാക്കേണ്ടിരിക്കുന്നു.

രമ:—അതെല്ലാം ശരിയാക്കിക്കൊള്ളാം. പോവാൻ തയ്യാറായിക്കൊള്ളു ണം. ഞാൻ പുറത്തുപോയി സന്ധ്യയാകുമ്പോൾ വരുന്നുണ്ടാകാം.

വ-അ:—(അടുത്തുചെന്ന് തലോട്) എന്റെ മക്കൾക്ക് എന്തുപററി! ഉള്ളതു് പറയൂ! എന്റെ കുഞ്ഞല്ലേ.

രമ:—ഇന്നു പോകണം. ഉറച്ച കാര്യമാണ്. ഇനി ഇളക്കമില്ല.

വ. അ:—ഈ കടുത്ത വെയിലത്തു് എന്റെ മക്കളിറങ്ങിപോയാലോ. വെയിലൊന്നു ആറട്ടെ!

രമ:—ഞാൻ പോയിട്ടുവരാം. (പോകുന്നു).

വ-അ:—(സഗൽഗദം) എന്റെ നിത്തിരുവടി? എന്റെ കുഞ്ഞിന് എന്തു പററി? (പോയവഴി നോക്കിനിൽക്കുന്നു).

[കർട്ടൻ.]

രംഗം. 5.

(സമയം:—സായം സന്ധ്യ.
രംഗം:—ഒന്നാംരംഗത്തിലെ കുന്നിൻ ചരിവു്. വൃക്ഷഛായയിൽ 'ഛായ' രമണന്റെ ആഗമനത്തെ പ്രതീക്ഷിച്ച് അക്ഷമയായിനില്ക്കുന്നു. രമണൻ, ഇരുവശവും നോക്കാതെ, അല്പം അകലേയായി അതിധൃതിയിൽ നടന്നുപോവുന്നു.)

ഛായ:—(ആവേശത്തോടെ) എന്നെക്കാണാതെ കടന്നുകളയാമെന്നാണോ വിചാരിച്ചതു്. നല്ല വിദ്വാൻ തന്നെ!

(രമണൻ പെട്ടെന്ന് തിരിഞ്ഞുനോക്കുന്നു. മൂകനായി നിന്നേടത്തു തന്നെ നില്ക്കുന്നു. ഛായ വേഗം അടുത്തു ചെല്ലുന്നു.)

ഛായ:—നോക്കണം. കള്ളന്റെ കണ്ണുകൾ, ദൃഷ്ടിയുറപ്പിച്ചുനോക്കുന്നതു (കുറെക്കൂടി അടുത്തു് ചെന്ന്) അല്ലേ. എന്തിനാണ് ഈ വഞ്ചനയൊക്കെ.

രമ: (ശ്വാസം തടഞ്ഞ്) ഛായേ!

ഛായ:—ഇപ്പോഴേ പേരോർമ്മിച്ചുള്ളോ? (അടുത്തുചെല്ലുന്നു.)

രമ:—ഛായേ! ഞാൻ നിന്നെ......

ഛായ:—കബളിപ്പിക്കാനൊരുങ്ങിയെന്നു പറയണം.

രമ:—വാസ്തവം. സ്ത്രീകളുടെ സൂക്ഷ്മനിരീക്ഷണശക്തി ഞാൻ സമ്മതിച്ചിരിക്കുന്നു. ഛായേ! ഇന്നത്തെ മദ്ധ്യാഹ്നം, നമ്മുടെ പ്രണയചരിത്രത്തിന്റെ അന്തിമാദ്ധ്യായം--നമ്മുടെ പ്രണയചരിത്രം, ഇന്ന് ഉച്ചക്ക് അസ്തമിച്ചു.

ഛായ:--എന്താണ് പറഞ്ഞതു്? മദ്ധ്യാഹ്നത്തിൽ അസ്തമയം ഉണ്ടാവുകയില്ല; ഉണ്ടായിട്ടുമില്ല. ഒരു സ്ത്രീയേയാണോ ഇതു പറഞ്ഞു വിശ്വസിപ്പിക്കാൻ തുടങ്ങുന്നതു്. ഈ നാട്ടിൽ ഇങ്ങനെ ഉച്ചക്കസ്തമിക്കുന്ന പതിവില്ല. നിങ്ങടെ 'കല്ക്കട്ടാ'ക്കാര്യം നല്ല നിശ്ചയമില്ല. ഞാൻ കൂട്ടിലടച്ച പക്ഷിയല്ലേ.

രമ:—(ഹതാശനായി) കാര്യമായിപ്പറയുകയാണ്. നമ്മുടെ പ്രേമചരിത്രം ഇന്നവസാനിച്ചു. ഇത്തരത്തിൽ നമുക്ക് ജീവിപ്പാൻ.........

ഛായ:—ഇന്നലേപ്പറഞ്ഞു ലോകാപവാദം ഭയമില്ല പുരുഷന്മാർക്കെന്ന്. ഒരു അസ്തമയം കഴിഞ്ഞപ്പോൾ പുരുഷന് ഇത്രയും വ്യത്യാസമുണ്ടായാൽ, ഇന്നലത്തെ പര്യായം ഞാൻ തിരിച്ചു പ്രയോഗിക്കും.

രമ:—(സവ്യസനം) പുരുഷൻ ചാപല്യമല്ല, കൗടില്യമാണ്.........നമുക്കു ഇനി ഈ ജന്മം കാണ്മാൻ സാദ്ധ്യമല്ല.

ഛായ:—കാര്യമായിട്ടുതന്നെയോ ഇപ്പറയുന്നത്.

രമ:—കളി ഞാൻ ചുരുക്കമായിട്ടല്ലേ പറഞ്ഞിട്ടുള്ളു. ഇനി നാം തമ്മിൽ കാണാതിരിക്കുകയാണുത്തമം. ഞാൻ ആര്......ആലോചിക്കു; നീ ആര്?

ഛായ:—ഞാൻ അവിടത്തെ ഛായ!

രമ:—അല്ല: എന്റെ ഛായയല്ല. എനിക്കു ഛായയുമില്ല.

ഛായ:—(സഗദ്ഗദം) ഈ ഞാൻ പിന്നാരുടേതാണ്?

രമ:—ഞാൻ പറയണമോ? നിങ്ങൾ അന്യനുടമപ്പെട്ടവളാണ്. എനിക്ക് ഒരവകാശവുമില്ല. എന്റേതാണെന്നു ഞാൻ വെറുതേ വ്യാഖ്യാനിച്ചു!

ഛായ:—(അടുത്തുചെന്നു കരം ഗ്രഹിക്കുന്നു) അങ്ങ് എന്റേതാണ്: അങ്ങയുടെ ഛായതന്നെ ഈ സാധു.

രമ:—(അസ്വസ്ഥബോധനായി) എനിക്കു വെറും ഛായ! വസ്തു അപരന്റേതു. ആ വസ്തുവിന്റെ ഛായ എന്റേതല്ല.

ഛായ:—(കരം പിടിച്ചു ചുംബിക്കുവാൻ ശ്രമിക്കുന്നു) ഞാൻ അങ്ങയുടെ; അങ്ങുതന്നെ വസ്തു. ഇതുതന്നെ ഛായ! എന്താണിതു്?

രമ:—(കയ്യ് പിടിച്ചുകററി സഗൗരവം) ഛായേ! നീ ഒരു സ്ത്രീയല്ലേ!

ഛായ:—(കണ്ണീർ പൊഴിച്ച്) അതല്ലേ പുരുഷന്റെ ഛായയിൽതന്നെ നില്ക്കുന്നതു്. (കരം പിടിക്കുന്നു: രമണൻ അകന്നകന്നു മാറുന്നു.)

രമ:—അന്യപുരുഷന്റെ ഛായയിൽ ഒരു സ്ത്രീയോ?

ഛായ:—എന്റെ പുരുഷന്റെ ഛായയിൽതന്നെയാണ് ഞാൻ നില്ക്കുന്നതു്.

രമ:—അല്ല, ഞാൻ അന്യനാണ്.

ഛായ:—അങ്ങന്യനാണെങ്കിൽ, ഞാൻ ഞാനല്ല.

രമ:—നീ, നീതന്നെ: വിവാഹിതയായ ഒരു സ്ത്രീ.

ഛായ:—വിവാഹിതയോ? ഞാൻ വിവാഹിതയോ?

രമ:—അതേ!

ഛായ:—വിവാഹിതഃ ഞാനോ? കുറേ ആളുകളുടെ മുമ്പിൽവച്ച് ഒരു തടവുകാരിയുടെ കഴുത്തിൽ ഏതെങ്കിലുമൊരു പുരുഷൻ, ഒരു ചരടു കെട്ടുന്നതാണോ വിവാഹം?

രമ:—നീ വിവാഹിത! നീ നിൻെറ ഭത്തവിനെ ശുശ്രൂഷിക്കു.

ഛായ:—(സന്തോഷത്തോടെ) അതാണ് എനിക്കും ആനന്ദം. (അടുത്തു വീണ്ടും ചെന്ന്) ആത്മനാഥാ!

രമ:—ഹാ! നീ വെറം......നിൻെറ ഭത്താവിനെ ഇന്നു ഞാൻ കണ്ടു.

ഛായ:—(നിരാശയോടെ) ഹാ! വൃദ്ധബ്രാഹ്മണനോ? എൻെറ പ്രായത്തിൽ ബ്രാഹ്മണകന്യകയ്ക്കു പിതാവായ ആ വൃദ്ധൻ......മൂന്നു വേളി കഴിഞ്ഞിട്ടും ഈ സാധുവിനെ......ഹാ......കഴുത്തിൽ ചരടുകെട്ടിയാൽ അയാറം ഭത്താവാകുമോ? സ്ത്രീഹൃദയത്തേ നിഷ്കളങ്കപ്രേമംകൊണ്ടു ബന്ധിക്കുന്നവനാണ്, ഭത്താവ്! ഇതു് ഞാൻ അങ്ങയെ അനുസ്മരിപ്പിക്കണമോ? ആ പുരുഷനെയാണ് സ്ത്രീ ഹൃദയക്ഷേത്രത്തിൽവെച്ച് ആരാധിക്കുന്നതു്. അങ്ങാണ് എൻെറ ഭത്താവ്.

രമ:—ഛായേ! നീ അന്യൻെറ ഭാൎയ്യയാണ്.

ഛായ:—ഞാൻ ഹൃദയംകൊണ്ടാരാധിക്കുന്ന ആറം അല്ല എൻെറ ഭത്താവെങ്കിൽ, ഞാൻ അന്യൻെറ ഭാൎയ്യയാണ്. പക്ഷെ അങ്ങാണ് എൻെറ ഭത്താവ്. (കരം ഗ്രഹിക്കുന്നു)

രമ:—(വീണ്ടും തട്ടിമാററി) നീ നിൻെറ ചാരിത്രത്തേ വില്ക്കാതെ.

ഛായ:—സ്ത്രീക്ക് അറിയാം ചാരിത്രത്തിൻെറ അമൂല്യത. ചാരിത്രം കാപട്യമല്ല; അതു സത്യത്തിലാണ് ജീവൻകൊണ്ടിരിക്കുന്നതു്. സത്യമല്ലേ പ്രേമം.

രമ:—(രോഷാകുലമായ സ്വരത്തിൽ) മാറിനില്ക്കു്; ഞാൻ അന്യൻ!

ഛായ:—(പുറംതിരിഞ്ഞു മാറി) എൻെറ ആത്മനാഥനോടു വാദിച്ചു ജയിക്കണമെന്ന് എനിക്കിച്ഛയില്ല.

രമ:—ഛായേ! നീ പോകൂ. നാംതമ്മിലുള്ള അന്ത്യസമാഗമമാണിതു്. ഇന്നു ഞാൻ കൽക്കട്ടാവിന്നു പോകുന്നു. നീ......ഞാൻ വൃക്ഷത്തെ വെട്ടി വീഴ്ത്തുകയില്ല.

ഛായ:—അങ്ങു ഒരു മുല്ലവള്ളി ചുവടോടെ പിഴുതു പാറയുടെ പുറത്തേക്കു വലിച്ചെറിയുമോ?

രമ:—ഛായേ! ഇനി നാംതമ്മിൽ കാണണ്ടാ?

ഛായ:—ഇലന്നത്തെ മനോഹരസന്ധ്യയിൽ അങ്ങ് ഈ സ്ഥാനത്തുനിന്നു പറഞ്ഞതെന്താണ്.

രമ:—ആ ഭയങ്കരസന്ധ്യ മറന്നു.

ഛായ:—ഹാ! കണ്ണിൽനിന്നു മറഞ്ഞാലും മനസ്സിൽനിന്ന് അതു മായുമോ? കഷ്ടം! ഇന്നലത്തെ സൂര്യനല്ലേ ഇന്നും ഉദിച്ചുയരുന്നത്.

രമ:—ഇന്നലത്തെ ചപലൻ, വികാരപരാധീനൻ, അല്ലാ ഇന്ന് ഛായയോടു ഉറപ്പുപറയുന്നത്. നീ പോകൂ.

ഛായ:—കഴിഞ്ഞ മൂന്നുവർഷത്തെ എന്റെ നിഷ്കളങ്ക പ്രേമം!

രമ:—എല്ലാം വെറും ഛായ!!

ഛായ:—ഹാ! അങ്ങ് ആര്; എന്റെ ആത്മനാഥനല്ലേ!

രമ:—ഞാൻ പാപി. നിന്റെ ദൃഷ്ടിയിൽ മഹാവഞ്ചകൻ!

ഛായ:—(കരഞ്ഞുകൊണ്ട്) ഹാ! ഞാനോ? (കർട്ടൻ വീഴുന്നു)

രമ:—ഛായ......(ഓടി മറയുന്നു)

(സമാപ്തം.)

എന്റെ കാത്തിരിപ്പ്.

[കുട്ടികൃഷ്ണമാരാര്]

ലോകത്തിൻ ചിരന്തനചിന്തനസമുച്ചയ-
മാകുന്ന രവിയുടെ സംസർഗ്ഗവശാലിതാ,
ആകവേ മുളച്ചുപൊന്തീടുന്നു, വിയത്തിങ്ക-
ലാകമ്രകനകപ്പൂമുളകൾ—നക്ഷത്രങ്ങൾ.
എത്ര ചിന്തനങ്ങളുമെത്ര വിജ്ഞാനങ്ങളു-
മെന്നുടെ പാഴ്ജീവിതപ്പൂഴിമൺ നിലമിതിൽ
വന്നു നോക്കിനാർ വൃഥാ, കാററിന്നു മായ്ക്കാൻ വേണ്ടി
വല്ലാത്ത കാൽപ്പാടുകൾ മാത്രമുണ്ടാക്കിക്കൊണ്ടേ;
അക്കൃഷീവലരാരും പാകിയില്ലോ,രോമന-
പ്പൽക്കൊടിയുടെ വിത്തും പൂലില്ലാത്തിവിടത്തിൽ!
വഴിയാത്രക്കാർക്കു കാൽക്കഴപ്പും കടുംചൂടും
വളത്താനായിട്ടേവം കിടപ്പിതിതു ഹാ ഹാ!

മലർമാസത്തിൽ വെറും പൊന്തകൾപോലും നന്നായ്-
പ്പല ഭാവങ്ങളഭിനയിപ്പൂ സുമച്ഛാത്താൽ;
കാറെറാന്നു വീശീടുമ്പോൾ നർത്തനവിഭേദങ്ങൾ
കാട്ടുന്നു സവിലാസം കാട്ടുവള്ളികൾ പോലും;
കാർമുകിലേതുണ്ടോ,രു സന്ധ്യയ്ക്കു തൻചന്തത്തെ-
ത്തൂമഴവില്ലാൽച്ചിത്രമെഴുതിക്കാട്ടിടാതെ?
വരണ്ടുകിടക്കുമേത രുവിച്ചാലും രസാൽ-
ച്ചെറുതാമൊരു പാട്ടു പാടിടും വർഷർത്തുവിൽ.
എന്റെ ജീവിതംമാത്രം സൌഭാഗ്യവിരഹിത-
മെന്നെന്നും വിഷാദൈകമയമായ് നീണ്ടിടുന്നു.
ഒരിയ്ക്കൽപ്പേമാരിയാൽപ്പുരകെച്ചെളി കെട്ടും,
ഒരിയ്ക്കൽക്കൊടുകാററത്തെമ്പാടും പൊടി പാററം,
ഒരിയ്ക്കലെരിവെയിലാലെരിഞ്ഞുപൊരിയുമി-
ത്തരിശാം *ക്ഷേത്രം;- ഇതു വല്ലാത്ത പരിണാമം!
എത്രയെത്രയോ മൃഗതൃഷ്ണകളോളംവെട്ടി
തപ്തമാമിതിൽ! മുററം മടുത്തു മനസ്സു മേ.
എന്നുടെ സവിഷാദചിന്തകളന്തിക്കെഴും

---

* ശരീരം, മനോബുദ്ധീന്ദ്രിയങ്ങളുൾപ്പെടെ ക്ഷേത്രമാണെന്നു വേദാന്ത വ്യവഹാരം.

പൊന്നുടുപ്പുടവമേച്ചഴകള പിടിപ്പിപ്പൂ;
കരളിലൊതുക്കിടും തേങ്ങൽ, പോയ്ക്കിളികൾതൻ
കളകൂജിതങ്ങളെ വിസ്മരപ്പെടുത്തുന്നു;
തുംഗനിശ്വാസോഷ്മാവോ വാഴുന്നു, ചുഴലവേ
ഭംഗിയിൽ വിടരുന്ന മുല്ലത്തൂമലർകളെ!
ഈവിധമസുഖത്തെപ്പരത്തുന്നതുമൊരു
ജീവിതമാമോ? തത്ത്വവേദികൾ ചിന്തിയ്ക്കട്ടെ.

ജീവിതമൊരു കൊടുംയുദ്ധമാണുപോല,തി–
ലാവതും ജയത്തിന്നു പോരടിയ്ക്കണംപോലും!
ജീവിതത്തിലെക്കഴമ്പായിടാം ജയം; ഞാനോ,
കേവലമാഹ്ലാദത്തിൻ ചിരിയാൽകൃതാർത്ഥനാം:
കായ്ക്കഴവെഴും മററു ചെടികളുടെ ധാർഷ്ട്യം
കാങ്കയാൽ പൊട്ടിച്ചിരിച്ചീടുന്നു പരുത്തികൾ;
അതുതാനല്ലോ, ശില്പകലതൻ പൂമേനിയിൽ–
ക്കതുകാൽച്ചാർത്തിയ്ക്കുന്നു മൃദുലദുകൂലത്തെ.
പ്രകൃതീശ്വരിയുണ്ടോ വിജയപരാജയാ–
ദികളിൽ ശ്രദ്ധിയ്ക്കുന്നു സൌഭഗമരുളുവാൻ?
സുന്ദരം, പകലിൻെറ വിജയമുഷസ്സത്ര
സുന്ദരമതിൻ പരാജയമാം സായാഹ്നവും.
പൂർണ്ണസൌഭഗം താനാണമൃതകിരണൻെറ
പൂർണ്ണിമാബിംബംപോലേ പ്രതിപൽക്കലതാനും!

ഇത്രമേലമൃതത്തിൻ കോളേററം നടക്കുമീ
വിസ്തൃതപ്രപഞ്ചത്തിൽ,ക്കാലത്തിൻ തിരിച്ചിലിൽ,
ഒരിയ്ക്കൽത്തെറിച്ചേയ്ക്കാ,മെന്നിലും യദൃച്ഛയാ–
യൊരു ശീകരമതു കാത്തിരിയ്ക്കുകയാം ഞാൻ;
അത്തപാത്ര്യയാകാശേ മന്ഥരം ചരിച്ചീടും
സ്നിഗ്ദ്ധമേചകമുഗ്ദ്ധജീമൂതമാർദ്രാത്മാവായ്
മുത്തുമാലയോടൊത്തു തൂകിടും ജലധാര–
യെത്തുവോളവും ദാഹം സഹിയ്ക്കും വേഴാമ്പൽ ഞാൻ.

കലയിലെ സ്വാഭാവികത്വം

(Realism in Art)

[ക്യാപ്റ്റൻ എ. ആർ. പൊതുവാൾ ബി. എ., എം. ഡി.]

കലാവിദ്യകളെപ്പററി നമ്മുടെ ഇടയിൽ ചിലൎക്കുള്ള ധാരണ വിചിത്രംതന്നെ. കേരളകലാമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഒരു സഭയിൽവെച്ചു ചില പ്രാസംഗികന്മാർ കലാവിദ്യയെപ്പററി പ്രകാശിപ്പിച്ച ചില അഭിപ്രായങ്ങളാണു് എന്റെ കണ്ണു തുറന്നതു്. യൂറോപ്പിൽ ഓരോരോ കാലത്തു സംഭവിച്ചിട്ടുള്ളതുപോലെതന്നെ. നമ്മുടെ നാട്ടിലും കലാവിദ്യകളുടെ രീതിക്കു ചില വ്യത്യാസങ്ങൾ വരുത്തുവാൻ തക്കവണ്ണം ജനങ്ങൾ ഇവയെപ്പററി ചിന്തിക്കുവാൻ തുടങ്ങിയോ എന്നു് ആദ്യം ഞാൻ സംശയിച്ചുപോയി. കലാമണ്ഡലത്തിലെ അപൂൎവ്വം ചില അംഗങ്ങൾക്കല്ലാതെ സാമാന്യജനങ്ങൾക്കു ലളിതകലകളേക്കാൾ സദ്യയിലാണു് അധികം അഭിരുചിയെന്നായിരുന്നു ഞാൻ ധരിച്ചിരുന്നതു്. ഇന്നും ആ ധാരണയ്ക്കു് ഗണ്യമായ വ്യത്യാസം വന്നിട്ടുണ്ടെന്നു പറയുവാൻ തരമില്ല. മനുഷ്യജന്മം കൈവന്ന ജീവികൾക്കു മാത്രം ലഭിച്ചിട്ടുള്ള സംസ്കാരത്തിന്റെ ഫലമാണു കലകളെന്നും ഈ സംസ്കാരമാണു മനുഷ്യരെ മൃഗങ്ങളിൽനിന്നു വ്യത്യസ്തരാക്കുന്നതെന്നും നമ്മുടെയിടയിൽ അധികം ആളുകൾ ധരിച്ചിട്ടുണ്ടോ എന്നു സംശയമാണു്. കാവ്യങ്ങളും, നാടകങ്ങളും, സംഗീതവും പ്രതിമാപ്രകടനവും ഒരു ജനതയുടെ വ്യക്തിത്വത്തേയും പ്രാഭവത്തേയും വ്യഞ്ജിപ്പിക്കുന്നവയാണെന്നു് അധികം ആളുകൾക്കു് അറിഞ്ഞുകൂടാ. സാമാന്യജനങ്ങളുടെ വാസന സ്ഥൂലങ്ങളായ പഞ്ചേന്ദ്രിയങ്ങളുടെ സംതൃപ്തിയിലേക്കാണു ചായുന്നതു്.

എങ്കിലും കലാവിദ്യകളിൽ വാസ്തവമായ താല്പൎയ്യമുള്ളവരും ഉണ്ടെന്നു നടിക്കുന്നവരുമായ ആ ന്യൂനപക്ഷത്തിന്റെ മനോഗതി എങ്ങനെയാണെന്നറിയുവാൻ പലൎക്കും കൌതുകമുണ്ടായേക്കാം. പ്രസ്തുത സഭയിൽവെച്ചു് ഈ മനോഭാവത്തിന്റെ സൂചനകൾ അല്പാല്പമായി പ്രത്യക്ഷമായില്ലെന്നില്ല. പ്രാസംഗികമായി നാടകങ്ങളുടെ രീതികളെപ്പററി ചില അഭിപ്രായങ്ങൾ പുറപ്പെടുവിക്കേണ്ടിവന്നു. അങ്ങനെ പറഞ്ഞുവന്നപ്പോൾ ഒരു പ്രാസംഗിക തമിഴ്നാടകങ്ങളുടെ അസ്വാഭാവികവും പ്രകൃതിവിരുദ്ധവുമായ രീതിയെ ആക്ഷേപിക്കുകയുണ്ടായി. തമിഴ്നാടകങ്ങളിൽ സംഗീതം അധികമാണെന്നും, മനുഷ്യർ സംഗീതത്തിൽ സംസാരിക്കുന്നതു് അസ്വാഭാവികമാണെന്നുമായിരുന്നു അവരുടെ സിദ്ധാന്തം. മാത്രമല്ല, കഥാസന്ദൎഭം അനുസരിച്ചു് അന്യഹിംസയ്ക്കോ ആത്മഹത്യയ്ക്കോ മുതിരുന്ന ഒരു കഥാപാത്രം വാളും പൊക്കിപ്പിടിച്ചു് ആ കഠിനകൃത്യത്തിന്റെ

മുഖവുരയായി രാഗവിസ്താരം ചെയ്യുന്ന സമ്പ്രദായം അസ്വാഭാവികതയുടെ മകുടോദാഹരണമാണെന്ന് അവർ അഭിപ്രായപ്പെട്ടു. നാടകത്തിന്റെ കർമ്മം അല്ലെങ്കിൽ പ്രവൃത്തി രംഗങ്ങളെ പ്രകൃതിയുടെ പ്രതിച്ഛായയാക്കുകയാണെന്നു തീർച്ചയായാൽ ഈ അഭിപ്രായങ്ങളോട് എനിക്കും യോജിക്കാതെ നിവൃത്തിയില്ല. അങ്ങനെയാണ വേണ്ടതെന്നു ഉപദേശിക്കുന്ന ഗുണദോഷജ്ഞന്മാരോട് അല്ലെന്നു പറയുവാനും തരമില്ല. ലോകം ഭിന്നരുചിയാണല്ലോ. എന്നാലും കലാവിദ്യ ഒരു രാഷ്ട്രീയവർഗ്ഗത്തിന്റെ സംസ്കാരത്തെ പ്രതിഫലിപ്പിക്കുവാനുള്ള ഉപാധിയാകകൊണ്ട് ഈ അഭിപ്രായം നല്ലപോലെ പരിശോധിക്കേണ്ട ബാദ്ധ്യതയുണ്ട്.

"പ്രകൃതിസാദൃശ്യ"ത്തെ കലാവിദ്യകളുടെ ഒരു മുഖ്യധർമ്മമായി ഗണിച്ചിരുന്നതു പാശ്ചാത്യരുടെ ഇടയിലാണ്. അവരുടെ സംസ്കാരം അതിന് അനുകൂലവുമായിരുന്നു. എങ്കിലും അവരുടെ ഇടയിൽത്തന്നെ കലാനിർമ്മിതിയിൽ പ്രകൃതി മാതൃകയായിരിക്കണമെന്ന സിദ്ധാന്തം എപ്പോഴും എല്ലായിടത്തും സാധുവാണെന്നു വരുന്നതല്ല. ഭാരതീയരുടെ ഇടയിലാണെങ്കിൽ അങ്ങനെ ഒരാദർശമുണ്ടായിരുന്നുവെന്നതിനുപോലും ലക്ഷ്യങ്ങൾ അപൂർവ്വമാണ്. പ്രകൃതി മനുഷ്യസൃഷ്ടിയായ കലാവിദ്യയ്ക്ക് ഒരു സഹായമായല്ലാതെ ഒരു വിഘ്നമായോ അതിർത്തിയായോ നില്ക്കുവാൻ പാടില്ലെന്നാണ വിബുധന്മാരുടെ അഭിപ്രായം. നമ്മുടെ കാവ്യങ്ങളിലും നാടകങ്ങളിലും 'സ്വഭാവോക്തി' ഉൽകൃഷ്ടമായ ഒരലങ്കാരമായി ഗണിക്കപ്പെട്ടുന്നുണ്ടെന്നു തോന്നുന്നില്ല. കാളിദാസന്റെ പ്രസിദ്ധമായ "ദീപശിഖാ" പ്രയോഗത്തിൽ ഉപമാനോപമേയങ്ങൾ തമ്മിലുള്ള സംബന്ധത്തിൽനിന്നു ജനിക്കുന്ന രസം ഒരു ചിത്രംപോലെ പ്രത്യക്ഷമല്ല. ഒന്നിനു മറ്റേതിന്റെ "എന്തൊരു ഛായയാണ്" എന്നു പറയുവാൻ നിവൃത്തിയില്ല. മനോവികാരത്തെ ആസ്പദമാക്കിയിട്ടാണ് ഈ പ്രയോഗത്തിന്റെ രസം പ്രത്യക്ഷമാകുന്നതു്. ഈ മനോവികാരം പലക്കും പലമാതിരിയിലാകകൊണ്ടു സഹൃദയന്മാർക്ക് അവരുടെ സംസ്കാരത്തിന്റെ വൈഭവംപോലെ രസിയ്ക്കുകയും ചെയ്യാം. "കണ്ണു കണ്ടാൽ വെള്ളിക്കിണ്ണത്തിൽ ഞാറപ്പഴം ഇട്ടിരിക്കയാണെന്നു തോന്നും" എന്നു പറയുമ്പോൾ പ്രകൃതിക്കു വളരെ സാദൃശ്യമുണ്ടെങ്കിലും ചിന്തയ്ക്ക് അവകാശമില്ലല്ലോ. ഉപമാനവും ഉപമേയവും വേലികെട്ടിയ പറമ്പുപോലെ അതിർത്തിയിട്ടു ബന്ധിച്ചിരിക്കുന്നതുകൊണ്ടു സങ്കല്പത്താൻ ആസ്വദിക്കാവുന്ന രസം ഈദൃശങ്ങളായ പ്രയോഗങ്ങളിൽ ഇല്ലേ ഇല്ല. എന്നാൽ കലാവിദ്യകളിൽ ഉണ്ടാകുന്ന മുഖ്യരസങ്ങൾ മനസ്സിന്റെ സങ്കല്പശക്തിയിൽനിന്ന് ഉത്ഭവിക്കുന്നവയാണ്.

നമ്മുടെ ഐതിഹ്യങ്ങൾക്കും, പാരമ്പര്യത്തിനും, വർഗ്ഗീയസംസ്കാരത്തിനും, പഴമയ്ക്കും, വളരെ പരിചയമുള്ളതെന്നു പറവാൻ തരമി

ല്ലാത്ത "ബിംബപ്രതിബിംബ"പരമായ പ്രയോഗങ്ങളിൽ ഇത്ര ആസക്തി ജനങ്ങൾക്കു ജനിക്കുവാനുള്ള കാരണമെന്തായിരിക്കും. ശൈശവംമുതല്ക്കു നമ്മെ പരിചയിപ്പിക്കുന്ന സാഹിത്യത്തിലും, ക്ഷേത്രങ്ങളിലും മററും നാം കാണുന്ന ലളിതകലകളിലും, ഭക്തിവിഷയമായി നമ്മെ പഠിപ്പിക്കുന്ന കവിതകളിലും, പ്രകൃതിയുടെ പ്രതിഛായ എന്നു പറവാൻ തക്കവണ്ണമുള്ള പ്രയോഗങ്ങൾ എത്രയോ അപൂർവ്വമാകകൊണ്ടു് ഇങ്ങനെ ഒരാശയം നമുക്കു് അടുത്തകാലത്തുണ്ടായ സമ്പാദ്യമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല.

ഇതിനു മുഖ്യകാരണം പാശ്ചാത്യരാജ്യക്കാരുടെ സമ്പർക്കമാണു്. അവരുടെ ജീവിതത്തിൽ പ്രകൃതിയായിട്ടുള്ള മത്സരവും, ഇടപാടും സകല പ്രവൃത്തികളിലും മുമ്പോട്ടു തള്ളിനില്ക്കുന്നതുകൊണ്ടു്, അവർ പ്രകൃതിയുടെ സ്വോഭങ്ങൾക്കു വശഗന്മാരായിട്ടാണു വന്നിരിക്കുന്നതു്. ഈ മനോഗതി അവരുടെ കലകളിലും കാണാം. ഛായാപടങ്ങളോടു (Photography) കൂടിയ മാസികകളും, കടലാസുകളും നാടാസകലം പരന്നിരിക്കുന്ന ഈ കാലത്തു് ഉമിക്കരിപൊതിയുന്ന കടലാസിന്മേലും അങ്ങാടിസ്സാമാനം പൊതിയുന്ന കടലാസിന്മേലും, പ്രകൃതിയുടെ പ്രതിഛായയായിട്ടുള്ള പടങ്ങൾ സാധാരണയാകകൊണ്ടു, ലളിതകലകൾക്കു പ്രകൃതിസാദൃശ്യം ഒരു മുഖ്യധർമ്മമാണെന്നുള്ള ധാരണ അനായാസേന ജനങ്ങളുടെ ഉള്ളിൽ ഉദിച്ചിരിക്കുന്നു. അതും പോരെങ്കിൽ, ഇംഗ്ലീഷുപഠിച്ചു് അവരുടെ സാഹിത്യത്തിൽ പരിശ്രമിക്കുന്നവക്കു ലഭിക്കുന്ന മനോഗതിയും ഇപ്രകാരംതന്നെയാണു്. ഇംഗ്ലീഷുചിത്രങ്ങളും നാടകസമ്പ്രദായത്തിൽ അഭിനയിച്ചുകാണുന്ന "സിനിമാ" പടങ്ങളും, പ്രകൃതിയുടെ പ്രതിബിംബമെന്നു തോന്നുവാൻ തക്കനിലയിൽ സംയുക്തമായ പടങ്ങുകളോടുകൂടി പ്രദർശിപ്പിക്കുന്നതുകൊണ്ടു് ഈ ജാതിപ്രദർശനങ്ങളാണു കലാവിദ്യകളുടെ പരമകാഷ്ഠ എന്നൊരു ഭ്രാന്തി ജനങ്ങൾക്കു മിക്കവാറും സഹജമായിത്തീരുകയും ചെയ്യുന്നു. കലാവിദ്യാപ്രകടനങ്ങളിൽ രസമുണ്ടാകണമെങ്കിൽ അവശ്യപ്രകൃതിസാദൃശ്യം അത്യാവശ്യമാണെന്നുള്ള സിദ്ധാന്തം മേൽപറഞ്ഞ സംഗതികളെക്കൊണ്ടുണ്ടായതാണു്.

പ്രകൃതിയുടെ ബഹിർഭാഗത്തു പ്രത്യക്ഷമായും പുറംതേപ്പുമാതിരി കാണാവുന്നതുമായ സ്വോഭങ്ങളേയും ആകൃതികളേയും, പകക്കുകയാണു ഈ കലകളുടെ ഉദ്ദേശം എന്നുവെച്ചാൽ ആ ഉദ്ദേശം കലകൾക്കു ശ്രേയസ്കരമായി ഞാൻ വിചാരിക്കുന്നില്ല. സീമാതീതമായ കലാവിദ്യയെ അതിരിട്ടു ബന്ധിക്കുന്നതു സാഹസമായിരിക്കും. പ്രകൃതിയുടെ പുറമേ കാണുന്ന സ്വോഭങ്ങൾക്കു് ഒരതിർത്തിയുണ്ടു്. കലാവിദ്യകൾ പ്രപഞ്ചത്തിൽ അനന്തമായും അതിഗൂഢമായും പ്രായേണ അസ്പഷ്ടമായുമുള്ള

പരിവേഷങ്ങളെ ശാശ്വതീകരിക്കുവാനാണ് ഉദ്യമിക്കുന്നതു്. അതുകൊണ്ടാണു കലാവിദ്യാപ്രകടനങ്ങളിൽ ചിലതിനു് ഒരു കാലത്തും നാശമില്ലെന്നും, വേറെചിലതു് ഓരോരോ കാലത്തേയ്ക്കുമാത്രമേ സ്വീകാരയോഗ്യമായി വരികയുള്ളു എന്നും പറയുന്നതു്. ഭാരതീയരുടെ കലാവിദ്യകളുടെ ഉദ്ദേശം അവരുടെ അദ്ധ്യാത്മികമായ തത്വശാസ്ത്രങ്ങൾപോലെതന്നെ അനന്തമായ സ്തോഭങ്ങളെ തൃപ്തീകരിക്കുവാനാണെന്നു് അല്പം ആലോചിച്ചാൽ അറിയാം. ഈ ഉദ്ദേശം എത്രത്തോളം സാദ്ധ്യമായിട്ടുണ്ടെന്നു് ഇപ്പോൾ പറയുവാൻ തരമില്ല.

"പ്രകൃതിപ്രതിഛായത്വം" ഇത്രഗാഢമായി നിബ്ബന്ധിക്കുന്നവർക്കു ഗാനസമ്മിശ്രമായ നമ്മുടെ ചില നാടകങ്ങളിലും, കഥകളി മുതലായ അഭിനയകലകളിലും അഭിരുചി കുറയുവാനേ തരമുള്ളു. പക്ഷേ "ഹരിശ്ചന്ദ്രചരിതം" നാടകം അഭിനയിക്കുമ്പോൾ സംഗീതം അതിൽ വിതറിയിട്ടുണ്ടെങ്കിലും, ചില ഘട്ടങ്ങളിൽ, കാണികൾ ആബാലവൃദ്ധം കരയുന്നതു ഞാൻ കണ്ടിട്ടുണ്ടു്. യൂറോപ്പിൽ "പ്രകൃതിയുടെ പ്രതിഛായ" എന്നപോലെ തന്മയത്വമുള്ള നാടകങ്ങൾ കാണുവാൻ വന്നിരിക്കുന്ന കാണികൾ ഈ മാതിരി മനസ്സലിഞ്ഞു ലയിക്കുന്നതു ഞാൻ കണ്ടിട്ടില്ല. കരച്ചിൽ, വ്യസനം, ആർദ്രത മുതലായ മനോവ്യാപാരങ്ങൾ ഭാരതീയക്കു് അതിസാധാരണമാണെന്നാണോ ഇതിന്റെ അർത്ഥം?

കഥകളി പുരാതനകാലം മുതല്ക്കുതന്നെ കേരളീയരുടെ ഇടയിൽ വളരെ പ്രചാരമുള്ള ഒരരങ്ങായിട്ടാണു വന്നിരിക്കുന്നതു്. അടുത്തകാലത്തു ചില നൂതനപരിഷ്കാരികൾ ഈ നാട്യവിദ്യ അപരിഷ്കൃതമെന്നു ധരിക്കുന്നുണ്ടെങ്കിലും, ഇപ്പോൾ പാശ്ചാത്യന്മാർകൂടി ഈ അഭിനയവിദ്യയിൽ അസാധാരണമായ താല്പര്യം കാണിച്ചുതുടങ്ങിട്ടുള്ളതുകൊണ്ടു നൂതനപരിഷ്കാരികൾക്കു് എന്താണു വേണ്ടതു് എന്നു നിശ്ചയമില്ലാതെയായിത്തീർന്നിരിക്കുന്നു. ഇംഗ്ലീഷുനാടകങ്ങൾ കഥകളിയോടും ഇംഗ്ലീഷുചിത്രങ്ങളെ "നടരാജൻ" എന്നു പ്രസിദ്ധപ്പെട്ട ശിലാശില്പത്തിലയോടും, മലയാളിസ്ത്രീകളുടെ വസ്ത്രം പാവാടയോടും, പടക്കുതിരയെ സവാരിക്കുതിരയോടും, ഉപമിച്ചു വാദപ്രതിവാദങ്ങൾ തുടങ്ങുമ്പോൾ ഈ ജാതി അബദ്ധങ്ങൾ സാധാരണമാണു്. കഥകളിയെ "ഷേക്സ്പിയരുടെ ഹാംലെററ്" എന്ന നാടകത്തിന്റെ അഭിനയത്തോടു താരതമ്യപ്പെടുത്തി ഗുണദോഷവിവേചനം ചെയ്യുന്നതിൽ യാതൊരർത്ഥവുമില്ല കഥകളിയുടെ രസം കഥകളിക്കു്, ഹാംലെററിന്റെ രസം അതിനു്, ഇങ്ങിനെ വിവേചനത്തോടുകൂടി അറിയാൻ ത്രാണിയുള്ളവർക്കുമാത്രമേ ഓരോരോ കലാവിദ്യയുടെ രസികത്വം നിഷ്പക്ഷപാതമായി ആസ്വദിക്കുവാൻ സാധിക്കയുള്ളു.

കഥകളി ഒരു കലാവിദ്യയല്ലെന്നു പറയുന്നവരുടെ കലാഭിരുചിയെപ്പററി വളരെ ശങ്കിക്കണം. കഥ മിക്കവാറും പുരാണങ്ങളിൽ

നിന്നെടുത്തവയാകകൊണ്ടു നമുക്കു പരിചയമുള്ള ലോകത്തിന്റെ പ്രതിബിംബമല്ലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. കീചകനും ക്രമ്മീരനും നാം കഥകളിയിൽ കാണുന്നതുപോലെയുള്ള ഉടുപ്പും ധരിച്ചുകൊണ്ടാണു പണ്ടു സഞ്ചരിച്ചിരുന്നതു് എന്നു വിശ്വസിക്കുവാനും പ്രയാസം. അവർ ജീവിച്ചിരുന്നകാലത്തു സമകാലികന്മാരായ സ്ത്രീപുരുഷന്മാരുമായിട്ടു ലോകവ്യാപാരങ്ങൾ നടത്തിയിരുന്നതു ചോട്ടുവെച്ച് ആംഗ്യംകാണിച്ചു വായ തുറക്കാതെ ഒരു പ്രത്യേകസമ്പ്രദായത്തിലായിരുന്നുവെന്നും വിചാരിക്കുവാൻ തരമില്ല. ഇതെല്ലാം നോക്കുമ്പോൾ കഥകളി "അപ്രാകൃതിക"മാണെന്നു പറയാം. പക്ഷേ കഥകളിയിൽ ഉദ്ദേശിച്ചിരിക്കുന്ന രസികത്വം നാം വിചാരിക്കുന്ന മാതിരിയിലുള്ള "സ്വാഭാവികത്വം" തന്നെയാണെന്നു തീർച്ചപ്പെടുത്തിട്ടുണ്ടോ? ഈ ഉദ്ദേശത്തോടുകൂടി കഥകളിയിൽ ഇടക്കിടക്കു കൂട്ടിച്ചേർക്കുന്ന പുതുമോടികൾ വളരെ സുഖപ്രദമായിട്ടല്ല തോന്നുന്നതു്. കഥകളിയെ പരിഷ്കരിക്കുമ്പോൾ കഥകളിയല്ലാതെ ആയിത്തീരുവാനാണ് അധികം വഴി എന്ന് എനിക്കു തോന്നുന്നു.

സംഗീതത്തിൽ "സ്വാഭാവികം" എന്നുള്ള വിശേഷണം എങ്ങിനെയാണു സാധിക്കുന്നതു്? സംഗീതശകലങ്ങൾ പ്രകൃതിയിൽ പല വസ്തുക്കളും പുറപ്പെടുവിക്കുന്നതായിക്കാണാം. കുയിൽനാദം കണ്ഠത്തിനെ സംബന്ധിച്ചേടത്തോളം വളരെ വിശേഷമാണെങ്കിൽതന്നെ കുയിലിനെപ്പോലെ ഗായകന്മാർ പാടിത്തുടങ്ങിയാൽ കേൾക്കുവാൻ വളരെ ആളുകൾ ഉണ്ടാകുമെന്നു തോന്നുന്നില്ല. എന്നാൽ സംഗീതത്തിൽ ഭക്തി, വ്യസനം, ശൃംഗാരം, കോപം എന്നിങ്ങിനെ പല രസങ്ങൾ സ്ഥായിയായി സ്ഫുരിപ്പിക്കുവാൻ ചില പ്രത്യേകസ്വരങ്ങളും, സ്വരസമ്മിശ്രങ്ങളും ഉപയോഗിക്കയാണു ഭാഗവതന്മാർ ചെയ്യുന്നതു്. ഇവയുടെ സ്വാഭാവികത്വവും അസ്വാഭാവികത്വവും ആസ്പദമായി നില്ക്കുന്നതു പക്ഷികളുടെ പാട്ടും, ഇലകളുടെ ഇടയിൽ കാററടിക്കുമ്പോൾ ഉണ്ടാകുന്ന ശബ്ദവുമാണെന്ന് ഒരിക്കലും പറഞ്ഞുകൂട. വാസ്തവത്തിൽ ഏതു കലാവിദ്യക്കാണു പ്രകൃതിക്കനുരൂപമായ തന്മയത്വം ആവശ്യമുള്ളതു് എന്നു പറവാൻ പ്രയാസം.

എങ്കിലും സാധാരണമായി മനുഷ്യർക്കു തീരെ അപരിചിതമായ ഒരു പുതിയലോകം കലാവിദ്യകൾ നിർമ്മിക്കുവാൻ പുറപ്പെടുകയാണെങ്കിൽ അതു രസകരമായി വരുമെന്നു തോന്നുന്നില്ല. പത്തുതലയും ഇരുപതുകയ്യും ഉള്ള രാവണൻ അവയവസമൃദ്ധിക്കു പ്രസിദ്ധനാണെങ്കിലും ഒരു ചിത്രത്തിൽ ഈ സ്വരൂപം എഴുതിക്കാണുമ്പോൾ എല്ലാ ചിത്രകാരന്മാർക്കും രസിക്കുവാൻ സാധിച്ചില്ലെന്നു വരാം. നീലനിറത്തിൽ എഴുതിയുണ്ടാക്കുന്ന ശ്രീകൃഷ്ണനോടും എനിക്ക് അസാരം അസഹ്യതയില്ലെന്നു പറഞ്ഞുകൂട. പക്ഷേ നമുക്കു സിദ്ധിച്ചിട്ടുള്ള പരമ്പരാഗതസംസ്കാരം ഈ മാതിരിയുള്ള സ്വരൂപങ്ങളെ യാതൊരു സംശയവുംകൂടാതെ സ്വീകരിക്കാ

മെങ്കിൽ, കലാവിദ്യയെ സംബന്ധിച്ചേടത്തോളം അങ്ങനെ ചെയ്യുന്നതിനും വിരോധമുണ്ടെന്ന് എനിക്കു തോന്നുന്നില്ല.

കലാവിദ്യയുടെ ധമ്മം പ്രകൃതിയെ അതേമാതിരിതന്നെ പകത്തുകയാണെന്ന് എനിക്കു തോന്നുന്നില്ലാ. കല്യാവിദ്യയെന്നതു മനുഷ്യൻെറ ഉള്ളിൽ കിടക്കുന്ന വികാരങ്ങളെ മററുള്ളവക്കു മനസ്സിലാക്കുവാനും, കലാകാരന്മാക്കു പ്രപഞ്ചത്തെപ്പററിയുള്ള ബോധം മററുള്ളവരെ ധരിപ്പിക്കുവാനുമുള്ള ഒരു പുതിയ ഭാഷയായിട്ടു വിചാരിക്കണം. ഈ ഭാഷ ഓരോരുത്തരുടെ കയ്യിൽ ഓരോമാതിരിയായിട്ടാണു സ്പഷ്ടമാകുന്നതു്. ആംഗ്യം, സ്തോഭം, സംഗീതം, ചിത്രമെഴുത്തു്, ശില്പവേല, കവിത, ഇവയെല്ലാം അതാതു കലാകാരന്മാരുടെ പ്രത്യേകപ്രദശനരീതിയാണെന്നേ പറവാൻ തരമുള്ളു. ഒരു കലാവിദ്യയും നമ്മുടെ പരിചയത്തിൻെറ എല്ലാ ഭാഗങ്ങളും പ്രദശിപ്പിക്കുന്നില്ല. ചിത്രം സംസാരിക്കയില്ല. സംഗീതത്തിനു പ്രത്യക്ഷമായ ഒരാകൃതിയോ വണ്ണമോ ഇല്ല. കവിതയുടെ രൂപം സങ്കല്പമാണു്. ഇങ്ങിനെ നോക്കുമ്പോൾ ഓരോ കലാവിദ്യയ്ക്കുള്ള സ്വഭാവം അതിന്നു പ്രത്യേകമാണെന്നും, ആ സ്വഭാവം മാററിയാൽ നാട്ടുകാർ ചട്ടത്തൊപ്പി ഇടുന്നമാതിരി വികൃതമാകുമെന്നും തീച്ചയാണു്.

"പ്രകൃതിയെ അനുകരിക്കുക" എന്നു് സിദ്ധാന്തിക്കുകയാണെങ്കിൽ കലാവിദ്യകളുടെ മേൽഗതിക്കു് അതൊരു പ്രതിബന്ധമാകാനേ തരമുള്ളു. മിക്ക കലാവിദ്യകൾക്കും "അപ്രാകൃതികത്വം" എന്നുള്ള ന്യൂനത വളരെ പ്രത്യക്ഷമായി ശോഭിക്കാതിരിപ്പാൻ പ്രകൃതിയുടെ പ്രതിച്ഛായയല്ലാതാക്കുന്ന ചില കൌശലങ്ങൾ ഉപയോഗിക്കേണ്ടിവരും. ചിത്രമെഴുത്തിൽ ഇടുന്ന വണ്ണങ്ങളൊന്നും തന്നെ പ്രകൃതിയിൽ കാണുന്നതാണെന്നു പറഞ്ഞുകൂടാ. എന്നാൽ പലേതരം വണ്ണങ്ങൾ അടുത്തടുത്തിട്ടുമ്പോൾ ഉണ്ടാകുന്ന വണ്ണലയം, പ്രകൃതിസാദൃശ്യം എന്നൊരു ഭ്രമം ഉണ്ടാക്കുവാൻ ശക്തിയുള്ളതായിവരുന്നു.

ഈ മാതിരിയുള്ള സൂത്രപ്രയോഗങ്ങൾ സാമാന്യമായി എല്ലാ കലാവിദ്യകൾക്കും ഉണ്ടെന്നാണു് എനിക്കു് തോന്നുന്നതു്. പടംവിടത്തി നില്ക്കുന്ന ഒരു സപ്പത്തെക്കാണുമ്പൊളുണ്ടായ പരിഭ്രമം വണ്ണിക്കുവാൻ "ആ പടത്തിന്നു രണ്ടേമുക്കാൽ ഇംഗ്ലീഷംഗുലം വീതിയുണ്ടെന്നു്" പറഞ്ഞാൽ മതിയാകുമെന്നു തോന്നുന്നില്ല. വാസ്തവത്തിൽ അളന്നുനോക്കിയാൽ ഇതു ശരിയായിരിക്കാം. പക്ഷെ പാമ്പിനെക്കണ്ട ആൾക്കു തല്ക്കാലം മനസ്സിലുണ്ടായ വികാരം മറെറാരാളെ ധരിപ്പിക്കുവാൻ വേറെ ചില പ്രയോഗങ്ങൾ ആവശ്യമായിവരുന്നു. കലാവിദ്യയുടെ രീതിയും, പ്രകൃതിയിൽ കാണുന്നരീതിയുമായിട്ടുള്ള വ്യത്യാസം ഇതുതന്നെയാണു്.

ഏങ്കലെന്ന്യാസം.

[സി. അച്യുതക്കുറുപ്പ്.]

ഏറെയായ്ദ്ദിനമാരോ സൂക്ഷിപ്പാനായെൻ കയ്യിൽ
സാരമാമൊരുന്നിധി തന്നേല്പിച്ചിരിയ്ക്കുന്നു.
കാത്തുകൊള്ളണമിതു ഞാൻ തനിച്ചതിന്നുണ്ടു
ശാസ്ത്രങ്ങൾ ശാസിയ്ക്കുന്നു: രക്ഷ്യമാത്മാവാം ന്യാസം!'
കൈവിട്ടാൽപ്പാപം; സംരക്ഷിയ്ക്കാമെന്നാണെങ്കിലോ
കൈവളന്നിടും ക്ലേശം — ധൎമ്മസങ്കടം തന്നെ!
ഏങ്ങുവെച്ചിതു സൂക്ഷിച്ചീടും ഞാൻ? എവിടെത്താ-
നെങ്ങിനെ സൂക്ഷിച്ചാലുംതൃപ്തിയാവുന്നില്ലല്ലോ!
അത്രമേലുറപ്പും നൽച്ചന്തവുമുള്ളേടത്തു
ഭദ്രമായ്സ്സംരക്ഷിച്ചുപോരുന്നപോതും, ഹാ ഹാ
വല്ലാത്തൊരാപച്ഛങ്കയെന്മനസ്സിനെപ്പാരം
വല്ലായ്മപ്പെടുത്തുന്നുണ്ടെടുത്തു മാററം വരെ.
കാറെറാന്നു തരംതെററി വീശിയാൽ മതി,യേതോ
കാട്ടുകള്ളന്മാർ പാഞ്ഞുവരുന്നുണ്ടെന്നായ് ഭയം;
തടിത്തൊന്നെങ്ങാനും മിന്നിയാലുള്ളം പിടയ്ക്കയായ്
തലകൊയ്യുവാനാരോ വാളിളക്കുന്നുണ്ടെന്നായ്.
എന്തിനി, ബ്ഭുവനത്തിൽ ചലനമോരോന്നു മി-
ങ്ങെന്നോട്ടു കയത്തിതു കൈക്കലാക്കുവാനാമോ?

എന്നെപ്പോലേവം ന്യാസദ്രവ്യത്തെ രക്ഷിയ്ക്കുവാൻ
ഖിന്നരായോടുന്നുണ്ടാമോരോരുത്തരും നൂനം.
ഇച്ചിന്ത വാട്ടം തട്ടിയ്ക്കാത്തുള്ള വപുസ്സില്ല;
ഇച്ചിന്ത ചുളിചേക്കാത്തുള്ള നെററിയുമില്ല.
ന്യാസസംരക്ഷയ്ക്കിടം കിട്ടാഞ്ഞു, മനഃസ്വാസ്ഥ്യം
ലേശവുമില്ലാതൊരാളുഴന്നു വലയവേ,
വല്ലക്കൂരിരുൾക്കുണ്ടുമായ്വരാം കണ്ടെത്തുക;
തെല്ലിടയതിൽപ്പുക്കു വിശ്രമിച്ചിടാമെന്നാൽ
തന്നിയ്ക്കു മി:ത നില്ക്കും പ്രകാശനാളങ്ങൾ തൻ
കിനിഴം പൊട്ടിച്ചിരിയേററുകൊണ്ടിരിയ്ക്കണം!
വെളുപ്പുകറുപ്പുകൾക്കുച്ചനീചതപം നണ്ണു —
മിളയിലേതി,ന്നെങ്ങെമ്മട്ടു കണ്ടിടാ ഹാനി?

കുരുകിൽക്കളെരുതമന്ത്രത്തെജ്ജപിച്ചു കൊ-
ണ്ടിരുളിൻ ഗളരക്തം കൈക്കുടന്നയിലാക്കി
വെളിച്ചത്തിനെയാവാഹിയ്ക്കുവാൻ ധ്യാനം പൂണ്ടു
നിലകൊണ്ടിട്ടും വാനമല്ലി മന്നിനു കണി?

കാട്ടിലാകിലും, നാട്ടിലാകിലു,മാർക്കും തന്നേ
കാട്ടേണ്ടിവരുമെന്തെല്ലാമോ തന്മുറ ചെയ്യാൻ;
അവയിൽച്ചിലവയോ, ലോകനീതിയ്ക്കൊത്തിടാ-
ത്തവയായ്ത്തീരാ, മതു തടുക്കാനാവില്ലേതും.

സ്വത്തു് എന്തു്?

ധനശാസ്ത്രത്തിൽ പ്രാഥമികമായ ഒരബദ്ധധാരണ.

[ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്.]

ക്രമീകൃതമായ ഒരു ശാസ്ത്രമെന്ന നിലയ്ക്കു് അർത്ഥശാസ്ത്രം വളരുവാൻ തുടങ്ങിയിട്ടു് ഒന്നരനൂറാണ്ടു കഴിഞ്ഞു. അവ്യക്തമായ ചില ആശയങ്ങളെ, ശാസ്ത്രീയമായ യാതൊരു പരിശോധനയും ചെയ്യാതെ, അന്ധമായി ലോകം അംഗീകരിച്ചിരുന്ന കാലം എന്നോ കഴിഞ്ഞുപോയി. മറേറതൊരു ശാസ്ത്രത്തിനും പോലെ, ഇന്നു ധനശാസ്ത്രത്തിനും നിരീക്ഷകന്മാരും ചിന്തകന്മാരും ധാരാളമുണ്ടു്. പക്ഷേ, പ്രകൃതിക്കു പകരം മനുഷ്യനെ അന്വേഷണവിഷയമാക്കിയിരിക്കുന്ന ധനശാസ്ത്രം മനുഷ്യന്റെ ചില അബദ്ധധാരണകൾനിമിത്തം പലപ്പോഴും വഴിപിഴച്ചുപോകുന്നുണ്ടു്; ഉദ്ദേശസാദ്ധ്യത്തിന്നു് അപര്യാപ്തമാകുന്നുണ്ടു്. ഇങ്ങിനെയുള്ള അബദ്ധധാരണകളിൽ പ്രധാനവും പ്രാഥമികവുമായ ഒന്നിനെയാണു് ഈ ലേഖനത്തിൽ പരിശോധിക്കുവാൻ പോകുന്നതു്.

സ്വത്തു് അല്ലെങ്കിൽ ധനം എന്താണു്? തന്റെ നാനാവിധമായ ആവശ്യങ്ങളെ നിർവ്വഹിക്കുവാൻ മനുഷ്യനെ സഹായിക്കുന്നതെന്തോ, അതെല്ലാം എന്നു അർത്ഥശാസ്ത്രകാരന്മാർ നിസ്സന്ദേഹം പദവിപറയും. പക്ഷേ, നിർവ്വചനത്തിലുള്ള ഈ ശാസ്ത്രീയമനഃസ്ഥിതി ഇവിടുന്നങ്ങോട്ടു കടക്കുന്നുണ്ടോ എന്നു സംശയമാണു്. ധനത്തെസ്സംബന്ധിച്ച ഈ ബോധം അതിന്റെ ഉപയോഗത്തേയും വിനിമയത്തേയും ബാധിക്കുന്നില്ല. വലിയ വലിയ വാചകങ്ങളെക്കൊണ്ടും, സംകലിതപദങ്ങളെ

ക്കൊണ്ടും എത്രതന്നെ മൂടിവെച്ചാലും, പണം അല്ലെങ്കിൽ, നാണയം— അതുണ്ടാക്കുവാനുള്ള ലോഹം—തന്നെ സ്വത്ത് അല്ലെങ്കിൽ ധനം എന്ന അബദ്ധധാരണ ധനശാസ്ത്രസിദ്ധാന്തങ്ങളുടെ അടിയിൽ നമുക്കു കാണാവുന്നതാണ്. ഭൂമി സ്വത്തായി ഗണിക്കപ്പെട്ടുന്നുണ്ടെങ്കിൽ, അതിൽനിന്നു ധാന്യങ്ങളുളവാകുന്നുവെന്ന കാരണത്താലല്ല; അതു വിററാൽ പണം കിട്ടുമെന്നതിനാലാണ്. മാന്യമായ ചില വ്യത്യസ്തതകളൊഴിച്ച് എതാണ്ടെല്ലാ ധനശാസ്ത്രവിദഗ്ദ്ധന്മാരെയും അവരുടെ സിദ്ധാന്തങ്ങളേയും ഈ അബദ്ധധാരണ ബാധിച്ചിട്ടുണ്ടെന്നറിയുവാൻ വിഷമമില്ല.

വ്യാപാരബാക്കി എന്നൊരു സിദ്ധാന്തം ഇവർ മുറുകിപ്പിടിച്ചതായിക്കാണാം. ദേശീയൈശ്വര്യത്തിന്റെ ഒരു ബാഹ്യചിഹ്നമായി ഇതു ഗണിക്കപ്പെട്ടുന്നുമുണ്ട്. അതിനെ എതാണ്ടിങ്ങിനെ സംക്ഷേപിക്കാം. ഒരു രാജ്യത്തിന്നു മററു പല രാജ്യങ്ങളുമായി അന്യോന്യവ്യാപാരമുണ്ടാകും. അന്യരാജ്യങ്ങളിൽനിന്നെല്ലാംകൂടി കുറെ സാധനങ്ങൾ ഇറക്കുമതിചെയ്യും, അവിടങ്ങളിലേയ്ക്കെല്ലാംകൂടി കുറെ കയററുമതി ചെയ്യും. ചെയ്യുന്നതന്നെയാണ് ഈ വ്യാപാരബന്ധം. അതിൽ അങ്ങോട്ടയച്ച സാധനങ്ങളുടെയും ഇങ്ങോട്ടു വരുത്തിയ സാധനങ്ങളുടെയും വിലകൾ തമ്മിൽ ശരിയായി ഒക്കുകയെന്നതു അസംഭാവ്യമാണ്. എതെങ്കിലുമൊന്നു കുറച്ചു ജാസ്തിയായിരിക്കും. ഇങ്ങിനെ, അങ്ങോട്ടുമിങ്ങോട്ടുമുള്ളതു തട്ടിക്കിഴിച്ചുണ്ടാകുന്ന അവശിഷ്ടം ധനശാസ്ത്രകാരന്മാരുടെ ഭാഷയിൽ വ്യാപാരബാക്കി എന്നു വിളിക്കപ്പെട്ടുന്നു. ഇങ്ങോട്ടു വരുത്തിയ സാധനങ്ങളുടെ വില അങ്ങോട്ടയച്ചതിന്റേതിനേക്കാൾ ജാസ്തിയായാൽ, വ്യാപാരബാക്കി സംഖ്യയായി നിർണ്ണയിക്കേണ്ടിവരുമല്ലോ. ഇങ്ങിനെ വന്നാൽ, വ്യാപാരബാക്കി രാജ്യത്തിന്ന് "പ്രതികൂല"മായി. കാരണം, അത്രയും സ്വർണ്ണം അല്ലെങ്കിൽ വെള്ളി നാട്ടിൽനിന്നു പുറത്തുപോയി. നേരെമറിച്ച്, അങ്ങോട്ടയച്ചതു് അധികമായാൽ, വ്യാപാരബാക്കി നാട്ടിന്നു "അനുകൂല"മാണ്. കാരണം, സ്വർണ്ണം ഇങ്ങോട്ടുവരും.

സൂക്ഷ്മമായി ചിന്തിച്ചാൽ, ഇതൊരബദ്ധധാരണയാണെന്നു സ്പഷ്ടമാകും. നാടിന്റെ ഐശ്വര്യം ആശ്രയിച്ചിരിക്കുന്നതു കയററുമതിയോ ഇറക്കുമതിയോ ജാസ്തിയെന്നതിനെയല്ല; നാട്ടുകാൎക്കാവശ്യമുള്ള സാധനങ്ങൾതന്നെയൊ ഇങ്ങോട്ടുവരുന്നതു്, അതു വേണ്ടേടത്തോളം വരുന്നുണ്ടോ; ഉള്ളതു വേണ്ടതുപോലെ ഉപയോഗിക്കത്തക്കവണ്ണം അഭ്യന്തരവ്യാപാരത്തിന്റെ സ്ഥിതി ശരിയായിരിക്കുന്നുണ്ടോ, ഇവിടെ ഉണ്ടാകുന്ന സാധനങ്ങൾ ഇവിടുത്തെ ഉപയോഗത്തിന്നുള്ളതുകഴിച്ചു മാത്രമല്ലേ അയയ്ക്കുന്നുള്ളു, ബാക്കി കയററി അയയ്ക്കാൻ സൌകര്യം വരുന്നുണ്ടോ, അവയ്ക്കു ന്യായമായ വില കിട്ടുന്നുണ്ടൊ, എന്നു തുടങ്ങിയ പ്രശ്നങ്ങളെയാണ്. ഇവ

ക്കു തൃപ്തികരമായ സമാധാനം പറവാൻ സാധിക്കുന്നുണ്ടെങ്കിൽ, ഇറക്കുമതി ജാസ്തിയായാലും, വ്യാപാരബാക്കി "പ്രതികൂല"മായാലും, നാടിന്റെ സ്ഥിതി തൃപ്തികരമാണ്. ഇല്ലെങ്കിൽ, വ്യാപാരബാക്കിയുടെ "ആനുകൂല്യം" നാട്ടുകാൎക്കു രക്ഷ നൽകുന്നില്ല. ഉദാഹരണത്തിന്നു ഇൻഡ്യയേയും ഇംഗ്ലൻഡിനേയും എടുക്കാം. വളരെക്കാലമായി ഇൻഡ്യയുടെ വ്യാപാരബാക്കി എന്നും അനുകൂലമായേ ഇരുന്നിട്ടുള്ളു; ഇംഗ്ലൻഡിന്റേതു പ്രതികൂലവും. എന്നാൽ, സാമ്പത്തികമായ യാഥാൎത്ഥ്യമെന്താണ്? ഇൻഡ്യ ഏററവും ദരിദ്രമായ ഒരു രാജ്യം; ബഹുഭൂരിപക്ഷത്തിന്റെ ദൃഷ്ടിയിൽ ഐശ്വൎയ്യസമ്പൂൎണ്ണമല്ലെങ്കിലും, ഇൻഡ്യയെ അപേക്ഷിച്ച് ഇംഗ്ലൻഡ് ധനികംതന്നെയാണ്.

ഇതിന്നു ധനശാസ്ത്രകാരന്മാർ ഒരു സമാധാനം പറയും. ഇംഗ്ലൻഡിൽ ഇറക്കുമതി ചെയ്യുന്നതു ഭക്ഷണസാധനങ്ങളും വ്യവസായങ്ങൾക്കാവശ്യമുള്ള അസംസ്കൃതസാധനങ്ങളുമാണ്; കയററി അയയ്ക്കുന്നതു ഇംഗ്ലീഷുവ്യവസായത്തിന്റെ ഫലമായ സംസ്കൃതസാധനങ്ങളും. അതിനാൽ, അവിടത്തെ വ്യാപാരനില വ്യവസായവൎദ്ധനത്തിന്നും, തദ്വാരാ സാമ്പത്തികപുരോഗതിക്കും സഹായകമാണ്. ഇൻഡ്യയിലെ സ്ഥിതി നേരെമറിച്ച്. അതിനാൽ, അസംസ്കൃതസാധനങ്ങളുടെ ഇറക്കുമതിക്കു്, സംസ്കൃതസാധനങ്ങളുടെ കയററുമതിക്കു പ്രേരകമാകത്തവണ്ണം വ്യാപാരബാക്കി അനുകൂലമായാലേ നാട്ടിലെ ഐശ്വൎയ്യം സുരക്ഷിതമാകൂ.

പക്ഷേ, ഇതും ശരിയല്ലെന്നു കാണാവുന്നതാണ്. ഗോതമ്പ് ഇന്ത്യയുടെ ആവശ്യത്തിന്നു വേണ്ടേടത്തോളം ഇന്ത്യയിലുണ്ട്. എന്നാൽ, ഭക്ഷണസാധനം—അസംസ്കൃതസാധനം—ആണെന്നുവെച്ച് അതിന്റെ അനിയന്ത്രിതമായ ഇറക്കുമതിയെ പ്രോത്സാഹിപ്പിക്കുന്നതു തെററായിരിക്കും. അതുപോലെതന്നെ, ഒരു സംസ്കൃതസാധനമായ പഞ്ചസാര ഇന്നു ഇന്ത്യയുടെ ഉപയോഗത്തിന്നാവശ്യമുള്ളിടത്തോളം ഉണ്ടാക്കിത്തുടങ്ങിയിട്ടില്ല. ആ സ്ഥിതിക്കു്, അതിന്റെ കയററുമതിയെ പ്രോത്സാഹിപ്പിക്കുന്നതു് ശരിയാകയില്ലെന്നാണ് പറയേണ്ടതു്.

ചുരുക്കിപ്പറകയാണെങ്കിൽ, വ്യാപാരപരമായ സാമ്പത്തികസിദ്ധാന്തം വ്യാപാരബാക്കിയുമല്ല; സംസ്കൃതാസംസ്കൃതസാധനങ്ങളുടെ വ്യത്യാസവുമല്ല; നാട്ടുകാൎക്കാവശ്യമുള്ള സാധനങ്ങൾ—അതു സംസ്കൃതമായാലും, അസംസ്കൃതമായാലും—വേണ്ടേടത്തോളം വരുത്തുകയും ആവശ്യമില്ലാത്തതു ആവശ്യമുള്ളവൎക്കു എത്തിച്ചുകൊടുക്കുകയുമാണ്. പക്ഷേ, ഇതല്ല ഇന്നു ധനശാസ്ത്രജ്ഞന്മാരും രാജ്യതന്ത്രജ്ഞന്മാരും അനുസ

രിക്കുന്ന നയം. സാമ്രാജ്യനയവും ചുങ്കവ്യവസ്ഥകളുമെല്ലാം ഈ പ്രാഥമികതത്വത്തെ അവഗണിക്കുന്നു. നാട്ടിൽ നാണ്യം ധാരാളമുണ്ടായാൽ, നാട്ടുകാർക്കു സമൃദ്ധിയായെന്ന അബദ്ധധാരണയെ അംഗീകരിക്കുന്നു. സ്വർണ്ണവും വെള്ളിയും എന്റെ നാട്ടിൽ കൂമ്പാരം കൂട്ടണം, അതല്ല എന്റെനാട്ടിൽ, എന്നു ദേശീയധനശാസ്ത്രവിദഗ്ദ്ധന്മാർ പരസ്പരം മത്സരിക്കുന്നു; പണംകൊണ്ടു് എന്റെ ഇരിമ്പുപെട്ടി നിറയണം, അതല്ല എന്റെ, എന്നു വ്യാപാരികളും പണക്കാരും പോർനടത്തുന്നു. ഫലം പ്രസിദ്ധമാണു്. നാണ്യവ്യവസ്ഥയ്ക്കെല്ലാം അടിസ്ഥാനമായ സ്വർണ്ണം അമേരിക്കയിലും ഫ്രാൻസിലുമായി കുന്നുകൂടി; മററുരാജ്യങ്ങളിലെ നാണയങ്ങൾ അവ്യവസ്ഥിതമായി ഭൂഷിച്ചുവന്നു; അമേരിക്കയുടെയും ഫ്രാൻസിന്റെയും വ്യാപാരത്തിന്നു ഗണ്യമായ കോട്ടം തട്ടി. തൊട്ടതെല്ലാം സ്വർണ്ണമാവാൻ വരം വാങ്ങിച്ച മൈഡാസ് രാജാവിന്റെ കഥ ആവർത്തിച്ചാവർത്തിച്ചു പറയുന്നതല്ലാതെ, അതിന്റെ തത്വം—സ്വർണ്ണമല്ല, ഉപയോഗപ്രദമായ മററു സാധനങ്ങളാണാവശ്യമെന്ന തത്വം—ധനശാസ്ത്രജ്ഞന്മാർ ഇനിയും ഗ്രഹിച്ചുകഴിഞ്ഞിട്ടില്ല.

ഈ ഒരബദ്ധധാരണ സാമ്പത്തികജീവിതത്തിന്റെ എല്ലാ വശങ്ങളേയും ആശ്രയിച്ചിരിക്കുന്നു. നാണയനയം, സാമ്രാജ്യശക്തി, രാഷ്ട്രീയഗുണങ്ങൾ, ചുങ്കവ്യവസ്ഥകൾ, വ്യവസായപോഷണം ഇവയിലെല്ലാം ധനശാസ്ത്രപരമായ ഈ പ്രാഥമികാബദ്ധം ദർശനീയമാണു്. നാണയങ്ങളുടെ ജനനം മുതൽ, ഇതേവരെ അതു ക്രമപ്രവൃദ്ധമായിക്കൊണ്ടാണു വന്നതു്. ഇതേവരെയുണ്ടായ ക്ഷാമങ്ങളുടെയെല്ലാം—സാധനങ്ങളുടെ ക്ഷാമമായാലും വേണ്ടതില്ല, നാണയത്തിന്റെ ക്ഷാമമായാലും വേണ്ടതില്ല—യഥാർത്ഥകാരണം ഈ അബദ്ധധാരണയാണു്. റസ്കിൻ മുതലായി ദീർഘദർശികളായ ചിന്തകന്മാർ ഈ നാണയപക്ഷപാതത്തോടു ചെയ്തു പ്രബലമായ പ്രതിഷേധം ഫലപ്രദമാകായ്കയാലാണു സാമ്പത്തികവിഷമതകൾ ലോകത്തെ ആകെ ബാധിച്ചുകൊണ്ടിരിക്കുന്നതു്. സർവ്വത്ര ക്ഷാമം ബാധിച്ച ഇക്കാലത്തു റഷ്യ താരതമ്യേന ഐശ്വര്യസമ്പൂർണ്ണമായി വർത്തിക്കുന്നതു് ഈ അബദ്ധധാരണയെ സധൈര്യം വലിച്ചെറിഞ്ഞു്, ഉപയോഗപ്രദമായ സാധനങ്ങളുടെ ബുദ്ധിപൂർവ്വമായ നിർമ്മാണവിനിമയങ്ങൾ തുടങ്ങിയതുകൊണ്ടാണു്.